# ഗദ്യപ്രദീപം

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

# GADHYA PRADHIEPAM

FOR

THE USE OF THE HIGH SCHOOL CLASSES.

THE MALAYALAM IMPROVEMENT COMMITTEE
2? NOV. 1920
COCHIN GOVERNMENT.

# ഗദ്യപ്രദീപം.

ഹൈസ്കൂൾകളിലെ ഉപയോഗത്തിനായി

തൃശ്ശിവപേരൂർ ഗറൾസ്സ് ഹൈസ്കൂളിൽ മലയാളം പണ്ഡിതർ

തോരണത്തു പരമേശ്വരമേനോൻ

ഉണ്ടാക്കിയത്.

വാണീകളേബരം അച്ചുക്കൂടം

തൃശ്ശിവപേരൂർ.

1095

(ഗ്രന്ഥകൎത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിൎമ്മിതമാകുന്നു.)

കോപ്പി ൧൦൦

Price 1 Rupee]    [വില ഒരു ഉറുപ്പിക.

# GADHYA PRADEEPAM.

FOR

THE USE OF THE HIGH SCHOOL CLASSES.

---

# ഗദ്യപ്രദീപം.

---

ഹൈസ്കൂൾകളിലെ ഉപയോഗത്തിന്നായി

തൃശ്ശിവപേരൂർ ഗാൾസ്സ് ഹൈസ്കൂളിൽ മലയാളം പണ്ഡിതർ

തോരണത്തു പരമേശ്വരമേനോൻ

ഉണ്ടാക്കിയത്.

---

വാണീകളേബരം അച്ചുക്കൂടം
തൃശ്ശിവപേരൂർ.

1095

(ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു)

കോപ്പി ൫൦൦

Price 1 Rupee] [വില ഒരു ഉറുപ്പിക.

# INTRODUCTION

It is a well known fact, that though in Malayalam prose works in the from of short stories and novels are now and then being published, yet such works as are capable of infusing good morals in the minds of young students, and of broadening their out look and mentality are comparatively rare. This was the only motive that prompted the auther to publish this work.

Most of the subjects herein dealt with have already appeared as his contributions to some of the leading monthlies such as 'Mangalodayam,' 'Kerala Kesari,' 'Kerala Vyasan,' 'Saradha' and others. In the present work they have been carefully collected and re-touched with the necessary additions of apt and illustrative quotations and verses based on the authority of Sastras, Furanas, and Ithihasas and published in the form of a book so as to make them highly useful for the use of the student population. The book is given the title of 'Gadyapradipa' and in the approbation of the enlightened and kind-hearted public the author finds his greatest reward.

The scarcity of such books has perforce led to the selection of the same book as text-book for a number of years much to the disgust of the teachers and the taught. One way of improving the position is to publish suitable prose works in Malayalam. Viewed from the stand-point, it is hoped that a publication of books of this kind will not be deemed a day too soon.

I am concious of the defects of the book and I sincerely trust and hope that the reading public will give it a trial and patiently see if it serves the purpose for which it is intended.

In conclusion the author begs to express his sense of gratitude to Messrs. V. K. Atchutha Menon, B. A. L. T. Head Master of the Sirkar Training School, Trichur and P. A. Stephen, B. A., Head Master of the C. M. S. High School, Trichur for their kind and highly valuable suggestions and to Mr. K. P. Karuppan Sanskrit Pandit, V. J. G. High School, Trichur for the preface he has been kind enough to write for the book.

THE AUTHOR.

# അവതാരിക

രാജശ്രീ തോരണത്തു പരമേശ്വരമേനോൻ അവർകൾ, സാഹിത്യപന്ഥാവിൽ സഞ്ചരിക്കുന്ന സഹൃദയസമുദായത്തിന്ന് അപരിചിതനായ ഒരാളല്ല. ലളിതമലയാളത്തിൽ കാലോചിതങ്ങളും കാര്യ്യോചിതങ്ങളുമായ ഗദ്യപദ്യഭൂഷണങ്ങളെക്കൊണ്ടു ഭാഷായോഷയ്ക്കു് ആഹാര്യ്യശോഭയുണ്ടാക്കുന്ന ചുരുക്കം ചില സാഹിത്യവിദ്വാന്മാരുടെ പംക്തിയിൽ ഒരു വ്യാഴവട്ടക്കാലത്തിന്നു മുമ്പേതന്നെ സ്ഥലം പിടിച്ചിട്ടുള്ള ഒരാളാണ് ഇദ്ദേഹം.

ബ്രഹ്മചര്യ്യകാലത്തിൽ പകുതിയും ഇംഗ്ലീഷുകലാശാലയിൽ കഴിച്ചുകൂട്ടിയതിന്റെ ഫലമായിട്ട് ഇദ്ദേഹത്തിന്നു ഹൌണിവാണി വിളിപ്പുറത്തായി. എന്നാൽ ഇതിന്നു മുമ്പുകൂട്ടിത്തന്നെ ഇദ്ദേഹം ഹൌണിയെ സാപത്ന്യദുഃഖം അനുഭവിപ്പിച്ചിരുന്നു. അതു ഭാരതമാതാവിന്റെ വാത്സല്യപുത്രിയായ ഗൈർവ്വാണിയെക്കൊണ്ടായിരുന്നു. ഒരു മലയാള ബ്രഹ്മചാരിയുടെ ഹൌണീഗൈർവ്വാണികളോടുള്ള ദാമ്പത്യബന്ധം കണ്ടുകൊണ്ടിരിക്കുവാനുള്ള ക്ഷമ കൈരളിക്കു പലപ്പോഴും വിട്ടുപോകുമാറുണ്ട്. മിസ്റ്റർ പരമേശ്വരമേനവനോടും കൈരളി ഈ അക്ഷമ കാണിക്കാതിരുന്നിട്ടില്ല. ഇതിൽ അവൾക്കു തെറ്റില്ല. "കവിതാവനിതാ ചൈവ സ്വയമേവാഗതാ വരാ", എന്ന പ്രസ്താവംകൊണ്ട് ഏതോ ഒരു പ്രാചീനസാഹിത്യസാർവ്വഭൗമൻ ഭാഷായോഷയ്ക്കു സ്വയംവരം അനുവദിച്ചു കൊടുത്തിട്ടുമുണ്ടല്ലൊ.

ക്രമേണ നമ്മുടെ ഗ്രന്ഥകാരൻ ഭാഷാവനിതയുടെ ലളിതങ്ങളായ പദവിന്യാസങ്ങൾക്കും സാരസ്യഭാവങ്ങൾക്കും വശംവദനായിത്തീരുകയും സരസകവിപീഠങ്ങളിൽ ഒന്നു തനിക്ക് അധീനമാകുകയും ചെയ്തു.

ഇദ്ദേഹത്തിൻെറ സാഹിത്യസംരംഭം സ്ഥാനപര്യവസായിയായിത്തീൎന്നിട്ടുണ്ടെന്നുള്ളതിനു മലയാളത്തിലെ പല പ്രസിദ്ധ മാസികാഗ്രന്ഥങ്ങളും തദീയങ്ങളായ ലേഖനഭൂഷണങ്ങളാൽ അലംകൃതങ്ങളായിരുന്നിട്ടുള്ളതിലധികം തെളിവ് ഇവിടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഇങ്ങിനെ നല്ലൊരു ഭാഷാകോവിദനായിത്തീൎന്ന മിസ്റ്റർ പരമേശ്വരമേനോൻ ചുമതലകൾ ഏറിയതാണെങ്കിലും സമാധാനകരവും, ശമ്പളം ചുരുങ്ങിയതാണെങ്കിലും തൃപ്തികരവുമായ അദ്ധ്യാപകവൃത്തിയെയാണ് സുഖജീവികയ്ക്കുവേണ്ടി ആശ്രയിച്ചത്.

പഠിക്കുന്ന വിഷയത്തിൽ അദ്ധ്യേതാക്കൾക്ക് ഉണ്ടാകുന്ന സുഖബോധവും പരീക്ഷകളിൽ നിരന്തരമായി ലഭിക്കുന്ന വിജയങ്ങളും നല്ല അദ്ധ്യാപനരീതിയുടെ രണ്ടു മാനദണ്ഡങ്ങളാണെല്ലോ. ഈ വിഷയത്തിൽ മിസ്റ്റർ പരമേശ്വരമേനവനെപ്പോലെ അത്ര കൃതാൎത്ഥതാസാൎത്ഥവാഹനായ ഒരു അദ്ധ്യാപകൻ നമ്മുടെ ഇടയിൽ ഉണ്ടോ എന്ന് അന്വേഷിച്ചുതന്നെ അറിയേണ്ടതാണ്. എൻെറ ഈ നിവേദനം പരമേശ്വരസേവാസമ്പാദനത്തിന്നുള്ള ഒരു സ്തുതികുസുമാഞ്ജലിയാണെന്നു സങ്കല്പിച്ചു ഭാവഭേദം നടിക്കുന്നവരുണ്ടെങ്കിൽ അവരോടു തൃശ്ശിവപേരൂർ ബാലികാമഹാപാഠശാലയിലെ മലയാളപരീക്ഷാഫലപത്രികകൾ വരുത്തി വായിക്കേണമെന്നു ഞാൻ ഓൎപ്പിച്ചുകൊള്ളട്ടെ.

ഇതുകൊണ്ടു മിസ്റ്റർ പരമേശ്വരമേനവനേക്കാൾ പാണ്ഡിത്യശാലികൾ ഈ ദേശങ്ങളിലില്ലെന്നു ഞാൻ പറഞ്ഞിട്ടില്ല. ഇദ്ദേഹത്തേക്കാൾ പാണ്ഡിത്യശാലികളായ വളരെ ആളുകളെ ഞാൻ അറിയും. എന്നാൽ ഇതിൽനിന്നു നമുക്കു മനസ്സിലാക്കേണ്ടതു പാണ്ഡിത്യവും അദ്ധ്യാപനനൈപുണ്യവും എത്രമാത്രം വിദൂരവൎത്തികളായ രണ്ടു ഗുണങ്ങളാണെന്നു മാത്രമാക

ന്നു. "കിടാങ്ങളായോക്കുമറയ്ക്കുബോധമേകിടാൻ മിടുക്കുള്ളമനീഷി—" എന്നു മഹാകവി കേരളവ്യാസൻ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇദ്ദേഹത്തെപ്പററി അഭിപ്രായപ്പെട്ടിട്ടുള്ളത് ഈ ഘട്ടത്തിൽ സ്മരണീയമാകുന്നു.

ഇപ്രകാരം അഭ്യാസം, ബോധം, അദ്ധ്യാപനനൈപുണ്യം മുതലായ ഗുണഗണങ്ങളാൽ പരിശോഭിതനായ ഈ അദ്ധ്യാപകൻെറ 'ഗദ്യപ്രദീപം' സാഹിത്യലോകത്തിൽ പ്രകാശിപ്പിക്കുവാൻ ലബ്ധാവകാശനായ ഞാൻ എൻെറ കൃത്യത്തെ അഭിമാനപുരസ്സരം നിർവ്വഹിച്ചുകൊള്ളുന്നു.

'ഗദ്യപ്രദീപത്തിലെ' വിഷയങ്ങൾ ഓരോന്നും വിജ്ഞേയങ്ങളാണെന്നുള്ളതിന്നു രണ്ടു പക്ഷമുണ്ടാകുവാൻ തരമില്ല. പ്രതിപാദനാരീതികൊണ്ടു പാഠങ്ങൾ ലളിതങ്ങളും ക്രമീകരണംകൊണ്ടു സുഗമങ്ങളും ആയിരിക്കുന്നുണ്ട്. എല്ലാ പാഠങ്ങളുടേയും തുടക്കം പ്രകൃതാനുപ്രസക്തങ്ങളായ ഓരോ പദ്യങ്ങളോടുകൂടിയാക്കിട്ടുള്ളതും ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന പാഠപുസ്തകങ്ങളെ അപേക്ഷിച്ച് ഒരു വിശേഷവിധിയാണ്. ഇതുകൂടാതെ ഈ പുസ്തകത്തിൽ വ്യാകരണസംബന്ധമായും മററും പല ചില്ലറ സൂത്രങ്ങളും പ്രയോഗിച്ചിട്ടുമുണ്ട്.

ഇതിലെ മിക്ക പാഠങ്ങളും സന്മാൎഗ്ഗബോധകങ്ങളാകയാൽ വിദ്യാൎത്ഥികളുടെ സ്വഭാവസംസ്കരണത്തിന്ന് ഇത് ഒരു പ്രദീപമായിത്തന്നെ ഭവിക്കാതിരിക്കയില്ല. ഇതിൻെറ പരിശീലനംകൊണ്ടു സദാചാരം, സാഹിത്യം മുതലായ സർവ്വതോമുഖങ്ങളായ ജ്ഞാനപരമ്പരകൾ വിദ്യാൎത്ഥികൾക്കു സാമാന്യമായെങ്കിലും ലഭിക്കത്തക്കവിധത്തിൽ ഗ്രന്ഥകൎത്താവ് ഇതിൽ ശ്രദ്ധ പതിച്ചിട്ടുണ്ടെന്ന് ഓരോ പാഠങ്ങളും തെളിയിക്കാതിരിക്കയില്ല.

എന്നാൽ വിദ്യാൎത്ഥികൾക്കു ദുൎഗ്രഹങ്ങളും ഗ്രാമ്യങ്ങളുമായ പ്രയോഗങ്ങളെ ഈ പുസ്തകം വൎജ്ജിച്ചിട്ടുമുണ്ട്. അപൂൎവ്വം ചില വാചകങ്ങൾക്കു ക്രമാതീതമായ ദൈൎഘ്യം വന്നുപോയി, കൃത്രിമശോഭാധിക്യം ചിലേടങ്ങളിൽ കുറയും എന്നിങ്ങിനെ രുചിഭേദത്തെ അനുസരിച്ചു ചില അഭിപ്രായഭേദങ്ങൾ ഉണ്ടായേക്കാമെങ്കിലും, ഈ പാഠപുസ്തകം ഭൂരിഗുണമായിട്ടുള്ളതാണെന്ന് അനസൂയന്മാരായ മഹാജനങ്ങൾ ആരുംതന്നെ സ

മ്മതിക്കാതിരിക്കയില്ലെന്നാണ് എന്റെ വിനയപൂർവ്വമായ അഭിപ്രായവും വിശ്വാസവും. മിസ്റ്റർ മേനവന്റെ പഴക്കവും തഴക്കവുമുള്ള കൈക്ക ഖണ്ഡവാക്യരചനയും ആഹാര്യശോഭാസമ്പാദനവും ദുഷ്കരങ്ങളായിരിക്കയില്ലെന്ന് അസ്മാദൃശന്മാക്ക് അദ്ദേഹവുമായുള്ള സാമാനാധികരണ്യംകൊണ്ട് അനുഭവമായിട്ടുള്ളതാണ്. എന്നാൽ ഭാഷാവിഷയത്തിൽ ഈ പുസ്തകത്തിന്റെ അധികാരികളുടെ നില അദ്ദേഹത്തിന്റെ സ്വാതന്ത്ര്യത്തിന്ന് അത്യന്തി കുറച്ചിട്ടുണ്ടായിരിക്കണം. "തെങ്ങിനും കവുങ്ങിനും ഒരു തളപ്പല്ലല്ലൊ."

അധികാരികളെ അറിഞ്ഞു വിദ്യാപ്രദാനം ചെയ്യുന്നതിലാണ് അദ്ധ്യാപകന്മാരുടെ മിടുക്ക്. "ഇണയറിഞ്ഞുപുല്ലും, മരമറിഞ്ഞുകൊടിയും," ഇടുന്നതുകൊണ്ടു വിശേഷാൽ പ്രയോജനമുണ്ടെന്നുള്ളത് അനുഭവസിദ്ധമാകുന്നു. ഈ തത്വം മനസ്സിലാക്കിക്കൊണ്ടു തുടങ്ങുന്ന സാഹിത്യസംരംഭം അസ്ഥാനത്തിലാകുവാൽ വിഷമമുണ്ട്.

വിശിഷ്യ, ആധികാരികജ്ഞാനവും തദനുസരണമായ രചനാസൌഷ്ഠവവുമാണ് ഇദ്ദേഹത്തിന്റെ 'ആചാരബോധിനി'യെ കൊച്ചിയിലെ പ്രാഥമികവിദ്യാലയങ്ങളിൽ പാഠപുസ്തകമാക്കിയിരിക്കുന്നത് എന്ന സംഗതി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ നയങ്ങളെ വീക്ഷിച്ചുകൊണ്ടുതന്നെ എഴുതിയിട്ടുള്ള ഈ 'ഗദ്യപ്രദീപ'ത്തിനും 'ആചാരബോധിനി'യുടെ ആ യോഗം വരേണ്ടതല്ലേ?

മാദ്യദ്വീപത്തിനെതിരാമവിവേകമോരോ-
ന്നദ്യനിശാകലുഷമാക്കിയഹ്വൽക്കളത്തിൽ
സദ്യഃപ്രകാശകരമായ്വിലസീടുമോമൽ-
'ഗദ്യപ്രദീപ'മതുലംവിജയിച്ചിടട്ടേ.

സംസ്കൃതപണ്ഡിതർ കെ. പി. കറുപ്പൻ.

# വിഷയവിവരം


| | | |
|---|---|---|
| ൧ | ഗുരുഭക്തി ... ... ... | ൧ |
| ൨ | പരോപകാരം ... ... | ൮ |
| ൩ | വരരുചി ... ... ... | ൧൩ |
| ൪ | സജ്ജനസഭ ... ... ... | ൧൮ |
| ൫ | കൃത്യനിഷ്ഠ ... ... ... | ൨൨ |
| ൬ | ഭൂമി ... ... ... ... | ൨൭ |
| ൭ | വ്യായാമം ... ... ... | ൩൦ |
| ൮ | ദുര്യോധനൻ ... ... ... | ൩൭ |
| ൯ | ജലം ... ... ... ... | ൪൩ |
| ൧൦ | സ്വധർമ്മതല്പരത ... ... | ൪൭ |
| ൧൧ | ക്ഷാന്തി ... ... ... | ൫൦ |
| ൧൨ | ആത്മസംയമനം ... ... | ൫൪ |
| ൧൩ | കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ | ൫൯ |
| ൧൪ | മന്ത്രവാദം ... ... ... | ൬൭ |
| ൧൫ | സമന്മാരോടുള്ള കൃത്യങ്ങൾ ... | ൭൪ |
| ൧൬ | അതിഥിപൂജ ... ... ... | ൭൯ |
| ൧൭ | രാജാവും പ്രജകളും ... ... | ൮൩ |
| ൧൮ | വ്യവസായം ... ... | ൮൬ |
| ൧൯ | മാതൃഭൂമിസ്നേഹം ... ... | ൯൦ |
| ൨൦ | മനുഷ്യജന്മോദ്ദേശ്യം ... ... | ൯൩ |

# ഗദ്യപ്രദീപം.

## അദ്ധ്യായം ൧.

### ഗുരുഭക്തി.

- MAY 1943

"പരതന്ത്രതശിഷ്യനെപ്പൊഴും
ഗുരുവിൻതാരടിയിൽഭവിക്കണം
'വരതന്തു'മഹർഷിപോലെയേ-
വരുമേന്തുംഗുരുഭക്തരീപ്സിതം."

"ഗുശബ്ദസ്ത്വന്ധകാരസ്യാ 'ദ്രു' ശബ്ദസ്തന്നിവൎത്തകഃ", എന്നുള്ള പ്രമാണപ്രകാരം 'ഗു' ശബ്ദം അന്ധകാരത്തിന്റേയും, 'രു' തൽപ്രതിബന്ധകത്തിന്റേയും വാചകങ്ങളാകുന്നു. അതുകൊണ്ടു 'ഗുരു' ശബ്ദത്തിന് അന്ധകാരത്തെ പരിഹരിക്കുന്ന മഹാത്മാവ് എന്നൎത്ഥമാകുന്നു. യാതൊരുത്തന് അപരനിൽ ഉണ്ടാകുന്ന ഭയവിനയവിശ്വാസബഹുമാനാദരങ്ങളോടു കൂടിയ ഹൃദയംഗമമായ സൌഹാൎദ്ദത്തിനാണ് ഭക്തിയെന്നു പറയപ്പെടുന്നത്. ഒരദ്ധ്യേതാവിന് അവന്റെ അദ്ധ്യാപകനിൽ ഉണ്ടാകുന്ന ഭക്തിയാണല്ലൊ ഗുരുഭക്തി.

മനുഷ്യർ കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കുന്നതും മനസ്സുമൂലമായിട്ടാകുന്നു. മനസ്സ ശരീരത്തിൽ സ്ഥിതിചെയ്യുന്നു. എന്നാൽ അതു ശരീരത്തേക്കാൾ പ്രധാനമായിട്ടുള്ളതും ആത്മാവ് അതിന് ആസ്പദവുമാകുന്നു. നമ്മുടെ ശരീരപോഷണത്തിന്നുവേണ്ടുന്ന ഭക്ഷണദ്രവ്യങ്ങളും മററും നല്കി

ബാല്യദശയിൽ നമ്മളെ സംരക്ഷിക്കുന്നതു നമ്മുടെ ജനകജനനിമാരും, ദേഹിയുടെ പോഷണത്തിന്ന് ആവശ്യമുള്ള വിദ്യയെ സകരുണം തന്നു നമുക്കു മേൽഗതിക്കുള്ള സന്മാൎഗ്ഗങ്ങളെ പ്രദശിപ്പിച്ചുതരുന്നതു ഗുരുനാഥന്മാരുമാണല്ലൊ. അജ്ഞാനതിമിരത്താൽ അന്ധരായ വിദ്യാൎത്ഥികളുടെ ഹൃദയമാകുന്ന ഭവനത്തിന്നുള്ളിൽ സുജ്ഞാനമായ വാടാവിളക്കു കൊളുത്തിവെക്കുവാൻവേണ്ടി ആ മഹാന്മാർ അനുഭവിക്കുന്ന കായക്ലേശത്തിന്നും മനഃക്ലേശത്തിന്നും അറുതിയില്ല. ഈ വന്ദ്യന്മാൎക്ക് എന്തുതന്നെ കൊടുത്താലാണ് മതിയാകുന്നത്. "അജ്ഞാനതിമിരാന്ധസ്യജ്ഞാനാഞ്ജനശലാകയാ । ചക്ഷുരുന്മീലിതംയേനതസ്മൈശ്രീഗുരവേനമഃ॥" എന്നുള്ളതിനാൽ എല്ലാവരും അവരുടെ ഗുരുനാഥന്മാരെ അനവരതം സ്മരിക്കേണ്ടതാകുന്നു. മനസ്സിന്റെ ഗ്രഹണശക്തിയെ പ്രവൎദ്ധിപ്പിക്കുന്ന വിദ്യയുടെ ദാതാവാകുന്നു ഗുരുവൎയ്യൻ.

'ഗുരു' എന്ന പദത്തിന്ന് 'വലിയത്' എന്നും അൎത്ഥമുണ്ട്. ആ സ്ഥിതിക്കു വിദ്യയെ നൽകുന്ന ആൾ മഹാനാണെന്നും, അദ്ദേഹത്തിന്നു പൂൎവ്വികന്മാർ 'ഗുരു' എന്നു നാമകരണം ചെയ്തിട്ടുള്ളത് എത്രയും യുക്തമാണെന്നും സമ്മതിക്കാതെ കഴികയില്ല.

വിദ്യാധനം പ്രിയാപ്രിയംകൂടാതെ നാനാമതസ്ഥന്മാരായ സ്ത്രീപുരുഷന്മാരിലും "ആടിക്കൊണ്ടുകൂടിയാൽ കൂടിക്കൊള്ളും ദൈവം" എന്നു പറഞ്ഞപോലെ ചെന്നുചേരുന്നുണ്ട്. സകലരും വിദ്യാധനമുള്ളവരെ ബഹുമാനിക്കും. മഹീശനെ സ്വരാജ്യക്കാർ മാത്രമേ പൂജിക്കുന്നുള്ളു.

൧. "മാതേവരക്ഷതിപിതേവഹിതേനിയുങ്ക്തേ
കാന്തേവചാഭിരമയത്യപനീയഖേദം

കീൎത്തിഞ്ചദിക്ഷുവിതനോതിതനോതിലക്ഷ്മീ
കിംകിംനസാധയതികല്പലതേവവിദ്യാ.

൨. നചോരചൌൎയ്യംനൃപതേന്നഹാൎയ്യം
നഭ്രാതൃഭാഗംനകരോതിഭാരം
വ്യയേകൃതേവൎദ്ധതയേവനിത്യം
വിദ്യാധനംസൎവ്വധനാൽപ്രധാനം."— ഇങ്ങിനെയാണ ല്ലൊ വിദ്യാധനത്തെപ്പററി കോവിദന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. എങ്ങിനെ നോക്കുന്നതായാലും വിദ്യ നിഖിലയോഗ്യതയ്ക്കും പൂജ്യതയ്ക്കും അൎഹതയേകുന്ന ഒന്നാകകൊണ്ട് അതിനെ സന്തോഷപൂൎവ്വം നൽകുന്ന ആ ദേഹം എത്ര ധന്യനും ഭാഗ്യപയോധിയുമായിരിക്കണം. "നഗുരോരധികം നഗുരോരധികം" എന്നല്ലേ മാഹദ്വചനം.

ആത്മജ്ഞാനോപദേശികൻ, ലൌകികജ്ഞാനോപദേഷ്ടാവ് എന്നിങ്ങിനെ ഗുരുനാഥന്മാർ രണ്ടുതരക്കാരായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇതിൽ ഒന്നാമത്തെ കൂട്ടരേയും അവരുടെ ശിഷ്യസ്ഥാനം വഹിപ്പാൻ ആകാംക്ഷിക്കുന്നവരേയും ഇക്കാലങ്ങളിൽ സുദുല്ലഭമായിട്ടേ കാണുന്നുള്ളു. ഇതിന്റെ ആന്തരമായ കാരണം എതുമതസ്ഥന്മാൎക്കും അവരുടെ മതങ്ങളിലും തദ്സംബന്ധമായ പൂൎവ്വാചാരങ്ങളിലും അശ്രദ്ധയും, അവിശ്വാസവും, അസന്തുഷ്ടിയും, അതൃപ്തിയും, നവീനനാഗരികതാഭ്രമവുമാകുന്നു. പുരാതനകാലത്തു ഹിന്തുക്കളുടെ ഇടയിൽ മേല്പറഞ്ഞ രണ്ടുതരം ഉപദേഷ്ടാക്കന്മാരും ശിഷ്യരെ നിജഗൃഹങ്ങളിൽ താമസിപ്പിച്ചുംകൊണ്ടായിരുന്നു പഠിപ്പിച്ചിരുന്നത്. പണ്ടു ബ്രഹ്മചൎയ്യകാലത്ത് അദ്ധ്യേതാക്കന്മാർ അവരുടെ അദ്ധ്യാപകന്മാരെ പരിചരിച്ചും സംശ്രയിച്ചും വിദ്യ അഭ്യസിച്ചുകൊണ്ടു നിരന്തരം ആ മഹാന്മാരുടെ സാന്നിദ്ധ്യത്തെ അവലംബിച്ചു വസിച്ചുവന്നു. ഇതിന്നാണ് 'ഗുരുകുലനിവാസം' എന്നു പറ

ഞ്ഞുവരുന്നത്. ഇതിനെ ഉദ്ദേശിച്ചായിരിക്കണം ഇപ്പോഴ
ത്തെ ചില ആംഗ്ലേയഭാഷാപള്ളിക്കൂടങ്ങളിൽ ഉപാദ്ധ്യായന്മാ
രുടെ മേൽനോട്ടത്തിൽ വിദ്യാൎത്ഥികൾക്കു പാഠശാലകളുടെ
സമീപത്തിൽതന്നെ താമസിക്കുവാനും ഭക്ഷണത്തിന്നും മററും
സൌകൎയ്യമായ സ്ഥലങ്ങളും ഉപകരണങ്ങളും ഏൎപ്പെടുത്തി ന
ടത്തിവരുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കുട്ടികൾ അ
ശ്രാന്തം ആചാൎയ്യസന്നിധിയിൽ വസിക്കുന്നതിനാൽ അവൎക്ക്
അദ്ദേഹത്തിന്റെ സ്വഭാവവ്യാപാരാദികളെക്കണ്ട് അനു
കരിപ്പാൻ പരിശീലിക്കാം. പരിചയം എല്ലാ പ്രവൃത്തികളു
ടേയും സൽഫലങ്ങളുടെ ബീജമാണല്ലൊ. "സംസൎഗ്ഗജാദോ
ഷഗുണാഭവന്തി" എന്നല്ലേ പ്രമാണം. പ്രാചീനകാലത്തു ഗു
രുനാഥന്മാർ എവിടേക്കു പോകുന്നതായിരുന്നാലും ശിഷ്യഗണ
ങ്ങളെ കൂടെ കൊണ്ടുനടക്കുക പതിവായിരുന്നു. ഇതിന്റെ
പ്രധാനോദ്ദേശ്യം ശിഷ്യർ തങ്ങളുടെ വഴിയേ നടക്കാൻ പഠി
ക്കേണമെന്നും, അതാത് അവസരങ്ങളിൽ അത് അവരെ പഠി
പ്പിക്കേണമെന്നും, അപ്പപ്പോൾ കാണ്മാനും കേൾപ്പാനും സം
ഗതിവരുന്ന പദാൎത്ഥങ്ങളുടേയും വചസ്സുകളുടേയും ഗുണാഗു
ണങ്ങളെ വിവേചിച്ച് അവൎക്ക് ഉപദേശിച്ചുകൊടുക്കേണമെ
ന്നുമായിരിക്കണം. ഇതിന്നുപകരമാണിപ്പോൾ അദ്ധ്യാപക
ന്മാർ എടയ്ക്കിടയ്ക്കു വിദ്യാൎത്ഥികളുടെ ഭവനങ്ങളിൽ പോയി അ
വരുടെ രക്ഷകൎത്താക്കന്മാരോടു കുട്ടികളുടെ പഠിപ്പ്, നടപ്പ്,
സ്വഭാവം മുതലായവയെ ചോദിച്ചറിഞ്ഞു യഥോചിതങ്ങളാ
യ ഉപദേശങ്ങളെ ചെയ്യേണമെന്നും, ചിലപ്പോഴൊക്കെ കുട്ടി
കളെ അദ്ധ്യാപകന്മാർ കൂടെകൊണ്ടുപോയി വല്ല വിശേഷ
കാഴ്ചകളെ കാണിച്ചുകൊടുത്ത് അവയെപ്പററിയുള്ള വിശേ
ഷജ്ഞാനത്തെ അവൎക്ക് ഉപദേശിച്ചുകൊടുക്കണമെന്നും വി
ദ്യാഭ്യാസാധികൃതന്മാർ നിൎബ്ബന്ധിച്ചു നടത്തിപ്പിക്കുന്നതെന്നു വി

ചാരിക്കേണ്ടിയിരിക്കുന്നു. ഈവക്ലശങ്ങളായ ഓരോ സംഗതികളാൽ നമ്മുടെ പൂൎവ്വികന്മാരുടെ ആചാരങ്ങളിലും വിചാരങ്ങളിലും കാമ്പുണ്ടെന്നും, അതിനാൽ അവരെ തിരസ്കരിച്ചു നടക്കുന്നത് അനൎത്ഥമായി പരിണമിക്കുമെന്നും ഗ്രഹിക്കേണ്ടതാണ്.

മനുഷ്യരുടെ ബാല്യം ചഞ്ചലാസ്പദമാകയാൽ തദ്ദശയിൽ അവരുടെ ക്ഷേമത്തിന്ന് ആവശ്യമുള്ള കൎമ്മങ്ങളിന്നതാണെന്ന് അവൎക്കറിയുകയില്ല. തന്നിമിത്തം അധൎമ്മാചരണം, കുതൎക്കം, തന്ദ്രി, അനാദരം, അശ്രദ്ധ, കലഹം മുതലായ ദുൎഗ്ഗുണങ്ങൾ അക്കാലത്ത് അവരുടെ മനസ്സിൽ കുടികൊണ്ടു പല ദുഷ്കൎമ്മങ്ങളെ ചെയ്യാൻ പ്രേരിപ്പിക്കുന്നു. ആ വക ദുഷ്യങ്ങളെ പരിഹരിച്ചു സദ്ബോധമുണ്ടാകുവാൻ വേണ്ടി ഗുരുനാഥന്മാർ അവരെ പല അവസരങ്ങളിലും ശിക്ഷിച്ചിട്ടുള്ളതും ശാസിച്ചിട്ടുള്ളതും അക്കാലത്ത് അവൎക്കു തീരെ രസിക്കാതിരുന്നിരിക്കണം. അവരുടെ ആ ശിക്ഷയുടേയും മറ്റുമുള്ള ഗുണം മുതിരുമ്പോഴാണ് അവൎക്കറിയാനിടവരുന്നതും. അപ്പോൾ ബാല്യദശയിലെ മൂഢപ്രവൃത്തികളേയും ദുഷ്ടവിചാരങ്ങളേയും കുറിച്ച് ആലോചിച്ചു പരിതപിപ്പാൻ ആ വിദ്യാൎത്ഥികൾക്കു സംഗതി വരുന്നു.

വിദ്യാഭ്യാസംമൂലമാണ് മനുഷ്യൎക്കു കാൎയ്യകാരണജ്ഞാനമുണ്ടാകുന്നത്. മനുഷ്യരുടെ ഭാവിശ്രേയസ്സിന്നും ജന്മസാഫല്യത്തിന്നും വഴി കാണിച്ചുകൊടുക്കുന്നതും ഇതുതന്നെയാകുന്നു. അതിനാൽ വിദ്യയെ അഭ്യസിപ്പിക്കുന്ന ആ മഹാന്റെ പാദാരവിന്ദങ്ങളെ സകലരും സദാ ഭക്തിയുക്തം സ്മരിക്കണം. ആചാൎയ്യന്മാരുടെ നിദേശങ്ങളെ വിദ്യാൎത്ഥികൾ ലംഘിക്കരുത്. എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ വികല്പബുദ്ധിയുമുണ്ടാകരുത്. അനുസരണം, പഠിപ്പിൽ ഉത്സാഹം, ദുരാചാരങ്ങളിൽ വൈമുഖ്യത, സൌശീല്യം മുതലായ ഗുണങ്ങ

ളോടുകൂടിയ കുട്ടികളോടു ഗുരുനാഥന്മാക്ക് നിസ്സീമമായ പ്രീതിയുണ്ടാകും. ഗുരുകാരുണ്യം ഇല്ലാത്തവക്ക് ഗുരുത്വമെന്ന മൂന്നക്ഷരം ഉണ്ടാകയില്ല. അതില്ലെങ്കിൽ ഘടഗർദ്ദീപംപോലെ ഭവിക്കുന്നതാണ്. "ഗുരുപ്രസാദേനസമസ്തവിദ്യാ" എന്നാണ് ശാസ്ത്രോക്തം. ഗുരുത്വം ഗുരുത്വമേറിയ ഒന്നാണ്. അതില്ലാത്തവരുടെ യാതൊരു പ്രവൃത്തികളിലും കരുത്തുണ്ടാകയില്ല. ഗുരുമാഹാത്മ്യത്തെ അനന്തനും വർണ്ണിച്ചാൽ അവസാനിക്കുന്നതല്ല. "ശിവേരുഷ്ടേഗുരുസ്ത്രാതാ ഗുരോരുഷ്ടേനകശ്ചന" എന്നുള്ളത് ഇവിടെ സ്മരണീയമാകുന്നു. അതിനാൽ ഇഹപരങ്ങൾക്കു പ്രത്യേകം ആവശ്യമായവയിൽവെച്ച് അത്യുത്തമമായ ആത്മസംസ്കരണശക്തിയും, ദമനശീലവും മററും ഗുരുനാഥന്മാർ ശിഷ്യക്ക് സമ്പാദിപ്പാൻ സന്മാർഗ്ഗദർശികളായിരിക്കുന്നതിനാൽ ആ മഹാന്മാരെ ശിഷ്യർ സർവ്വാത്മനാ വിശ്വസിച്ചും സ്നേഹിച്ചും ആദരിക്കേണ്ടതാകുന്നു.

ഇനി നവീനവിദ്യാർത്ഥികൾക്ക് അവരുടെ അദ്ധ്യാപകന്മാരുടെ പേരിൽ ഭയഭക്തിയും, ഗുരുനാഥന്മാക്ക് ശിഷ്യരിൽ വിശ്വാസവും പ്രതിപത്തിയും കുറഞ്ഞുകാണുന്നതിൻെറ കാരണമെന്താണെന്ന് ആലോചിക്കുക— പ്രാചീനകാലങ്ങളിലെപ്പോലെ ഇപ്പോൾ കുട്ടികൾ ഒരു ഗുരുനാഥൻെറ കീഴിൽ മാത്രമായിട്ടല്ല വിദ്യ അഭ്യസിക്കുന്നത്. ഇതുകൊണ്ട് അദ്ധ്യാപകാദ്ധ്യേതാക്കന്മാക്ക് പരസ്പരം സ്നേഹമോ വിശ്വാസമോ ഉണ്ടാകാൻ വഴിയില്ല. ഇപ്പോൾ വേതനത്തെ കാംക്ഷിച്ചുമാത്രം ഗുരുനാഥന്മാരും, പാസ്സിന്ന് ഇച്ഛിച്ചു കുട്ടികളും പഠിപ്പിക്കുന്നതും പഠിക്കുന്നതുംകൊണ്ടാണ് ശിഷ്യക്ക് ആചാര്യന്മാരിൽ ബഹുമാനാദികളും അദ്ധ്യാപകന്മാക്ക് ശിഷ്യരിൽ സ്നേഹവാത്സല്യങ്ങളും ഉണ്ടാകാതിരിക്കുന്നത്. പൂർവ്വികകാലത്തു ഗുരുനാഥന്മാർ ശിഷ്യരെ നിജസന്താനങ്ങളെപ്പോലെ കരുതിവന്നിരുന്നു

തിനാലായിരിക്കണം ശിഷ്യക്ക് അവരിൽ അതിരററ ഭക്തി യുണ്ടായിരുന്നത്. ചിരകാലസഹവാസത്താലും സ്നേഹാധിക്യത്താലും ഉൽഭൂതമാകുന്ന ഭക്തിക്കു ഭംഗം വരുന്നതല്ല. ഇംഗ്ലണ്ടിൽ ഇപ്പോഴും 'ഇംഗ്ലീഷു പബ്ലിക്കുപാഠശാലകളിൽ പഠിക്കുന്ന കുട്ടികൾ അവരുടെ ആചാര്യന്മാരുടെകൂടെയാണല്ലൊ താമസിച്ചു പഠിച്ചുവരുന്നത്. അതുമൂലം ആ പള്ളിക്കൂടത്തിൽ പഠിച്ചു വിജയികളായി വരുന്ന വിദ്യാർത്ഥികൾക്കു ഗുരുഭക്തി അധികമുള്ളതായി കാണപ്പെടുന്നു. എന്നാൽ അവിടെയുള്ള ഇതരപാഠശാലകളിലെ വിദ്യാർത്ഥികളുടേയും ഉപദേഷ്ടാക്കന്മാരുടേയും സ്ഥിതി ശോച്യം തന്നെ. കുട്ടികൾ ഗുരുനാഥന്മാരുടെ കൂടെയിരുന്നു പഠിക്കുന്ന സമ്പ്രദായം ഇംഗ്ലണ്ടിൽ പുതുതായി നടന്നുവരുന്നതല്ല.

ഹൈന്ദവവിദ്യാർത്ഥികൾക്ക് ഇപ്പോൾ സിദ്ധിച്ചുവരുന്ന വിദ്യാഭ്യാസത്താൽ ചിത്തശുദ്ധിയോ ദൈവീകചിന്തയോ മതവിശ്വാസമോ സ്വാചാരനിഷ്ഠയോ വേണ്ടതുപോലെയുണ്ടാകുന്നില്ല. അതിൻെറ കാരണം വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷയിലുള്ള സൽഗ്രന്ഥപരിശീലനക്കുറവു മുതലായവയാകുന്നു. കുട്ടികളുടെ മാനസികവികാസത്തിന്നും സംസ്കാരാദികൾക്കും ആവശ്യമുള്ള ഗ്രന്ഥങ്ങളെ പഠിപ്പിക്കുവാൻ തരം വരുന്ന ഗുരുനാഥന്മാരിൽ അവൎക്കു ഭക്തിസ്നേഹബഹുമാനാദികൾ ഉണ്ടാകാതിരിക്കയില്ല.

ശിഷ്യരുടെ നന്മതിന്മകൾക്കു പാത്രമാകുന്നതു ഗുരുനാഥൻ ആകുന്നു. ഇതിനെപ്പററി—

"അതിത്ഥ്യബന്ധുനതിലംഘ്യമിത്രാ-
ണ്യാചാൎയ്യമാഗച്ഛതിശിഷ്യദോഷഃ
ബാലംഹ്യപത്യംഗുരവേപ്രദാതു-
നൈവാപരാധോസ്തിപിതുൎന്നമാതുഃ"— എന്നാ

ണല്ലോ ഭാസമഹാകവി അഭിപ്രായപ്പെട്ടിരിക്കുന്നത്. അതു കൊണ്ടു ശിഷ്യരുടെ ഗുണോൽക്കർഷങ്ങൾക്കായി അതുലപരിശ്രമം ചെയ്തു കഷ്ടപ്പെടുന്ന ഗുരുനാഥന്മാൎക്ക് അപരാധദക്ഷിണ കൊടുക്കാതെ സദാ ശിഷ്യർ അവരെ ഹൃദയംഗമമായി സ്മരിക്കേണ്ടതാകുന്നു. എന്നാൽ ആ മഹാത്മാക്കളുടെ കരുണാമൃതതീൎത്ഥത്തിൽ എന്നും നീരാടുവാനും, അതുമൂലം ബാഹ്യാഭ്യന്തരങ്ങളിൽ ഉള്ള മാലിന്യം ശൂന്യമായി ഇഹപരങ്ങളിൽ അനശ്വരസുഖം അനുഭവിപ്പാനും വിദ്യാൎത്ഥികൾക്കു സംഗതി വരുന്നതുമാകുന്നു.

# അദ്ധ്യായം ൨.

## പരോപകാരം.

"സന്ദേഹംവേണ്ടപരന്നുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരുഫലമിഹപ്രാണിനാംക്ഷോണിതന്നിൽ"

'ഉപകാരം' എന്ന പദം 'ചെയ്യുക' എന്നൎത്ഥമായ 'കൃ' ധാതുവിൽനിന്നുത്ഭവിച്ചിട്ടുള്ളതാകുന്നു. 'ഉപ' എന്ന ഉപസൎഗ്ഗപദം തനിയേ നില്ക്കുമ്പോൾ അതിനു വിശേഷമായൊരൎത്ഥം ജനിക്കുന്നില്ലെങ്കിലും, അതു 'കൃ' ധാതുവിനോടുചേൎന്നു നില്ക്കുമ്പോൾ അതിനു 'പ്രതിഫലേച്ഛകൂടാതെ അന്യനു സഹായിക്കുക' എന്നൎത്ഥം വരുന്നു. ദാനാവസരത്തിൽ ദേശകാലാദികൾ നോക്കുന്നതുപോലെ ഉപകാരകരണത്തിലും അധികാരികളെ നോക്കേണ്ടതാകുന്നു. എന്നുവെച്ചാൽ, കാരണാന്തരങ്ങളാൽ അവശന്മാരായവർ ഉപകാൎയ്യന്മാരാകുന്നുവെന്നറിയേണ്ടതാണ്. പ്രതിഫലാകാംക്ഷയോടുകൂടാതെ ത്രിവിധകരണങ്ങൾ

ക്കും അനുരൂപമായവിധത്തിൽ ചെയ്യുന്ന ഉപകാരവിധാനമാകുന്നു എത്രയും ശ്രേഷ്ഠമായിട്ടുള്ളത്.

"പരോപകാരാൎത്ഥമിദം ശരീരം", എന്നുള്ളതിനാൽ മനുഷ്യരുടെ സകല പ്രവൃത്തികളും അന്യോപകാരപ്രദങ്ങളായിരിക്കണം. കരുണാകുലന്മാരുടെ മാനസഭൂമിയിലല്ലാതെ പരോപകാരഫലദ്രുമമങ്കുരിക്കുന്നതുമല്ല. ഈശ്വരനു നമ്മളോട് അപാരമായ കനിവുണ്ടെന്നും നമ്മുടെ സദ്പ്രവൃത്തികളിലും ദുഷ്പ്രവൃത്തികളിലും അദ്ദേഹത്തിന്നു രക്തിയും വിരക്തിയും ഒരുപോലെ ജനിക്കുമെന്നും നമ്മുടെ ചിന്തയ്ക്കു കിനാവിലുംകൂടി വിഷയീഭവിക്കാത്ത ചില ആകസ്മികസംഭവങ്ങളിൽനിന്നു പ്രത്യക്ഷപ്പെടുന്നതിനാലും, നിഖിലജീവിജാലങ്ങളും ദൈവസൃഷ്ടങ്ങളാകകൊണ്ടും, അദ്ദേഹത്തിൻെറ സജീവസൃഷ്ടികൾക്കെല്ലാം സന്തോഷസന്താപസുഖാസുഖാവശ്യങ്ങളൊന്നുപോലെ സംഭവിക്കാവുന്നമൂലവും നമ്മളെല്ലാവരും പരസ്പരോപകാരികളും അന്യോന്യാപേക്ഷയുള്ളവരുമായിരിക്കേണമെന്നാണ് ദൈവവിധിയെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

സാരനും നിസ്സാരനും പരോപകൃതി യഥോചിതം ചെയ്വാൻ കഴിയുന്നതും അവർ ശക്തിക്കുതക്കവണ്ണം അതു ചെയ്യേണ്ടതുമാകുന്നു. ഒരുവൻ ചെയ്ത സോപകാരകൎമ്മത്തെ അഭിനന്ദിച്ചും വിസ്മരിക്കാതെയും പ്രതിക്രിയ ചെയ്യുന്നതിന്നാണല്ലൊ പ്രത്യുപകാരമെന്നു പറയപ്പെടുന്നത്. ഇതും ഈ രണ്ടുകൂട്ടൎക്കും ചെയ്വാൻ ശക്യവും ആവശ്യകവുമാകുന്നു. ഉപകാരത്തിൻേറയും പ്രത്യുപകൃതിയുടേയും മൂല്യനിൎണ്ണയം ചെയ്യുക അസാദ്ധ്യമാണ്. സംഭവസന്ദൎഭങ്ങളുടെ താരതമ്യത്തിനനുസരിച്ചേ അവയുടെ വിലയെ അനുമാനിപ്പാൻ തരമുള്ളു. തൃഷ്ണയാൽ തൊണ്ട വരണ്ടു തളൎന്നുവരുന്നവനു തദവസരത്തിൽ പത്തു ഉറുപ്പികയൊ നല്ല മധുരതരഫലാഹാരങ്ങളൊ കൊടുത്താൽ അതു സന്ദൎഭോചിതോ

പകാരമാകുന്നതല്ല. ദാഹശമനത്തിന്നു ജലംതന്നെ നല്കിയേ മതിയാവൂ. ഇതുപോലെ എല്ലാവിഷയങ്ങളിലും ഉപകാരത്തിൻെറ വിലയും ആവശ്യവും ഫലപ്രാപ്തിയും പര്യാലോചിച്ചു പ്രവൃത്തിക്കേണ്ടതാണ്. നിസ്സാരന്മാരെന്നു ഗണിക്കുന്നവരെക്കൊണ്ടും സാരന്മാക്ക് ഉപകാരമുണ്ടാവും. ഒരു രാജാവിന്നുതന്നെയാകട്ടെ, നടക്കുവാൻ വയ്യെങ്കിൽ വണ്ടിമുതലായ വാഹനങ്ങൾ കിട്ടുവാൻ സൌകൎയ്യമില്ലാത്ത ദിക്കിൽ പര്യങ്കമോ മഞ്ചലോ വഹിക്കുന്നതിന്നു നിസ്സാരനല്ലേ ആവശ്യമായി വരുന്നത്. വേതനം വാഹകന്മാൎക്കും സുഖം രാജാവിന്നും പരസ്പരോപകാരങ്ങളാകുന്നു. ഇതുകൊണ്ട് ഉപകാരം ഇന്നാവരിൽനിന്ന് ഇന്നാവൎക്കേ സിദ്ധിയ്ക്കൂവെന്നു ദൃഢീകരിപ്പാൻ കഴിയുന്നതല്ലെന്നു വരുന്നുണ്ടല്ലൊ.

പണ്ടുള്ള ബുദ്ധിശാലികൾ തീവണ്ടി, കമ്പിത്തപ്പാൽ, നെയ്ത്തുയന്ത്രം, അച്ചടിയന്ത്രം മുതലായവയെ അപരിമിതാധ്യാനംകൊണ്ടും അശ്രാന്തപരിശ്രമത്താലും കണ്ടുപിടിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഇന്നു നമുക്ക് അവയെക്കൊണ്ടുള്ള ഉപയോഗം എങ്ങിനെ സാധിക്കും? പൌരാണികർ സൽഗ്രന്ഥനിൎമ്മാണം ചെയ്യാതെ സ്വാൎത്ഥപ്രതിപത്തിയോടെ അവരുടെ കാലത്തെ നയിച്ചിരുന്നെങ്കിൽ ഇന്നു നമുക്ക് ആ വക ഗ്രന്ഥങ്ങൾ വായിച്ചറിവു സമ്പാദിപ്പാൻ കഴിയുന്നതാണോ? ഈ മഹാന്മാരുടെ പരോപകാരസൽകൃത്യം നിമിത്തം അവരുടെ മാംസശരീരം നശ്വരമായെങ്കിലും യശശ്ശരീരം ഇന്നും ക്ഷയിക്കാതെ പ്രകാശിച്ചുകൊണ്ടുനിന്നു സൽപാത്രങ്ങളുടെ സ്തുതിക്കു വിഷയമായിത്തീൎന്നിട്ടുള്ളതു നമുക്ക് അനുഭവസിദ്ധമാണല്ലൊ. മേഘം മഴയും, വൃക്ഷങ്ങൾ ഫലങ്ങളും നൽകുന്നതുപോലെ സൽപുരുഷൻ ഉദ്ധതനാകാതെ സമൃദ്ധിയെ തരുന്നു. ഈ വിധമാകുന്നു പരോപകാരികളുടെ സ്വഭാവം. അവരുടെ ഗാത്രം അഴകില്ലാത്തതോ ആഭരണാലങ്കാരത്തോടുകൂടാത്തതോ ആയിരു

ന്നാൽ കൂടിയും സജ്ജനങ്ങളുടെ ലോകത്തിൽ കൂരിരുളിൽ ദീപമെന്നപോലെ പ്രകാശിക്കുന്നു. വിത്തത്തിൽ കുബേരസദൃശനും സൌന്ദൎയ്യത്തിൽ സ്മരസന്നിഭനും സൎവ്വഭൂഷണമണ്ഡലമണ്ഡിതനുമായ ഒരപകാരിയുടെ വപുസ്സ് നിൎഗ്ഗന്ധകുസുമംപോലെ ഗണിക്കേണ്ടതാകുന്നു.

ലോകത്തിൽ സകല ചരാചരങ്ങളും പരസ്പരാശ്രയംകൂടാതെ വൎത്തിക്കുന്നതായി കാണുന്നില്ല. അന്യോന്യാശ്രയത്വത്തിനും പരസ്പരോപകാരത്വത്തിനും അൎത്ഥത്തിലും വ്യാപാരത്തിലും ഐകരൂപ്യമുണ്ടെന്നുള്ളതു നിസ്തൎക്കമായ സംഗതിയാണ്. ചെടികൾ മണ്ണിൽനിന്നും കൃമികൾ ചെടികളിൽനിന്നും അവയുടെ ഭോജ്യങ്ങളെ ആൎജ്ജിക്കുന്നു. "ഒന്നു ചീഞ്ഞതു മററൊന്നിനു വളം" എന്നു പറഞ്ഞിട്ടുള്ളതുപോലെ വൃക്ഷങ്ങളുടെ പത്രങ്ങളും മററും മററു തരുക്കളുടെ പോഷകദ്രവ്യമായും, വൃക്ഷഫലങ്ങൾ ജീവികളുടെ ഭോജ്യങ്ങളായും ഉപയോഗപ്പെടുന്നതു നമുക്ക് അനുഭവമല്ലേ? ഈശ്വരൻെറ സകല സൃഷ്ടികൾക്കും പരസ്പരാശ്രയത്വമുണ്ടെന്ന് ഇതിൽനിന്നു തെളിയുന്നുണ്ടല്ലൊ.

"പ്രഥമവയസിദത്തംതോയമല്പംസ്മരന്തഃ
ശിരസിനിഹിതഭാരാനാളികേരാനരാണാം
സലിലമമൃതകല്പംദദ്യുരാജീവനാന്തം
നഹികൃതമുപകാരംസാധവോവിസ്മരന്തി"— എന്ന് ഒരു മഹാകവി പറഞ്ഞിട്ടുള്ളതു നമ്മുടെ ദൃഷ്ടിക്കു ഗോചരമായിരിക്കുന്നതുകൊണ്ട് അതിനെപ്പററി ഇനി ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ല. ഇങ്ങിനെ പ്രകൃതിവിലാസങ്ങളിൽ ഓരോന്നിൻേറയും വ്യാപാരങ്ങളെ എടുത്തു പരിശോധിക്കുന്നതായാൽ ഈശ്വരൻെറ സൃഷ്ടിയുടെ പ്രധാനോദ്ദേശ്യം സകല സചേതനാചേതനങ്ങളും പരസ്പരോപകാരികളായിരിക്കേണമെന്നാണെന്നു വിശദമാകുന്നതാണ്.

പക്ഷേ നീചന്മാക്ക് ഉപകാരം ചെയ്യുന്നതു "പയഃപാനംഭുജംഗസ്യ കേവലംവിഷവദ്ധനം" എന്നപോലെ ഭവിക്കുമെന്നുണ്ടെങ്കിലും, അവക്ക് ഉപകാരം ചെയ്യരുതായെന്നു കരുതിപ്പോകരുത്. പ്രതിഫലത്തിൻ വാഞ്ഛകൂടാതെ അന്യന്റെ ആപൽസമാഗമത്തിൽ യഥാശക്തി ഒരുവൻ അവനു സഹായിക്കുന്നതാണല്ലൊ യഥാൎത്ഥമായ ഉപകാരം. അതിനാൽ ഇഹലോകത്തിൽ രോഗദാരിദ്ര്യാദികളുടെ പീഡകൾക്കു താദവസ്ഥ്യമുള്ളതുവരെ മനുഷ്യരെല്ലാവരും സോപകാരികളായിരിക്കേണം. അവരിൽനിന്നുള്ള ഗുണകാംക്ഷ മനുഷ്യധൎമ്മമല്ല. എന്നാൽ അവരുടെ സഹവാസവും സല്ലാപവും വൎജ്ജനീയമാകുന്നുവെന്നോൎക്കേണ്ടതാണ്. ആപത്തിൽ അകപ്പെട്ട യാതൊരുത്തനേയും ശക്തിപോലെ സകലരും സഹായിച്ചു രക്ഷിക്കേണമെന്നാണ് ഈശ്വരന്റെയും സജ്ജനങ്ങളുടേയും മതം. സത്തുക്കളെ സംബന്ധിച്ചു "പരോപകാരായഭവന്തിസന്തഃ" എന്നാണ് ശാസ്ത്രോക്തം. അവർ പോയ വഴിയേകൂടിയാണല്ലോ മററുള്ളവർ ചരിക്കേണ്ടത്. സൎവ്വേശ്വരസമ്മതിയും സജ്ജനാശയവും തമ്മിൽ വ്യത്യാസമില്ലെന്നു ശാസ്ത്രപുരാണങ്ങളിൽ ഘോഷിച്ചിട്ടുണ്ട്. പരോപകാരികളുടെ ജീവിതദശയിലും കാലാനന്തരവും അവരുടെ ഉപകാരകൎമ്മഫലമാകുന്ന മാമരം കശ്മലന്മാരുടെ കഠിനകൎമ്മക്കൊടുംകാററിന്റെ ശക്തിയേററു പൊഴിഞ്ഞുവീഴാതെയും ഉലയാതെയും അക്ഷയം തളിൎത്തു പൂത്ത് ആ സുഗന്ധപുഷ്പങ്ങളിൽ തട്ടി പ്രചരിക്കുന്ന ശുഭ്രയശഃപരിമളാനിലൻ ഇഹത്തിലും പരത്തിലുമുള്ള എല്ലാ മുക്കുകളിലും മൂലകളിലും സഞ്ചരിച്ചു സജ്ജനഹൃദയാഹ്ലാദമുളവാക്കുന്നു. സൎവ്വാന്തൎയ്യാമിയായ ജഗദീശ്വരൻ ഇവരുടെ ഈ സുഖത്തിൽ പങ്കുകൊള്ളുന്നു. അതിനാൽ എല്ലാവരും പരോപകാരകൎമ്മത്തിൽ തല്പരന്മാരായിരിക്കേണ്ടതാകുന്നു.

# അദ്ധ്യായം ൩.

## വരരുചി.

"നിരവധിനിഗമാബ്ധിവിക്രമോർവ്വീ-
വരസഭയികലമന്നചാരുരത്നം
ധരയിതിലധുനാപികീർത്തിമൂർത്ത്യാ-
'വരരുചി'യുണ്ടരുളുന്ന ധീരവീരം."

കേരളാചാരകർത്താവായ ശ്രീശങ്കരാചാർയ്യസ്വാമിയുടെ ഗുരുവായ ഗോവിന്ദസ്വാമികൾക്ക ചാതുർവ്വർണ്ണ്യങ്ങളിൽനിന്ന നാലു ഭാര്യമാരുള്ളവരിൽ ബ്രാഹ്മണസ്ത്രീയിൽനിന്ന ജനിച്ച പുത്രനാണ് വരരുചി. ഇദ്ദേഹത്തിൻെറ ജന്മഭൂമി ഗോകർണ്ണമാണ്. ഇന്നകൊല്ലത്തിലാണ് ജനിച്ചതെന്ന ക്ലിപ്തമായി പറയുവാൻ തക്ക ലക്ഷ്യങ്ങൾ കാണുന്നില്ലെങ്കിലും, കലിവർഷം ൨൫൦൦ന് ഇപ്പുറമായിരിക്കേണമെന്ന ചില ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയുന്നുണ്ട്.

ഇദ്ദേഹം നിഖിലശാസ്ത്രപുരാണപാരംഗതനും ബുദ്ധിമാനും ധീരനുമായിരുന്നു. വിക്രമാദിത്യരാജാവിന്ന വളരെ വിദ്വാന്മാരായ സേവന്മാർ ഉണ്ടായിരുന്നവരിൽ ഒരാളായിരുന്നു ഇദ്ദേഹം. ഈ ദിവ്യൻ മലയാളത്തിൽ സഞ്ചരിച്ചതു ക്രിസ്ത്വാബ്ദം ൪൦൦-ന്നു മുമ്പായിരിക്കണം.

വരരുചിയാണ് ഗണിതശാസ്ത്രത്തിൽ ഉപയോഗിച്ചുവരുന്ന വാക്യവും പരല്പേരുമുണ്ടാക്കീട്ടുള്ളത്. ഈ വാക്യത്തിന്ന പരദേശത്തിലേക്കാൾ മലയാളത്തിൽ അധികം പ്രചാരമുള്ളതായി കാണുന്ന സ്ഥിതിക്ക് അതിനെ വിരചിച്ചിട്ടുള്ളതു കേരളത്തിൽ സ്ഥിതിചെയ്തിരുന്നപ്പോഴായിരിക്കേണമെന്നാണ് വിചാരിക്കേണ്ടത്. ഇദ്ദേഹം പരല്പേരും നക്ഷത്രവാക്യവും നിർമ്മിച്ചതു കടപ്പുറത്തുവെച്ചാണ്. നക്ഷത്രവാക്യനിർമ്മാണത്തിനാ

ന്നി വരരുചി അനവധി ദിവസം രാത്രിയിൽ തനിച്ചു ജാഗരനായി സമുദ്രക്കരയിൽ ഇരുന്നിട്ടുണ്ടത്രെ. ഈ സംഗതി ഈ മഹാൻെറ പരോപകാരതല്പരതയ്ക്കും സുസ്ഥിരതയ്ക്കും മതിയായ ലക്ഷ്യമാണല്ലൊ.

വിക്രമാദിത്യരാജാവ് ഒരുദിവസം വരരുചിയോടു "രാമായണത്തിൽ പ്രധാനമായ പദ്യമേതാണെ"ന്ന് ചോദിച്ചതിന് അദ്ദേഹം "തനിക്കു രൂപമില്ലെന്നും അറിവുള്ള ആരോടെങ്കിലും ചോദിച്ചു വരാ"മെന്നും മറുപടിപറഞ്ഞ്, ഉടൻ തല്കാസ്ഥാത്മം ദേശാടനത്തിനായി പുറപ്പെട്ടു. അദ്ദേഹം പലദിക്കുകളിൽ സഞ്ചരിച്ചു പല വിജ്ഞന്മാരോടും ഇതിനെപ്പററി ചോദിച്ചു. എന്നാൽ പല വിദ്വാന്മാരും രാമായണത്തിലെ എല്ലാ പദ്യങ്ങളും വാക്യങ്ങളും ഒട്ടുംതന്നെ അപ്രധാനാൎഹങ്ങളല്ലെന്നും "നഹിഗുളഗുളികായാഃ കചാപിമാധുര്യഭേദഃ" എന്നും മററും പ്രവചിച്ചതല്ലാതെ ആരിൽനിന്നും തൃപ്തികരമായ പ്രത്യുത്തരം ലഭിക്കായ്കയാൽ വളരെ വ്യാകുലിതനായി വശായി. വരരുചി ത്രപാഭരത്താൽ ആനമ്രവക്ത്രനായിട്ടു നാട്ടിലെങ്ങും ചരിക്കാതെ ഒരു മഹാരണ്യത്തിലേക്കു പ്രസ്ഥാനംചെയ്തു. ഒരുദിവസം രാത്രിയിൽ ക്ഷുൽപിപാസാദികളാലും വ്രീളാഭാരത്താലും കലുഷചിത്തനായ അദ്ദേഹം ആ ഭയങ്കരവിപിനത്തിൽ ചെന്നിരുന്നു. ഇരുന്ന മാത്രയിൽതന്നെ ക്ഷീണാധിക്യത്താൽ ആ മഹാൻ അവിടെത്തന്നെ ശയിച്ചു. കിടക്കുമ്പോൾ തന്നെ "ഈ സാധുവും വ്യസനാക്രാന്തനുമായ എന്നെ ഈ വനദേവതമാർ സംരക്ഷിക്കട്ടെ" എന്ന് ഉച്ചരിച്ചുംകൊണ്ടാണ് ശയിച്ചത്. അദ്ദേഹം നിദ്രിതനായ ക്ഷണത്തിൽതന്നെ വനദേവതമാരും അവിടെ എത്തിക്കഴിഞ്ഞു. അവർ വന്ന് അല്പം കഴിഞ്ഞപ്പോഴയ്ക്കും അവരുടെ കൂട്ടുകാരായ മററുചില വനദേവതമാരും അവിടെ വന്നുചേന്നു. ഈ രണ്ടുകൂട്ടരുംകൂടി ഒരു പറയൻെറ ചാളയിൽ ഉണ്ടായ ഒരു പ്രസവസംഗതിയെ സംബന്ധിച്ചു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഉണരുവാൻ സംഗതിവന്ന

വരരുചി "മാംവിദ്ധി" എന്ന് അറിഞ്ഞുകൂടാത്ത ഈ വരരുചി യാണ് അത് എന്നും മററും കേട്ടപ്പോൾ അദ്ദേഹം ഉറക്കം ഉ ണന്നു. അപ്പോൾ മനസ്സിന്ന് അല്പം സമാധാനമായി.

വരരുചി വിക്രമാദിത്യരാജാവിന്റെ സന്നിധാനത്തിൽ നിന്ന പോന്നിട്ടു നാല്പതു ദിവസമായി. അതുവരെ മടങ്ങി എ ത്തിക്കാണാത്തതുകൊണ്ടു വിക്രമാദിത്യ സഭാംഗങ്ങൾക്കെല്ലാം സന്തോഷം അത്യുച്ചമായിക്കഴിഞ്ഞു. വരരുചിയുടെ പാണ്ഡി ത്യത്തെ വിക്രമാദിത്യരാജാവു പ്രശംസിച്ചു ബഹുമാനിച്ചിരുന്ന തുകൊണ്ടു മററുള്ള കോവിദന്മാൎക്ക് അദ്ദേഹത്തോട് അസൂയ ഉണ്ടായിരുന്നു. പഠിപ്പുള്ളവരിൽ ചന്ദ്രനിൽ കളങ്കം എന്ന പോലെ ഈ വക ദോഷങ്ങൾ കാണുന്നത് അത്യത്ഭുതമാ ണല്ലോ.

നാല്പത്തൊന്നാംദിവസം വരരുചി ആനന്ദഭരിതനായിട്ടു വിക്രമാദിത്യസഭ കൂടിയിരിക്കുന്ന അവസരത്തിൽ തത്ര സന്നി ഹിതനായി. രാജാവ് അദ്ദേഹത്തെ കണ്ടമാത്രയിൽ "ഏതു ശ്ലോകമാണ്, ഏതു വാക്യമാണ്" എന്നാണ് ആദ്യമായി ചോ ദിച്ചത്. അപ്പോൾ വരരുചി സുപ്രസന്നമുഖത്തോടെ,

"രാമംദശരഥംവിദ്ധി മാംവിദ്ധിജനകാത്മജാം
അയോദ്ധ്യാമടവീംവിദ്ധി ഗച്ഛതാതയഥാസുഖം"— എ

ന്ന പദ്യം ചൊല്ലി അവസാനിച്ചു ഉടനെ തന്നെ 'മാംവിദ്ധി ജ നകാത്മജാം', എന്നും പറഞ്ഞു വിനീതനായി രാജാവിനെ വ ന്ദിച്ചു. രാജാവു നിസ്സീമാഹ്ലാദചിത്തനായിട്ടു വരരുചിയെ അഭി നന്ദിച്ചു സമ്മാനം കൊടുത്തു കൈപിടിച്ച് അൎദ്ധാസനം നൽ കി ഇരുത്തി. അന്നുമുതൽ വരരുചിയുടെ താമസവും വിക്രമാ ദിത്യരാജാവൊന്നിച്ചുതന്നെയാക്കി. വരരുചി പ്രസ്തുതപദ്യത്തെ സഭയിൽവെച്ചു പത്തു വിധത്തിൽ വ്യാഖ്യാനിച്ചു.

തദനന്തരം രാജാവും വരരുചിയും മററുംകൂടി ഓരോ രാ ജ്യവൎത്തമാനങ്ങൾ പറഞ്ഞു രസിച്ചുകൊണ്ടിരുന്നു. ആ അവ സരത്തിൽ വരരുചി തനിക്കു വനദേവതമാരിൽ നിന്നറിയാൻ സാധിച്ച ആ സംഗതിയെ സൂത്രത്തിൽ രാജാവിനെ അറിയി

ക്കണമെന്ന കരുതി. അനന്തരം അദ്ദേഹം രാജാവിനോട് "ഇ വിട്ടത്തെ സ്ഥലത്ത് ഒരു പറച്ചാളയിൽ ഇന്നലെ രാത്രി ഒരു പറച്ചി ഒരു പെൺകുട്ടിയെ പ്രസവിച്ചിട്ടുണ്ട്. ആ കന്യയുടെ ജനനംകൊണ്ട് ഈ രാജ്യത്തിൽ നാനാപ്രകാരേണയുള്ള അനത്ഥങ്ങൾ സംഭവിക്കും. എന്നുമാത്രമല്ല, രാജ്യവുംകൂടി നശാരമായിത്തീരും. അതിനാൽ ആ കുട്ടിയെ ഇവിടെ എങ്ങും കാണാതാക്കണം"; എന്നുപറഞ്ഞു. രാജാവ് ഇതു കേട്ടപ്പോൾ വരരുചി നല്ലൊരു ജ്യോത്സ്യനാകയാലും അദ്ദേഹത്തിൻെറ നേരെ വിക്രമാദിത്യരാജാവിനു സന്തുഷ്ടിയും ബഹുമാനവുമുണ്ടാകകൊണ്ടും ഉടനെ അധികാരികളോട് ആ കുട്ടിയെ അന്വേഷിച്ചു കണ്ടുപിടിച്ചു ഉണ്ണിപ്പിണ്ടികൊണ്ട് ഒരു ചങ്ങാടമുണ്ടാക്കി അതിന്മേൽ കിടത്തി തലയിൽ ഒരു പന്തം കൊളുത്തി പുഴയിൽ ഒഴുക്കിക്കളയണമെന്ന് ആജ്ഞാപിച്ചു. അവർ അപ്രകാരം ചെയ്തു.

അങ്ങിനെ കുറച്ചുകാലം കഴിഞ്ഞതിന്നുശേഷം വരരുചി രാജ്യസഞ്ചാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം ആഹാരാത്ഥം ഒരു ഭൂസുരാലയത്തിൽ ചെന്നുകേറി. അവിടത്തെ നാഥനും സമത്ഥനുമായ ആ വിപ്രവയ്യൻ ഇദ്ദേഹത്തോടു വേഗം കുളിച്ചുവരുവാൻ പറഞ്ഞു. അപ്പോൾ വരരുചി "ഞാൻ സ്നാനം കഴിഞ്ഞുവന്നാൽ എനിക്ക് ഒരു 'വീരവാളിപ്പട്ടു' തരാതെ കഴികയില്ല. നൂറുപേൎക്കു ഭക്ഷണം കൊടുത്തല്ലാതെ ഞാനുണ്ണുക പതിവില്ല. എൻെറ ഊണിന്നു 'നൂറെറട്ടുകൂട്ടം' ഉപദംശങ്ങൾ വേണം. ഭക്ഷണം കഴിഞ്ഞാലുടൻ 'മൂന്നുപേരെ' തിന്നണം. 'നാലുപേരെന്നെ' ചുമക്കുകയും വേണം." ഇതെല്ലാം സാധിക്കുമെങ്കിൽ മാത്രമേ ഞാൻ കുളിച്ച് ഉണ്ണുവാൻ ഭാവമുള്ളു എന്നു പറഞ്ഞു.

ആ ബ്രാഹ്മണൻ ഈ പുതുമകൾ കേട്ടപ്പോൾ ചിന്താബാഹുല്യത്തോടെ ഇരിപ്പായി. അപ്പോൾ അകത്ത് ഇരുന്നു പുത്രി "അച്ഛൻ ഒരുശേഷം പരിതപിക്കേണ്ട ഇതെല്ലാം ഇവിടെ ഒരുക്കിക്കഴിഞ്ഞിരിക്കുന്നു" എന്നു വിളിച്ചുപറഞ്ഞു. വ

ത്സല്ല്യയുക്തയായ സുതയുടെ വാക്ക കേട്ടപ്പോൾ സന്തുഷ്ടനായ ആ ബ്രാഹ്മണൻ സധൈയ്യം വരരുചിയോട് ഉടൻ കുളിച്ചു വരുവാൻ വീണ്ടും പറഞ്ഞു. വരരുചി ഈ കന്ന്യയുടെ ബുദ്ധിചാതുൎയ്യവും ആലോചനാശക്തിയും നൈപുണ്യവും മററും ആലോചിച്ചുംകൊണ്ടു കുളിക്കാൻ പോയി. കുളി കഴിഞ്ഞു വരുമ്പോഴയ്ക്കും ആ കന്ന്യക വൈശ്വദേവനത്തിന്ന വേണ്ടുന്നവയും മററും തെയ്യാറാക്കി വെച്ചുകഴിഞ്ഞു. വരരുചി ഊണും മററും കഴിഞ്ഞതിൻെറശേഷം ആ ബാലികയുടെ അച്ഛൻെറ അനുമതിയോടുകൂടി അവളെ വിവാഹംചെയ്തു കൂട്ടിക്കൊണ്ടു പോന്നു. എത്ര ബുദ്ധിയും, വിദ്യയും, പ്രാബല്യവും ഒരാൾക്കുണ്ടായിരുന്നാലും അയാളുടെ ശിരോലിഖിതം മാച്ചെഴുതുവാൻ ആരാലും സാധിക്കപ്പെടുകയില്ലെന്നുള്ളതിന് ഇതൊരു ദൃഷ്ടാന്തമാണല്ലൊ.

മുമ്പൊരിടത്തു പ്രസ്താപിച്ച ആ പറച്ചി പെററ പെൺകുട്ടിയാണ് ഈ കന്ന്യക. ഇവൾ ശിശുവായിരിക്കുമ്പോൾ വരരുചി ചെന്നുകേറിയ ഇല്ലത്തെ ആ ഗൃഹസ്ഥബ്രാഹ്മണന് ഒരു ആററിൻകരയിൽനിന്ന് ഇവളെ കണ്ട്കിട്ടുകയും ഇല്ലത്തു കൊണ്ടു ചെന്നു വളൎത്തുകയും ചെയ്തു. ഈ സംഗതികളെല്ലാം വരരുചിക്ക പിന്നീടാണ് മനസ്സിലായത്. വസ്തുതയെല്ലാം അറിഞ്ഞപ്പോൾ അദ്ദേഹത്തിനു വളരെ വ്യസനമുണ്ടായെങ്കിലും, അതൊന്നും പ്രിയതമയെ ഗ്രഹിപ്പിക്കാതെ "ലിഖിതമപി ലലാടേ പ്രോജ്ഝിതുംകസ്സമൎത്ഥഃ" എന്നു കരുതി സമാശ്വസിച്ചു. അനന്തരം വരരുചി ഭാൎയ്യാവസ്ഥകളെപ്പററി മനസ്താപപ്പെട്ടും, ഭ്രതസംഭവങ്ങളെക്കുറിച്ചു ലജ്ജിച്ചും പത്നീസമന്വിതം പ്രയാണത്തിന്നായി പുറപ്പെട്ടു കേരളരാജ്യത്തിൽ വന്നുചേൎന്നു. അവിടെ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോളുണ്ടായ സന്താനങ്ങളാണ് 'പറിപെററ പന്തിർകുലം'.

൩ *

"മേളത്തോളഗ്നിഹോത്രീരജകനുളിയന്നൂർ-
ത്തച്ചനും പിന്നെ വള്ളോൻ-
വായില്ലാക്കുന്നിലപ്പൻ വടുതലെമരുവും
നായർകാരക്കമാതാ-
ചെമ്മേ കേളുപ്പുക്കൂറ്റൻ പെരിയതിരുവര-
ങ്കത്തെഴും പാണനാരും
നേരേ നാരായണഭ്രാന്തനുമുടനകവൂർ-
ച്ചാത്തനും പാക്കനാരും."

## അദ്ധ്യായം ൪

### സജ്ജനസഭ.

"അനഘബോധമനഘ്യയശോഭരം,
വനജനാഭപദാബ്ജിയിതൊക്കയും
ജനഹിതൈഷയൊടേകിവരുന്ന സ-
ജ്ജനസദസ്സു ജയിപ്പു; ജഗത്രയേ."

സദ്പ്രവൃത്തികളെ (സൎവ്വേശപരനു ഹിതമായുള്ള കൎമ്മങ്ങളെ)നിഷ്കളങ്കം ആചരിക്കുന്നവർ സജ്ജനങ്ങളും അവരുടെ യോഗം സജ്ജനസഭയുമാകുന്നു. അവർ പ്രായേണ പഠിച്ചറിവുകൊണ്ടോ സഹവാസഗുണംകൊണ്ടോ വിദ്വാന്മാരുമായിരിക്കും. തന്നിമിത്തം തെളിവായ അൎത്ഥങ്ങളോടുകൂടിയ വാക്യങ്ങൾകൊണ്ടു വാസ്തവധൎമ്മങ്ങളെ പ്രവചിക്കുന്നവരായ മഹാന്മാരുടെ യോഗത്തിനാണ് സഭയെന്നു പറയപ്പെടുന്നത്. 'നാലാൾ കൂടിയിരിക്കുന്നേടത്തു ദൈവമുണ്ട്' എന്നു പഴയോർ പറഞ്ഞിട്ടുള്ളതിന്റെ സാരം കുറഞ്ഞപക്ഷം ഒരു സഭയിൽ നാലാൾ ഉണ്ടായിരിക്കേണമെന്നും, അവരുടെ അഭിമതം ആ

ദരണീയവും ദൈവഹിതാനുകൂല്യവുമാണെന്നുമാണല്ലോ. 'സഹഭാന്തി ഇതിസഭ' അതായത് 'ഒരുമിച്ചു ശോഭിക്കൽ' എന്നാകുന്നു സഭ എന്ന വാക്കിന്റെ അൎത്ഥം.

ഐകമത്യമാണല്ലോ ഒരു സഭയുടെ ശക്തിക്കും പുഷ്ടിക്കും നിത്യതയ്ക്കും അവശ്യം ആവശ്യമായിട്ടുള്ളത്. 'ഏകമതിത്വം', 'ഏകമതത്വം' എന്നിങ്ങിനെ ഐകമത്യത്തെ വ്യാഖ്യാനിക്കാവുന്നതുകൊണ്ട് 'ഏകമതികളായി ഏകദേശപൎയ്യവസായിയായ അഭിപ്രായത്തോടുകൂടിയവരായിരിക്കൽ' എന്നാകുന്നു ഐകമത്യം എന്ന പദത്തിനു വ്യാപകമായ അൎത്ഥം. അഭിപ്രായത്തിന് ഐകരൂപ്യമില്ലാതെ വന്നാൽ യാതൊരു സഭയും ശോഭിക്കുകയോ നിലനില്ക്കുകയോയില്ല. ഒരു സഭയിൽ ഉള്ളവരെല്ലാം മന്ദബുദ്ധികളായിരുന്നാൽകൂടിയും, അവർ എല്ലാവരുംകൂടി ഒന്നിച്ചുകൂടുവാൻ സംഗതിവരുമ്പോൾ അവരുടെ ആ അല്പബുദ്ധിയുടെ ഐക്യതനിമിത്തം ആ സഭയ്ക്ക് അനിതരസാധാരണമായ ഒരു ശക്തി ഉണ്ടാകുന്നതാണ്. ഒരു ചുള്ളി വിറക് ആൎക്കും അനായാസേന ഒടിക്കുവാൻ ശക്യമാണെങ്കിലും, ആ തരത്തിലുള്ള ചുള്ളികൾ ഒന്നിച്ചുചേൎത്തു കെട്ടിയ ഒരു കെട്ടു വിറക് എത്ര ശക്തിമത്തരനായ ഒരുത്തനുംകൂടി ഒടിക്കുവാൻ ശക്യമാകുന്നതല്ല.

ദുൎജ്ജനങ്ങളുടെ സഭയ്ക്കും സഭയെന്നുതന്നെയാണ് പറയുന്നത്. പക്ഷെ സജ്ജനസമുദായത്തിൽനിന്നു സിദ്ധിക്കുന്ന നന്മ ദുൎജ്ജനസംഘത്തിൽനിന്നു ലഭിക്കുന്നതല്ല. "നിൎമ്മലനദീജലം സാഗരംതന്നിൽചേൎന്നാൽ നിശ്ചയം പുളിച്ചുപോം" എന്നപോലെ ദുൎജ്ജനസഭാപ്രവേശനംകൊണ്ടു സത്തുക്കൾ മലിനപ്പെടും. സജ്ജനങ്ങളുടേയും ദുൎവൃത്തന്മാരുടേയും മനസ്സിനും വ്യാപാരങ്ങൾക്കും മറവും ഗത്യന്തരമുണ്ടാകയാൽ ഒരുമിച്ചു ശോഭിക്കുക എന്ന അവസ്ഥ ഇവർ തമ്മിൽ ഒരിക്കലുമുണ്ടാകുന്നത

ല്ല. നിർദ്ദയത്വം, അകാരണകലഹം, പരധനത്തിലും അപര നാരിയിലും അന്യായമായുള്ള ആകാംക്ഷ, സ്വജനങ്ങളിലും സ്വ ജനങ്ങളിലും സുഹൃത്തുക്കളിലും വൈരാഗ്യം എന്നിത്യാദികളാ യ ദുർഗ്ഗുണങ്ങൾ നികൃഷ്ടബുദ്ധികളായ നീചന്മാരുടെ മിത്രങ്ങ ളാകയാൽ സജ്ജനങ്ങളും ദുർജ്ജനങ്ങളും തമ്മിൽ യോജിക്കുന്ന തല്ല. അവരുടെ ചേർച്ച ശോഭാവഹവുമല്ല. അതിനാൽ അതുമൂലം സദ്വൃത്തന്മാർക്ക് ദോഷമേ ഭവിക്കയുള്ളു.

സാധുക്കളുടെ ഗൂഢമായ ഹൃദയസൌഹാർദ്ദത പരിശുദ്ധ മനസ്സുള്ളവർ തമ്മിൽ അല്ലാതെ കാമക്രോധാദികളുടെ ആ വാസമായ ഹൃദയമുള്ളവരിൽ ഒരു കാലത്തുമുണ്ടാകുവാൻ തര മില്ല. അതിനാൽ ആ വക ദുർഗ്ഗുണങ്ങളെ ദൂരീകരിക്കേണ്ടതാ കുന്നു. ഇവയിൽ ഓരോന്നിനും മനുഷ്യരുടെ ശ്രേയസ്സിനേയും സുഖജീവിതത്തേയും വൈകല്യപ്പെടുത്തുവാനുള്ള ശക്തിയുണ്ട്. എന്നുമാത്രമല്ല, ഒരുവനുള്ള വിദ്യ മററൊരുവന് ഉപയോഗ പ്പെടുവാനിടവരരുതെന്നു മനഃപൂർവ്വമായി കരുതുന്ന സ്വാത്മ പരന്മാരും അസൂയാലുക്കളുമായവരുടെ സമുദായത്തെ ഒരു സ ഭയെന്നു ഗണിക്കുവാനർഹതയില്ല. എന്തുകൊണ്ടെന്നാൽ അ തിൽനിന്ന് ഒരു സഭയുടെ പൂർണ്ണോദ്ദേശം സാധിക്കുന്നതല്ല. അതിനും പുറമേ അത് ആപൽക്കരവുമായിരിക്കുമെന്നോർക്കേ ണ്ടതുമാകുന്നു.

സജ്ജനസമുദായത്തിൽ ദുർജ്ജനങ്ങൾ ചേൎന്നാൽ അവൎക്ക് വല്ല നന്മയും സിദ്ധിക്കുമോ എന്ന് ആലോചിക്കുന്നപക്ഷം "കാ ചഃകാഞ്ചനസംസർഗ്ഗാൽ ധത്തേമാരതികിംദ്യുതിം । തഥാസൽ സന്നിധാനേന മൂഢോയാതിപ്രവീണതാം" ||, എന്നുള്ളതുകൊ ണ്ടു സജ്ജനസംസർഗ്ഗത്താൽ മൂഢനും നിപുണതയെ പ്രാപിക്കു മെന്നു സ്പഷ്ടമാണല്ലോ. പക്ഷെ ചിരകാലസഹവാസത്താലേ അതു സുസാദ്ധ്യമാകയുള്ളൂ. ബുദ്ധിമാന്മാർ കാവ്യശാസ്ത്രാദി

വിനോദങ്ങളാലും പാമരന്മാർ നായാട്ട്, ദ്യൂതം, തരുണീസേവ, മദ്യപാനം, കലഹം, നിദ്ര എന്നിത്യാദികളാലും കാലം കഴിച്ചു കൂട്ടുന്നു. ഇതിൽ ആദ്യം പറഞ്ഞവർ സത്തുക്കളും മററെ കൂട്ടർ ദുർജ്ജനങ്ങളുമാകുന്നു. വിദ്വാന്മാരിലും ചിലർ സ്വഭാവചാപല്യങ്ങളെക്കൊണ്ടും മററും അസത്തുക്കളായി കാണുന്നതും ദുർല്ലഭമല്ലല്ലൊ. അങ്ങിനെയുള്ളവരുടെ സഹവാസം ത്യാജ്യവുമാകുന്നു. "ദുർജ്ജനഃപരിഹർത്തവ്യോ വിദ്യയാലംകൃതോപിസൻ। മണിനാ ഭൂഷിതസ്സർപ്പഃകിമസൌനഭയങ്കരഃ"॥എന്നാണല്ലോ പ്രമാണവചനം.

ധർമ്മാധർമ്മങ്ങളെ വിവേചിച്ചറിഞ്ഞ് അവരവരുടെ മതാചാരങ്ങൾക്കു വിഘ്നംവരുത്താതെ കർമ്മങ്ങൾ ചെയ്യേണമെന്നുള്ളതാണല്ലൊ മനുഷ്യരുടെ മുറ. ഇതിൻെറ അസ്തിഭാരമായിട്ടുള്ളതു ശ്രുതി, ഇതിഹാസം, ശാസ്ത്രപുരാണങ്ങൾ എന്നിവയാകുന്നു. എന്നാൽ ഇവയെല്ലാം പഠിച്ചറിവുനേടുക എന്നതു പൊതുവിൽ ജനങ്ങൾക്ക് അത്ര സുസാദ്ധ്യമല്ലാതിരിക്കേ, സജ്ജനസഭാപ്രവേശത്താൽ ധർമ്മാധർമ്മവിവേചനം ചിരാലെങ്കിലും പരിശീലിക്കുവാൻ സംഗതി വരുമെന്നുള്ളതുകൊണ്ട്, അക്കാര്യത്തിൽ മനുഷ്യരുടെ മനസ്സു ചെല്ലേണ്ടത് അത്യാവശ്യമാകുന്നു. താൻ ഒരു പരിഷ്കാരിയാണെന്ന് അപരനെ ധരിപ്പിക്കാനൊ കീർത്തിക്കൊ മററൊ വേണ്ടി ഒരു സഭയിൽ ചെന്നിരുന്നു പോന്നാൽ പോരാ. ജ്ഞാനസമ്പാദനത്തിന്ന് ഉദ്യോഗിപ്പാൻ ഇതു നല്ലൊരു മാർഗ്ഗമാണെന്നും മനുഷ്യജന്മം കിട്ടീട്ടുള്ളവൎക്കെല്ലാം ഇത് ആവശ്യമാണെന്നും മനഃപൂർവ്വമായി കരുതിക്കൊണ്ടുതന്നെ ഒരു സമാജത്തിൽ പ്രവേശിച്ചാലേ ഗുണമുണ്ടാകയുള്ളൂ. സജ്ജനസഭയിൽ നിന്നല്ലാതെ ഈ ഗുണം സിദ്ധിക്കുന്നതുമല്ല.

പൂർവ്വകാലങ്ങളിൽ ജനങ്ങൾക്ക് ഇഹപരങ്ങളിൽ പുരുഷാർത്ഥങ്ങളുണ്ടായിട്ടുള്ളതു സഭനിമിത്തമാണെന്നു പുരാണങ്ങൾ മൂലം നമ്മളിന്നുമറിയുന്നുണ്ടല്ലോ. മനുഷ്യർ പലവിധപ്രാരബ്ധങ്ങ

ർമ്മങ്ങളിൽ നിരതന്മാരായിരിക്കുന്നതിനാലും, വിദ്വാന്മാരായ മഹാജനങ്ങൾ അങ്ങുമിങ്ങുമായി പല സ്ഥലങ്ങളിൽ നിവസിക്കുന്നതുകൊണ്ടും, അവരുടെ മനസ്സിൽ ഓരോരൊ കാലങ്ങളിൽ നാനാപ്രകാരേണ അങ്കുരിക്കുന്ന പല വിശേഷസംഗതികളെ ഒരു സഭ കൂട്ടുന്നതിൽ വെച്ചല്ലാതെ മററുള്ളവൎക്ക് അത്ര എളുപ്പത്തിൽ അറിയാൻ കഴിയുന്നതല്ല. പണ്ഡിതന്മാൎക്കുപോലും സഭാപ്രവേശനത്താലാണ് അവരുടെ ധാരണയിൽ നില്ക്കുന്ന സാംഗത്യാസാംഗത്യങ്ങളുടെ ഗുണാഗുണവിവേചനത്തിനും അഭിവൃദ്ധിക്കും മററും സംഗതി വരുന്നത്. മനുഷ്യബുദ്ധിക്കു പ്രായേണ പരിഭ്രമവും പ്രമാദവും സഹജങ്ങളായിരിക്കേ അവൎക്ക് എത്രതന്നെ പഠിപ്പുണ്ടായിരുന്നാലും തെററായ ധാരണയുണ്ടാകുക അസാധാരണമല്ല. അതും സജ്ജനസഭയിൽനിന്നു ശൂന്യമാകുന്നതാണ്. അതിനാൽ സത്തുക്കളായ കോവിദന്മാരുടെ സഭ അവശ്യം ആവശ്യവും അതിൽ ചേൎന്നുകൊണ്ടാടുന്നതു സൎവ്വഗുണങ്ങളുടെ ആസ്പദവുമായിത്തീരുമെന്നു സകലരും സൎവ്വദാ സ്മരിക്കേണ്ടതാകുന്നു.

---

## അദ്ധ്യായം ൭.

### കൃത്യനിഷ്ഠ.

“ദിവാനിശംഭ്രമമെഴുമിന്ദുരിത്രിയും,
ദിവാകരാദ്യഖിലസുഗോളജാലവും,
അവാച്യഭാസ്സിയലുമൃതുപ്രകാണ്ഡവും,
സ്വഭാവമാൎന്നുരുവതു‘കൃത്യനിഷ്ഠ’യാൽ.”

നമുക്കു ദിനംപ്രതി ചെയ്യാനുള്ള പ്രവൃത്തികളെ ഇന്നിന്ന സമയങ്ങളിൽ ഇന്നിന്നവ ചെയ്യേണമെന്നു മുൻകൂട്ടി നിശ്ചയി

ച്ച് അതുപ്രകാരം അവയെ നിശ്ചിതസമയങ്ങളിൽ അഭംഗം അനുഷ്ഠിക്കേണമെന്നുള്ള വ്രതത്തിനു കൃത്യനിഷ്ഠയെന്നു പറയപ്പെടുന്നു. ഇതു നിഖിലസ്ത്രീപുരുഷന്മാൎക്കും ആവശ്യമുള്ള ഗുണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു. മനുഷ്യരുടെ കൎത്തവ്യകൎമ്മഫലപ്രാപ്തിക്കു കാരണമായിട്ടുള്ളതും ഇതുതന്നെയാണ്. പ്രവൃത്തിചെയ്വാനില്ലാത്തവർ ലോകത്തിൽ ആരുംതന്നെയില്ല. എന്നാൽ നിഷ്ഠാപൂൎവ്വം പ്രവൃത്തികളെ ചെയ്തു കൃതാൎത്ഥരാകുന്നവർ ചുരുക്കമേയുണ്ടാകയുള്ളു. മനുഷ്യരുടെ സകല ഭാഗ്യത്തിന്നും കാരണമായി ഭവിക്കുന്നത് അവരുടെ സശ്രദ്ധമായ പ്രവൃത്തികൾ ആകുന്നു. അലസന്മാരായി അലഞ്ഞുനടക്കുന്നവൎക്കു കൃത്യനിഷ്ഠയുടെ സ്വരൂപം എന്താണെന്നുതന്നെ അറിയുകയില്ല. അവൎക്കു സനാതനനായ സച്ചിന്മയൻ പ്രാതികൂല്യമായിട്ടേ നില്ക്കയുള്ളു. മനുഷ്യർ അവരവരുടേയും അന്യരുടേയും ഗുണോൽക്കൎഷത്തിന്നായി ഓരോ പ്രവൃത്തികൾ നിരന്തരം ചെയ്തുകൊണ്ടിരിക്കേണമെന്നാണ് ഈശ്വരവിധി. ഇങ്ങിനെ ചെയ്യാത്തവൎക്കു സമയത്തിന്റെ വിലയും അറിയുന്നതുമല്ല.

പക്ഷെ ഓരോപ്രവൃത്തികളെ ചെയ്തുകൊണ്ടിരുന്നാൽ മാത്രം പോരാ. അവയുടെ ഉദ്ദിഷ്ടഫലപ്രാപ്തിയുംകൂടി സാധിക്കണം. കൃത്യനിഷ്ഠയാകുന്ന ദൈവത്തെ പാശ്ചാത്യരെപ്പോലെ മററാരും സ്ഥായിയോടെ ആരാധിച്ചു കാണുന്നില്ല. എന്നാൽ പ്രാചീനന്മാരായ ഹിന്തുക്കളെപ്പോലെ ഈ ദൈവത്തിൽ ഭക്തി മറെറാരു വൎഗ്ഗക്കാൎക്കും ഉണ്ടായിരുന്നില്ലെന്നു ഹിന്തുക്കൾ ഇന്നും ആചരിച്ചുവരുന്നതും, പുരാതനന്മാരാൽവിധിക്കപ്പെട്ടിട്ടുള്ളതുമായ മതസംബന്ധിതാചാരങ്ങളാലും മററും പ്രത്യക്ഷപ്പെടുന്നുണ്ടല്ലൊ. ഊണ്, ഉറക്കം, കാപ്പി, വിശ്രമം, ഗ്രന്ഥപാരായണം, വ്യായാമം, കാൎയ്യാലോചനമുതലായ എല്ലാററിന്നും ആംഗ്ലേയർ സമയനിൎണ്ണയം ചെയ്തിരിക്കും. ആർതന്നെ ഒരു

ന്തിനായി പ്രേരിപ്പിച്ചാലും നിർബ്ബന്ധിച്ചാലും അവർ വ്യവസ്ഥിതകാലങ്ങളിൽ അവരുടെ അതാതു കൃത്യങ്ങളെ ചെയ്യുന്നതിന്ന് ഉപേക്ഷിക്കയില്ല. അവരെ അരോഗികളായിരിപ്പാൻ തുണയ്ക്കുന്നത് അവരുടെ കൃത്യനിഷ്ഠയാകുന്നു. ഐഹികജീവിതത്തിൻെറ മുഖ്യോദ്ദേശം ആരോഗ്യമാണല്ലൊ.

എന്നാൽ ഇന്ത്യക്കാരായ നമ്മുടെ സ്ഥിതിയെപ്പററി ആലോചിക്കുന്നപക്ഷം നമ്മൾ തീരെ കൃത്യനിഷ്ഠയില്ലാത്തവരാണെന്നുള്ളതിലേക്ക നിരവധി ലക്ഷ്യങ്ങളുണ്ട്. നമ്മുടെ ഊണോ, ഉറക്കമോ, കളിയോ മററേതെങ്കിലുമോ ഇന്നസമയത്തെന്നൊ, ഇന്നവിധത്തിലെന്നൊ, ഇത്രമാത്രമെന്നൊ ഒരു വ്യവസ്ഥയില്ലാതെയാണ് കണ്ടുവരുന്നത്. ഒരുദിവസം കാലത്ത് ഏഴുമണിക്ക കളിക്കുകയൊ ഉണ്ണുകയൊ ചെയ്താൽ പിറേറദിവസം അവ എട്ടുമണിക്കായിയെന്നും വരാം. ഒരുപക്ഷെ ഇവയിൽ ഏതെങ്കിലും ഒരുകൂട്ടം ചില സംഗതിവശാൽ കൂടാതെ കഴിപ്പാനും മതി. ഭക്ഷണം കഴിഞ്ഞുടനെ വല്ല വിശേഷമായ മധുരപലഹാരങ്ങൾ കിട്ടിയാൽ അവയെ ആഹരിപ്പാനും നമ്മുടെ കൂട്ടക്ക് കൂസലില്ല. കുക്ഷിക്കിടമില്ലാതെ ഭുജിക്കുന്ന കൂട്ടരുമുണ്ട്. ഇതു മൂലമാണ് മിക്ക മനുഷ്യരും രോഗപീഡിതരായിത്തീരുന്നത്. ഇക്കാൎയ്യത്തിൽ ഹൈന്ദവന്മാർ അഗണ്യമായി പ്രവൃത്തിക്കുന്നതിനാൽ അവരുടെ ശക്തി ആജീവനാന്തം ഒരുപോലെ നിലനില്ക്കുന്നില്ല.

"നാലംശമായിവിഭജിച്ചിരുഭാഗമന്ന-
ത്താലംബുപാനമതിനാലുദരത്തിലൊന്നും
കാലപ്പിഴപ്പുകവരാതെനിറച്ചുബാക്കി-
കാലംശമുള്ളതുനിദാനമൊഴിച്ചിടേണം"— ഭക്ഷണകാൎയ്യത്തിൽ ഇതിനെ ആധാരപ്പെടുത്തി അനുഷ്ഠിക്കുന്നവർ പ്രായേണ അരോഗികളായിരിക്കുന്നതുകൂടാതെ ദൃഢഗാത്രന്മാ

രമായിരിക്കും. "ആരോഗ്യദേവതയുവിൻനെട്ടതായവേര മോ രോന്നമൂൺമുറയിലൂന്നിയുറച്ചുനിൽപ്പൂ", എന്നുള്ളതും ഇവിടെ സ്മരണീയമാണല്ലൊ.

നമ്മുടെ പൂൎവ്വികന്മാർ കൃത്യനിഷ്ഠയിൽ തല്പരന്മാരായിരുന്നുവെന്നു മുമ്പൊരിടത്തു പ്രസ്ഥാപിച്ചിട്ടുണ്ടല്ലൊ. അതു വാസ്തവമാണെന്നു താഴെ പ്രവചിക്കുന്ന സംഗതികളാൽ പ്രത്യക്ഷപ്പെടുന്നതാണ്. ദിവസത്തിൽ രണ്ട്, ആഴ്ചയിൽ രണ്ട്, മാസത്തിൽ രണ്ട്, ആണ്ടിൽ രണ്ട് എന്നിങ്ങിനെ ആഹാരാദിവിഷയങ്ങളിൽ അവർ വ്യവസ്ഥ കല്പിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രാതക്കാലത്തിലും സായാഹ്നത്തിലും ജാത്യാചാരക്രമം പോലെ ഈശ്വരസേവ ചെയ്യണമെന്നും പ്രാചീനന്മാർ നിബ്ബന്ധിച്ചിട്ടുണ്ട്. രാത്രി ഭവനം അടിച്ചുവാരുക, നഖം ചെത്തുക, തലമുടി വേർപെടുത്തുക, ചുണ്ണാമ്പിൽ വെള്ളമൊഴിക്കുക, അടയ്ക്കാ ചവറുകളയുക മുതലായതൊന്നും അരുതെന്നും, അങ്ങിനെ ചെയ്താൽ അനത്ഥം ഭവിക്കുമെന്നും പുരാതനന്മാരായ ഹിന്തുക്കൾ അവരുടെ പുംസ്ത്രീസന്താനങ്ങളോട് അന്ന് ഉപദേശിച്ചിട്ടുള്ളത് ഇന്നും അവരുടെ പിൻഗാമികളായ ആധുനികർ അനുഷ്ഠിച്ചുവരുന്നതായി കാണുന്നുണ്ട്. എന്നാൽ നിശയിൽ ചെയ്യാൻ പാടില്ലെന്നു നിബ്ബന്ധിച്ചിട്ടുള്ളവയെല്ലാം പകലേ ചെയ്യേണ്ടതാണെന്നും, അങ്ങിനെ അല്ലെങ്കിൽ സന്ധ്യയ്ക്കുശേഷം ചെയ്യേണ്ടുന്ന കൃത്യങ്ങൾക്കു പ്രതിബന്ധങ്ങൾ നേരിട്ടേയ്ക്കുമെന്നും, തൽക്കാലാവശ്യത്തിന്ന് ഉതകുന്ന അതാതു സാധനങ്ങൾ അപ്പോൾ അന്വേഷിക്കുന്നതായാൽ യഥോചിതം ലഭിക്കുവാൻ സാധിക്കാതെയൊ, ആവശ്യനിവൃത്തിക്കു കാലവിളംബമുണ്ടാകുകയൊ ചെയ്യുമെന്നുമാകുന്നു ആ മഹാത്മാക്കളുടെ ഉപദേശത്തിൻെറ താല്പൎയ്യം. പൌരാണികന്മാർ ഹിന്തുക്കളുടെ മിക്ക ആചാരവിഷയങ്ങളും ദൈവീകങ്ങളായി

സങ്കല്പിച്ചുവെച്ചിട്ടുള്ളത് അവരുടെ പിൻഗാമികൾ ഈശ്വരനെ ഭയന്നെങ്കിലും, നിജകൃത്യങ്ങളെ അന്യൂനം യഥാവസരങ്ങളിൽ യഥോചിതം പ്രവൃത്തിക്കാതിരിക്കയില്ലെന്നുള്ള വിശ്വാസത്തിന്മേലായിരിക്കണം.

ഋണബാധ പിടികൂടുന്നതും, വിദ്യാൎത്ഥികൾക്കു പഠിപ്പിൽ അപജയമുണ്ടാകുന്നതും, നിൎദ്ധനരാകുന്നതും, യഥേഷ്ടിതം കാൎയ്യങ്ങൾ സാധിക്കാതെ വരുന്നതും, വ്യാധികൾ പിടിപെടുന്നതും, സ്വമിത്രങ്ങൾകൂടി മുഷിയാൻ ഇടയാകുന്നതും മററും കൃത്യനിഷ്ഠക്കുറവുകൊണ്ടുതന്നെയാകുന്നു. ബുദ്ധി കുറവായിരുന്നാലും ദോഷമില്ല. കൃത്യനിഷ്ഠയുണ്ടായിരുന്നാൽ മനുഷ്യൎക്ക് അവരുടെ പ്രവൃത്തികളിൽനിന്ന് ഉദ്ദിഷ്ടഫലനിവൃത്തികൊണ്ടും സന്തുഷ്ടിക്കും സംഗതിവരും. പക്ഷെ ബുദ്ധിപൂൎവ്വം കാൎയ്യങ്ങളെ നടത്തുവാൻ ത്രാണിയുള്ളവൎക്കു കൃത്യനിഷ്ഠയുണ്ടായാൽ വേഗത്തിലും, മന്ദബുദ്ധികൾക്കു സാവധാനത്തിലും അവരുടെ കൎത്തവ്യകൎമ്മഫലങ്ങളെ ആസ്വദിക്കാറാകുമെന്ന് ഓൎക്കേണ്ടതാണ്. മനുഷ്യൎക്കു സകലവിധമായ ഉന്നതപദവികൾ ഇഹപരങ്ങളിൽ സിദ്ധിച്ചിട്ടുള്ളതും സിദ്ധിക്കുന്നതും കൃത്യനിഷ്ഠയാൽ തന്നെയാകുന്നു.

"ഇന്നാൎക്കുമുന്നതിവരാനിഹകൃത്യനിഷ്ഠ-
യൊന്നാണുബുദ്ധികുറവാകിലുമില്ലദോഷം"— എന്നുള്ളതു വാസ്തവമാണെന്നു നമുക്ക് അനുഭവസിദ്ധമാണല്ലൊ. അതിനാൽ എല്ലാവരും ഐഹികപാരത്രികഗുണോൽക്കൎഷത്തിന്നു തുണയ്ക്കുവാൻ കൃത്യനിഷ്ഠയാകുന്ന പരദേവതയെ അനാകുലവും അനാരതവും ആരാധിക്കേണ്ടതാകുന്നു.

# അദ്ധ്യായം ൩.

## ഭൂമി.

"ധാരാധരാഢ്യശിഖരീസ്തനരമ്യയായി
വാരാശിയാംവസനവുംവടിവോടുചാർത്തി
ധാരാളകാന്തിയൊടഭീപ്സിതമാക്കുമേകും
പാരായിടുംഭഗവതിക്കുനമസ്കരിച്ചേൻ."

സംസ്കൃതവയ്യാകരണന്മാർ 'ഭൂമിയെ' സ്ത്രീലിംഗമായിട്ടാണ് ഗണിച്ചുവരുന്നത്. ഹിന്തുക്കൾ ഭൂമിയെ 'ഭൂമിദേവി' എന്ന ഉപപദത്തോടുകൂടി വിളിച്ചുവരുന്നു. ഭൂമി, സൂൎയ്യൻ, ചന്ദ്രൻ മുതലായ പ്രാകൃതദൃശ്യവിഷയങ്ങളെ പണ്ട് ആൎയ്യന്മാർ ദേവന്മാരായി സങ്കല്പിച്ച് ആരാധിച്ചുപോന്നിരുന്നതു മുതൽക്കായിരിക്കണം ധരിത്രിക്കു ഭൂമിദേവിയെന്ന് അഭിധാനമുണ്ടായിത്തുടങ്ങിയത്. 'ഭൂമിയോളം താഴണം' എന്നു പ്രാചീനന്മാരും നവീനരും പറഞ്ഞതും പറഞ്ഞുവരുന്നതും ആലോചിക്കുന്നതായാൽ ഭൂമിദേവിയെപ്പോലെ ക്ഷമ മററാക്കുമില്ലെന്നാണ് കരുതേണ്ടിവരുന്നത്. ഇതുകൊണ്ടായിരിക്കാം ഭൂമിക്കു 'ക്ഷമാ' എന്ന പൎയ്യായമുണ്ടായിട്ടുള്ളത്. സംസ്കൃതവ്യാകരണനിയമപ്രകാരം 'ആകാരവും', 'ഈകാരവും' സ്ത്രീലിംഗപ്രത്യയങ്ങളാണെന്നുള്ളത് ഇവിടെ പ്രസ്താവിക്കുന്നതും സന്ദൎഭോചിതമായിരിക്കുമല്ലൊ.

ഇനി ഭൂമിയുടെ ആകൃതിയെയും മററും കുറിച്ചു പൎയ്യാലോചിക്കുക. ഭൂമി ഒരു ചെറുനാരങ്ങപോലെ ഉരുണ്ടതാകുന്നു. കാഴ്ചയിൽ അതു പരന്നാണിരിക്കുന്നത്. ഇതുകൊണ്ടായിരിക്കാം സാധാരണ ജനങ്ങൾ ചില സന്ദൎഭങ്ങളിൽ "ഭൂമി പരന്നിട്ടല്ലേ" എന്നു പറയുന്നതെന്നു തോന്നുന്നു.

ഭൂമി ജലത്താൽ പരിവൃതമായിട്ടുള്ളതാകുന്നു. ഇതുകൊണ്ടാണ് "ആഴിയാകുമുടഞാണുടയോളാമൂഴി" എന്നും മററും ക

വികാരം ഭൂമിയെ വർണ്ണിച്ചിട്ടുള്ളത്. പൃഥ്വിയെ ചുററിക്കിടക്കുന്ന സാഗരങ്ങളിൽക്കൂടി പ്രചരിക്കുന്ന കപ്പലുകൾ കരയ്ക്ക് അണയുവാൻ വരുമ്പോൾ നമ്മൾ സമുദ്രതീരങ്ങളിൽനിന്നു നോക്കുന്നതായാൽ അവയുടെ മദ്ധ്യഭാഗങ്ങൾ നമുക്കു ശരിയായി കാണ്മാൻ സാധിക്കാതെ വരുന്നതുകൊണ്ടു ഭൂമിയുടെ വിതാനം ഉപയ്യുപരി വക്രിച്ചാണിരിക്കുന്നതെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഗണിതശാസ്ത്രജ്ഞന്മാർ യഥാക്രമം മേൽക്കുമേൽ വളഞ്ഞിരിക്കുന്ന വസ്തുവിനെയാണല്ലൊ ഗോളമെന്നു പറയുന്നത്. ഭൂമി സമനിരപ്പിലാണെങ്കിൽ കൽക്കട്ടയിൽ മദ്ധ്യാഹ്നമായിരിക്കുന്ന സമയം ഇംഗ്ലണ്ടിൽ പ്രഭാതമായിരിപ്പാനവകാശമില്ലല്ലൊ.

ചന്ദ്രഗ്രഹണമുണ്ടാകുന്ന കാലത്തു ശശിമണ്ഡലത്തിൽ ഭൂച്ഛായ വർത്തുളാകൃതിയിൽ കാണപ്പെടുന്നുവെന്ന് ആംഗ്ലേയപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അവർ ഗ്രഹണോത്ഭവത്തെപ്പററി പ്രസ്ഥാപിച്ചിട്ടുള്ളത് ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായിരിക്കുമല്ലോ. "ഒരു വാവുമുതൽ മറുവാവിനകത്തു ചന്ദ്രൻ ഭൂമിയെ ഒരു പ്രദക്ഷിണം വെയ്ക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ ചന്ദ്രൻ ഭൂച്ഛായയിൽ മറഞ്ഞുപോകാനും മതി. ഈ മറവിന്നാണ് ഗ്രഹണമെന്നു പറയുന്നത്. എന്നാൽ എല്ലാ പൌർണ്ണമാസിക്കും ഗ്രഹണമുണ്ടാകാത്തതെന്താണെന്നുള്ള ചോദ്യത്തിന്ന്, സൂര്യചന്ദ്രന്മാരുടെ തെക്കുവടക്കുള്ള നീക്കത്തിന്നു യോജിപ്പില്ലാത്തതിനാലാകുന്നുവെന്നാണ് അവർ ഉത്തരം പറയുന്നത്". ഈ സംഗതികളാലും ഭൂമി ഉരുണ്ട വടിവിലുള്ള ഒന്നാണെന്നു സാധിക്കുന്നുണ്ടല്ലൊ.

ഇനി ഭൂമാഹാത്മ്യത്തെപ്പററി സ്വല്പമിവിടെ വർണ്ണിക്കുന്നത് അനാവശ്യവും അടിസ്ഥാനരഹിതവുമായ്ത്തീരുകയില്ലെന്നു വിശ്വസിക്കുന്നു. നമ്മൾ വസിക്കുന്ന വിശാലമായ ഭൂമിയിൽ അ

നവധി രാജ്യങ്ങളുണ്ട്. എല്ലാ രാജ്യങ്ങളിലും വൃക്ഷസസ്യാദികളിൽനിന്നു ഫലങ്ങളും കന്ദങ്ങളും കളമച്ചെടി മുതലായവയിൽനിന്നു പലമാതിരി ധാന്യങ്ങളും ഉണ്ടാകുന്നു. എന്നാൽ ഒരു രാജ്യത്തുണ്ടാകുന്നവ മററു ചില രാജ്യങ്ങളിൽ ഉണ്ടാകുന്നതുമില്ല. ഇതിൻെറ കാരണം എന്താണെന്ന് ആലോചിക്കുന്നാപക്ഷം അതു ഭൂമിയിലുള്ള മൃത്തിൻെറ തരഭേദമാണെന്നു പറയാതെ കഴികയില്ല. പക്ഷെ ഓരോരൊ രാജ്യങ്ങളിലെ ഉല്പന്നങ്ങൾ പരസ്പരം ഇറക്കുകയററുമതികൾ ചെയ്യുന്നതിനാൽ ഭൂമിയുടെ സകല ഭാഗങ്ങളിലുമുണ്ടാകുന്ന സാധനങ്ങൾ എല്ലായിടത്തും ഒരുപോലെ കാണ്മാനും ഉപയോഗിപ്പാനും ഇടവരുന്നു. ഇറക്കുമതിയും കയററുമതിയും ജലം വഴിയായും കരവഴിയായുമാണ് നടക്കുന്നത്. ഓരോരൊ രാജ്യത്തുണ്ടാകുന്ന സാധനങ്ങളുടെ ആകൃതിക്കും നിറത്തിനും രുചിക്കും ഭേദഗതി കാണുന്നതുമുണ്ട്.

തൃണങ്ങൾ വൃക്ഷലതാദികൾ മുതലായ സന്താനങ്ങളെ വഹിച്ചുകൊണ്ടിരിക്കുന്ന ഭൂമി ആരെയാണ് ആനന്ദഭരിതന്മാരാക്കാത്തത്? നമ്മുടെയിടയിൽ സാധാരണയായി കണ്ടുവരുന്ന നെൽച്ചെടിയെത്തന്നെ ഇവിടെ ഒന്ന് ഉദാഹരിച്ചുനോക്കുക. വിത്തുവിതച്ചു മുളച്ചു രണ്ട് അംഗുലം ഉയരത്തിൽ വരുന്ന അവസരത്തിൽ കണ്ടാൽ വിതച്ചിരിക്കുന്ന ആ വയലിലെല്ലാം പച്ചനിറത്തിലുള്ള സൂചികൾ നിരത്തി കഴിച്ചിട്ടിരിക്കയാണെന്നല്ലേ തോന്നുക? പിന്നെ കുറച്ചുനാൾ കഴിഞ്ഞാൽ അവിടെ ഒരു പച്ചപ്പട്ടു വിരിച്ചിരിക്കയാണെന്നു തോന്നും. അങ്ങിനെ രണ്ടുമൂന്നു മാസം തികയുമ്പോൾ അതുകളിന്മേൽ ഊർദ്ധ്വദൃഷ്ടികളായിട്ടു കുലകളുണ്ടാകുന്നു. അനന്തരം അവയുടെ പച്ചനിറം വിട്ട് അവ പീതവർണ്ണത്തെ അംഗീകരിക്കുന്നു. സൂര്യചന്ദ്രന്മാരുടെ കാന്തിയും മരുത്തിൻെറ സ്പർശനവുമാണല്ലൊ ഇതിൻെറ കാരണം. നെൽച്ചെടികൾക്കു മഞ്ഞവർണ്ണം വന്നുകഴി

ഞാൽ കതിരുകളെല്ലാം തല ചായ്ക്കുന്നു. ഇതിനെ കണ്ടു രണ്ടു പ്രാചീനകവികളിങ്ങിനെ അഭിപ്രായപ്പെട്ടിട്ടുണ്ട്.

൧. "കലമാഃ പാകവിനമ്രാഃ
മൂലതലാഘ്രാതസുരഭികൽഹാരാഃ
പവനാകമ്പിതശിരസഃ
പ്രായഃകുർവ്വന്തിപരിമളശ്ലാഘാം.

൨. അധിഗതപാകാഃകലമാഃ
ശിരസാംലവനംസമീപഗംമത്വാ
നമ്രമുഖതാംഭജന്തേ
തഥാവിധാനാംഹ്യനമ്മുഖതാ."

ഭൂമിയുടെ നാനാപ്രദേശങ്ങളിൽ കാണപ്പെടുന്ന മനുഷ്യരുടേയും തിൎയ്യഗ്യോനികളുടേയും മററു ജീവിജാലങ്ങളുടേയും ആകൃതി പ്രകൃതികൾക്കും ശബ്ദത്തിന്നും മററും വ്യത്യാസമുള്ളതായി കാണുന്നുണ്ട്. ഇങ്ങിനെയുള്ള സകല സ്ഥാവരജംഗമങ്ങളേയും ഭൂമി വഹിച്ചുകൊണ്ടു നില്ക്കുന്നു. ഹാ! ഭൂമി എത്ര മഹാ ശക്തിയുള്ളവൾ? എത്ര സഹനശക്തിയുള്ളവൾ? എന്നാൽ ഇതെല്ലാം പ്രകൃതിവിലാസമെന്നല്ലാതെ പിന്നെയെന്താണ് പറയേണ്ടത്? അതിനാൽ സൎവ്വരും ഭൂമിദേവിയെ നിജമാതാവെപ്പോലെ ഗണിച്ചു ദിനംപ്രതി നമസ്കരിക്കേണ്ടതാകുന്നു.

## അദ്ധ്യായം ൭.

### വ്യായാമം.

'കായാതിദാൎഢ്യമൊടുകൎമ്മപടുത്വമാക്കും
വ്യായാമമൂലമളവററുളവായിടുന്നു
പേയാണുകാൎയ്യമതിമാത്രമതാചരിച്ചു-
പോയാൽസ്വദേഹപതനത്തിനുമുണ്ടുമാൎഗ്ഗം.'

"ശരീരമാദ്യം ഖലുധർമ്മസാധനം" ഈ സംഗതി ആദ്യമായി സ്മരിക്കേണ്ടതാണ്. ജ്വരാദിരോഗങ്ങൾക്കു ശരീരവും രാഗദ്വേഷാദിദീനങ്ങൾക്കു മനസ്സും സ്ഥാനമാകുന്നു. യാതൊരു രോഗബാധയും കൂടാതെ നമ്മുടെ കായത്തേയും ഹൃദയത്തേയും സൂക്ഷിക്കേണ്ടതു നമ്മുടെ ചുമതലയാകുന്നു. എന്നാൽ അതിന്ന് ആവശ്യമായവ എന്തെല്ലാമാണെന്നാണ് ആദ്യമായി ആലോചിക്കേണ്ടത്. മനുഷ്യശരീരത്തിന്റെ പുഷ്ടിക്കും ആരോഗ്യത്തിന്നും കുളി, ആഹാരം, ജലപാനം, നിദ്ര, ശുദ്ധവായു എന്നിവ അവശ്യം ആവശ്യമാണെന്ന് എല്ലവരും സമ്മതിക്കുന്നതാണല്ലൊ. അതുപോലെ വ്യായാമവും പ്രത്യേകം ആവശ്യമാകുന്നു. ശരീരത്തിന്നൊ മനസ്സിന്നൊ ആയാസമുണ്ടാക്കുന്ന പ്രവൃത്തിക്കാകുന്നു വ്യായാമമെന്നു പറയപ്പെട്ടന്നത്. അതുകൊണ്ടു വ്യായാമത്തെ കായികം, മാനസികം എന്നു രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഗാത്രാവയവങ്ങളുടെ ആയാസത്തിന്ന് ഉതകുന്ന വ്യാപാരമെല്ലാം കായികവും, ചിന്തയ്ക്കു വിഷയമായി ഭവിക്കുന്നതെല്ലാം മാനസികവുമാകുന്നു.

എന്നാൽ ലോകത്തിൽ കാണുന്ന എല്ലാമനുഷ്യരും മാനസികവ്യായാമം ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ വ്യത്യാസം കല്പിക്കാതിരിപ്പാൻ ന്യായം കാണുന്നില്ല. ഓരോരുത്തർ നടത്തിവരുന്ന കാര്യങ്ങളെ അനുസരിച്ചിരിക്കും അവരുടെ മാനസികവ്യായാമസ്ഥിതിയും. എല്ലാവർക്കും ചെയ്യാനുള്ള കാര്യങ്ങൾ ഒരുപോലെയായിരിപ്പാൻ വഴിയില്ലല്ലൊ. ഉപാദ്ധ്യായന്മാർ, അദ്ധ്യേതാക്കൾ, വക്കീലന്മാർ, ജഡ്ജിമാർ, കവികൾ മുതലായവർ ചെയ്യുന്ന മാനസികവ്യായാമം മററുള്ളവർ ചെയ്യുന്നില്ല. എന്നാൽ അതിയായി മനസ്സുകൊണ്ടു വ്യാപാരംചെയ്യുന്നവരോടൊന്നിച്ചു രോഗബാധയും സ്ഥായിയോടെ കൂടുന്നു. അതിനാൽ മാനസികവ്യാപാരം അധികരിച്ചുള്ളവർക്കു വ്യായാമം അവശ്യം ആവശ്യവും പത്ഥ്യവുമാകുന്നു. നമ്മുടെ ജീവിതദശ

ത്തിൽ അനവധി സംഗതികൾ നമ്മുടെ നേത്രേന്ദ്രിയങ്ങൾക്കും ശ്രോത്രേന്ദ്രിയങ്ങൾക്കും മററും ഗോചരമായിരിക്കുന്നതിനാലും, അസംഖ്യം കാര്യങ്ങൾ നമുക്കു ചെയ്യാനുള്ളതുകൊണ്ടും, ആ വക കാര്യകാരണ ഗൌരവസ്ഥിതികൾ വ്യത്യസ്തങ്ങളായി വരുവാൻ സംഗതിയുള്ളതുമൂലവും മാനസികവ്യായാമവിഷയത്തിൽ ഒരു പ്രത്യേകനിയമം ഏൎപ്പെടുത്തുക എന്നത് ആക്കും അസാദ്ധ്യമാകുന്നു. അതിനാൽ ആരും മനസ്സിനെക്കൊണ്ട് അധികമായി വ്യാപരിപ്പിക്കരുത്.

ഇനി കായിക വ്യായാമത്തെക്കുറിച്ചു ചിന്തിക്കുക. നമ്മുടെ ശരീരത്തെ ഒരു ഘടികാരത്തോട് ഉപമിക്കാം. അതിൽ പലമാതിരി ചക്രങ്ങളും മററുമുണ്ട്. അവയുടെ പ്രവൃത്തികൾ ശരിയായി നടക്കണമെങ്കിൽ വേണ്ടസമയത്തു താക്കോൽ കൊടുക്കണം. അല്ലെങ്കിൽ അതിൻെറ അവയവങ്ങൾക്കു തുരുമ്പുപിടിച്ചു ബലമററ് ഉപയോഗയോഗ്യമല്ലാതായിത്തീരുന്നു. എന്നാൽ അതിനെ ചിലദിവസം നടത്തുകയും ചിലപ്പോൾ നടത്താതിരിക്കുകയും ചെയ്താലും അതിൻെറ അംഗങ്ങൾക്കു ശക്തി കുറയും. മനുഷ്യരുടെ ബാഹ്യാഭ്യന്തരാവയവങ്ങൾ നിരന്തരം പ്രവൃത്തിച്ചുകൊണ്ടിരുന്നാലെ അവക്കു ശരീരസുഖവും ഉന്മേഷവും ചൊടിയുമുണ്ടാകയുള്ളു. പ്രവൃത്തി ഇല്ലാത്തവർ ലോകത്തിൽ ആരുംതന്നെ ഇല്ലെങ്കിലും ചിലരുടേതു സൎവ്വാംഗങ്ങൾക്കും ആയാസമുണ്ടാക്കുന്നില്ല. ഉദയം മുതൽ അസ്തമയം വരെ ഒരു സ്ഥാനത്തിരുന്ന് എഴുതുകയൊ വായിക്കുകയൊ തുന്നുകയൊ ചെയ്യുന്നവർ ഓരോതരം തൊഴിലുകളാണ് ചെയ്യുന്നതെങ്കിലും, അവരുടെ തലച്ചോറിനും കയ്യുകൾക്കും മാത്രമെ പ്രവൃത്തിയുണ്ടാകുന്നുള്ളു. മാംസപേശികൾക്കു വേണ്ടുവോളം ചലനമുണ്ടാകുന്നില്ല. മനുഷ്യരുടെ ദേഹത്തിലുള്ള സകല അംഗങ്ങൾക്കും ആയാസമുണ്ടായിരുന്നാലല്ലാതെ അവ തക്ക വിധത്തിൽ വികസിച്ചു വളൎന്നു ബലപ്പെടുന്നതല്ല. ഇതിന്നു വ്യായാമമാണ് ആവശ്യമായിട്ടുള്ളത്.

നമ്മൾ യാതൊരു പ്രവൃത്തിയുമെടുക്കാതെ സ്വസ്ഥമായിരിക്കുമ്പോൾ ഒരു ക്ഷണനേരത്തിൽ ഏകദേശം പതിനാറു പ്രാവശ്യം ശ്വാസംകഴിക്കുന്നുണ്ടെന്നാണ് ആംഗ്ലേയപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. അതിവേഗത്തിൽ ശ്വാസംവിടുവാൻ സാധിച്ചാൽ ശ്വാസകോശത്തിൽ വായു അധികമായി പ്രവേശിച്ച് അംഗാരാമ്ലകം ശരീരത്തിൽനിന്നു പുറത്തുപോകുന്നതും, അതിൻെറ ആ ഉദ്ഗമംകൊണ്ടു രക്തത്തെ ശുചീകരിക്കുന്നതുമാകുന്നു. ദേഹസുഖത്തിന്ന് ആധാരമായിട്ടുള്ളതു രുധിരശുദ്ധിയാകുന്നു. വായുവിൻെറ ശീഘ്രഗതി വ്യായാമത്തെ അവലംബിച്ചാണിരിക്കുന്നത്. വ്യായാമംമൂലം ഹൃദയം അതിവേഗത്തിൽ അതിൻെറ വ്യാപാരത്തെ നടത്തുകയും, ശരീരത്തിലെങ്ങും രക്തം പ്രസരിച്ചു ജീവചൈതന്യം വർദ്ധിപ്പിക്കുകയും ചെയ്യും. നമ്മുടെ ത്വക്കിൽ രക്തവ്യാപനശക്തി അധികരിക്കുന്നതിന്നും, സ്വേദകണങ്ങൾ പൊടിഞ്ഞു ഗാത്രത്തിനുള്ളിലുള്ള മലിനാംശങ്ങൾ പുറത്തുവരുന്നതിന്നും, മാംസപേശികൾ നാഡിഞരമ്പുകൾ എന്നിവ ശക്തിയുക്തം വളരുന്നതിന്നും, ചിത്തബുദ്ധികളുടെ ശക്തിക്കും തെളിമയ്ക്കും വികാസത്തിന്നും, തലച്ചോറിൻെറ നൈമ്മല്യത്തിന്നും, നിശയിൽ വേണ്ടസമയത്തു നിദ്രയുണ്ടാകുന്നതിന്നും, ദീപനശക്തിക്കും ശരീരായാസം പ്രത്യേകം ആവശ്യമാകുന്നു. വ്യായാമത്തെ സംബന്ധിച്ച്,

"ലാഘവംകമ്മസാമത്ഥ്യം ദീപ്തോഗ്നിമ്മേദസംക്ഷയഃ
വിഭക്തഘനഗാത്രത്വം വ്യായാമാദുപജായതേ." എന്നാണ് വാഹടാചാൎയ്യർ പറഞ്ഞിട്ടുള്ളത്.

നമ്മുടെ ശരീരത്തിൽനിന്ന് ഒരു ദിവസം ഏകദേശം രണ്ടു റാത്തലോളം മലിനവസ്തുക്കൾ മലമൂത്രങ്ങൾ, സ്വേദം എന്നീ മൂന്നുവഴിയായി പുറത്തുപോകുന്നുണ്ട്. ഇവയിൽവെച്ചു വിയപ്പിൽക്കൂടിയാണ് അധികഭാഗം പുറത്തുവരുന്നത്. നമ്മുടെ ത്വക്കിൽ അനവധി രോമകൂപങ്ങളുണ്ട്. ഈ സൂക്ഷ്മര

ന്ധ്രങ്ങളിൽക്കൂടിയാകുന്ന വിയപ്പുതുള്ളികൾ പുറത്തുവരുന്നത്. വ്യായാമം ചെയ്താൽ ദേഹമാസകലം വിയക്കും. അപ്പോൾ മലിനാംശങ്ങൾ പുറത്തുപോയി ശരീരത്തിന്നു സുഖമുണ്ടാകുന്നു. ആയാസാനന്തരം വിയപ്പുകണ്ടാൽ ശരീരം മുഴുവനും നല്ലവണ്ണം തുടച്ചു വെടിപ്പാക്കിയില്ലെങ്കിൽ വെളിയിലേക്കുവരുന്ന ദ്രവം രോമകൂപങ്ങളിൽ തങ്ങിനിന്ന്, അതു വീണ്ടും അന്തർഭാഗത്തേക്കു ചെന്നു സുഖഹാനിവരുത്തും.

"തം്ക്രതംാന്നസുഖംദേഹം മർദ്ദയേച്ചസമംതതഃ," എന്നാണല്ലൊ വിധി.

അവരവരുടെ ശക്തിയെ അധികരിച്ച് ആരും ആയാസം ചെയ്യരുത്.

"അർദ്ധശക്ത്യാനിഷേവ്യസ്തുബലിഭിഃസ്നിഗ്ദ്ധഭോജിഭിഃ,"എന്നാണ് വൈദ്യശാസ്ത്രജ്ഞർ പറഞ്ഞിട്ടുള്ളത്. ബലഹീനൻ നാഡിസിരകൾക്കും ശ്വാസകോശാദികൾക്കും തളച്ചപററാത്ത വിധത്തിൽ മാത്രമെ വ്യായാമം ചെയ്യാവു. ശരീരായാസം ചെയ്യുന്ന സമയത്തു രക്തപ്രസരണവും ശ്വാസോച്ഛ്വാസവും അതിശീഘ്രമുണ്ടാകുന്നതിനാലാകുന്നു കട്ടപ്പമുള്ളതും അമിതവുമായ ആയാസം അവിഹിതമാണെന്നു പറയുന്നത്. അതുമൂലം പല ദോഷങ്ങളും സംഭവിക്കാനിടയുണ്ട്.

"തൃഷ്ണാക്ഷയപ്രതമകോ രക്തപിത്തംശ്രമഃക്ലമഃ
അതിവ്യായാമതഃകാസോ ജ്വരഛർദ്ദിശ്ചജായതേ." എന്നുള്ളതിനാൽ ആരും അമിതവ്യായാമം ചെയ്യരുത്.

"ശീതകാലേവസന്തേച മന്ദമേവതതോന്യദാ," എന്ന ശാസ്ത്രവചനത്താൽ ഉഷ്ണസമയത്തു വ്യായാമം വർജ്ജിക്കേണ്ടതാണെന്നു വിചാരിക്കണം. ശീതകാലങ്ങളിൽ കഫവർദ്ധനയുള്ളതിനാലായിരിക്കണം ആ കാലങ്ങൾ നന്നൊന്നു പറഞ്ഞിട്ടുള്ളത്. കഫമാണ് ശരീരപുഷ്ടിക്കു കാരണം. പക്ഷെ അത് ഒരു ദേഹത്തിൽ അമിതമായിരുന്നാലും കുറഞ്ഞിരുന്നാലും ദു

ഷിച്ചാലും ദോഷം തന്നെയുണ്ടാക്കുന്നു. ദുഷിച്ച കഫത്തെ വെള്ളമാക്കി പുറത്തുകളയാനും, ആവശ്യത്തിൽ അധികമുള്ളതു മിതത്തിലാക്കുവാനും വ്യായാമത്തിന്നു ശക്തിയുണ്ട്. അരുണൻ പ്രതാപയുക്തനായിരിക്കുന്ന സമയത്തു ശരീരായാസം അപത്ഥ്യമാകുന്നു. പകൽ നമുക്കു പലവിധത്തിലും മനസ്സിന്നും കായത്തിന്നും ആയാസമുണ്ടാകാനിടയുള്ളതിനാൽ അതിന്റെ വിശ്രമത്തിന്നുള്ള സമയം രാവാണല്ലോ. അതിനാൽ രാത്രിയിൽ വ്യായാമം ഒരിക്കലും വയ്യാ. ക്ഷുൽപിപാസാദികളാൽ ക്ഷീണിച്ചിരിക്കുമ്പോഴും ആഹരിച്ച ഉടനേയും വ്യായാമം വർജ്ജിക്കണം. ദിവസവും മുടങ്ങാതെയും ക്ലിപ്തസമയത്തിന്നു നീക്കുപോക്കുവരാതെയും വ്യായാമം ചെയ്തില്ലെങ്കിൽ പല ഗദങ്ങളും പിടിപെടുന്നതാണ്. ശുദ്ധാനിലൻ പ്രചരിച്ചുകൊണ്ടിരിക്കുന്ന വിശാലമായ സ്ഥലത്തുവെച്ചേ ശരീരായാസം ചെയ്യാവൂ.

വ്യായാമത്തിന്ന് ആരംഭിക്കുന്നതിന്നു മുമ്പായി സ്നേഹസങ്കലിതമായ ചൂടുള്ള ദ്രവദ്രവ്യമെന്തെങ്കിലും അല്പം പാനം ചെയ്യുന്നതു നല്ലതാണ്. ശരീരത്തിന്ന് ആയാസം വന്നാൽ ഉടൻ മന്ദമാരുതൻ പ്രസരിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തു ചെന്നിരുന്നു കുറച്ചുനേരം വിശ്രമിച്ചതിന്നുശേഷം എണ്ണ തേച്ചുകളിക്കണം. മുലകളുടെ മദ്ധ്യത്തിലും മൂക്കിലും സൎവ്വസന്ധികളിലും കക്ഷങ്ങളിലും വിയൎപ്പുകണ്ടാൽ പിന്നെ അന്നു വ്യായാമം ചെയ്യരുത്. അഭ്യംഗസ്നാനം നല്ലതാണെങ്കിലും ശരീരത്തിൽ ആപാദചൂഡം മെഴുക്കുണ്ടാകരുതെന്നു പ്രത്യേകം ഓൎമ്മവെക്കേണ്ടതാകുന്നു. രോമകൂപങ്ങൾ വിവൃതമായാൽ അതു രോഗബീജമായി പരിണമിക്കുമെന്നും ഇവിടെ സ്മൎത്തവ്യമാണല്ലോ.

എന്നാൽ ഏതുതരം വ്യായാമമാണ് ചെയ്യേണ്ടതെന്ന് ആലോചിക്കുന്നപക്ഷം അതിനെ തീരുമാനിച്ചു പറയുക അസാദ്ധ്യമാകുന്നു. ദിനംപ്രതി മരം വെട്ടുക, നിലം കിളയ്ക്കുക മു

തലായ വേലകൾ ചെയ്യുന്നവർ വേറെ ഒരു വ്യായാമം ചെയ്യേണ്ടതില്ല. മാനസികവ്യായാമം അധികമായുള്ളവക്കും അലസന്മാക്കുമാകുന്നു അതു മുഖ്യമായി വേണ്ടത്. നമ്മുടെ പൂർവ്വീകന്മാരായ സ്ത്രീപുരുഷന്മാർ നമ്മളേക്കാൾ തുലോം കായബലവും ആരോഗ്യവുമുള്ളവരായിരുന്നു. ഇപ്പോഴുള്ള വൃദ്ധന്മാരിൽ ചിലരെ കാണുമ്പോൾതന്നെ നമുക്ക് ആ സംഗതി അനായാസേന അനുമാനിക്കാവുന്നതാണല്ലൊ. അവർ ദിവസേന സ്വകുടുംബസംബന്ധമായുള്ള പല പ്രവൃത്തികളും ചെയ്തുകൊണ്ടിരിക്കുന്നതിനാലാകുന്നു ഇന്നും അവരുടെ യൌവനം അക്ഷയം നിലനില്ക്കുന്നത്. ഈ കൂട്ടക്കു പ്രത്യേകിച്ച് ഒരു വ്യായാമം ആവശ്യമില്ല. ഇന്നുള്ള മിക്ക പുരുഷന്മാരും വനിതാജനങ്ങളും ഗൃഹജോലികളിൽ വൈമനസ്യം നടിക്കുന്നതു നമുക്ക് അനുഭവസിദ്ധമല്ലെ? ഇതു വാസ്തവത്തിൽ ജളത്വമാകുന്നു. ഏവക്കും അഭിമാനം ആവശ്യമാണ്. പക്ഷെ അതു ന്യായാനുസൃതവും സന്ദർഭോചിതവുമായിട്ടുള്ളതായിരുന്നാൽ ശോഭാവഹമായിരിക്കും. മനുഷ്യർ അവരവരുടെ ഗൃഹഭരണവൃത്തികളിൽ പ്രതിപത്തിയില്ലാതെ കാണിക്കുന്നതു ദുരഭിമാനമാകുന്നു. അവരവരുടെ ഗേഹവൃത്തികളെ കഴിയുന്നതും യഥാശക്തി സ്വയമേവ നിർവ്വഹിക്കുന്നതായാൽ ധനനഷ്ടം കൂടാതേയും വേണ്ടതുപോലേയും പര്യാവസാനിക്കും. എന്നുമാത്രമല്ല; അവക്കു വിശിഷ്യാ, മറെറാരു വ്യായാമവും ആവശ്യമായി വരികയുമില്ല. ഇതുമൂലം ഗാത്രാവയവബലവും പുഷ്ടിയും ഉണ്ടാകുന്നതുമാകുന്നു. ഒരു കാര്യത്തിൽനിന്നു രണ്ടുഗുണം ഉത്ഭവിക്കുമെങ്കിൽ അതല്ലേ ചെയ്യേണ്ടത്?

വ്യായാമത്താൽ ഗുണമധികമുണ്ടാകുമെങ്കിലും, "വാതപിത്താമയീബാലോ വൃദ്ധോജീർണ്ണീചതംത്യജേൽ," എന്നു വൈദ്യശാസ്ത്രമുള്ളതിനാൽ എല്ലാ മനുഷ്യരും വ്യായാമം ചെയ്തുകൊള്ളണമെന്നു നിർബ്ബന്ധിക്കുന്നില്ല. വിത്തം ജ്ഞാനം മുതലായ

വയാൽ ഒരുത്തൻ പ്രതാപയുക്തനായിരുന്നാലും, അവൻ അരോഗിയായിരുന്നില്ലെങ്കിൽ പിന്നത്തെ അവൻെറ കഥയെന്തായിരിക്കും? അരോഗികളായ അഗതികൾക്ക് അവരുടെ ഉപജിവനമാൎഗ്ഗങ്ങളെ അന്വേഷിച്ചു പ്രവൃത്തിയെടുത്തു കൂലിവാങ്ങി കാലം കഴിപ്പാൻ പ്രയാസമില്ല. അതുകൊണ്ടു മനുഷ്യരുടെ ജീവിതദശയിൽ അവൎക്കു ലഭിക്കേണ്ടുന്ന വലിയ ഭാഗ്യം ആരോഗ്യമാണെന്നു പ്രസിദ്ധമാണല്ലൊ. എന്നാൽ,

"വ്യായാമജാഗരാദ്ധ്വസ്ത്രീഭാഷ്യഹാസ്യാദിസാഹസം
ഗജംസിംഹമിവാകൎഷൻഭജന്നതിവിനശ്യതി" ഈ സംഗതിയുംകൂടി എല്ലാവരും സദാഹൃദി സ്മരിക്കേണ്ടതാകുന്നു.

## അദ്ധ്യായം ൯

### ദുൎയ്യോധനൻ.

'ധീരൻമഹാകഠിനചിത്തനുദാരഹീനൻ
വീരൻകൃതഘ്നനഭിമാനിഖലൻബലിഷ്ഠൻ
ശ്ശൂരൻദുരന്തതരചിന്തകളാൽമറിച്ചു-
ദുൎയ്യോധനൻസ്വജനസഞ്ചയധൂമകേതു.'

ജാത്യാന്ധനായ ധൃതരാഷ്ട്രൻെറ പുത്രനാണ് ദുൎയ്യോധനൻ. ഇദ്ദേഹത്തിൻെറ അമ്മ സുബലരാജാവിൻെറ ആത്മജയായ ഗാന്ധാരിയാകുന്നു. ദുഃഖിച്ചും യുദ്ധം ചെയ്വാൻ ശക്തനാകത്തക്ക വിധത്തിൽ സുലക്ഷണമുണ്ടായിരുന്നതിനാലായിരിക്കണം ഇദ്ദേഹത്തിന്നു ദുൎയ്യോധനൻ എന്നു നാമകരണം ചെയ്തിട്ടുള്ളത്. ഗാന്ധാരി വ്യാസമുനിക്ക് ഒരിക്കൽ ചെയ്തിട്ടുള്ള ആതിത്ഥ്യത്തിന്നായി ഒരു വരം കൊടുക്കാമെന്നു പറഞ്ഞപ്പോൾ അവൾക്കു നൂറു പുത്രന്മാരുണ്ടാകുവാൻ അനുഗ്രഹിക്കേണമെന്നാണ് അവൾ അപേക്ഷിച്ചത്. മുനിയുടെ

അനുഗ്രഹത്താൽ ഗാന്ധാരി ഗർഭം ധരിച്ചെങ്കിലും രണ്ടു സംവത്സരത്തേക്ക് അവർ പ്രസവിച്ചില്ലെന്നല്ല, അനന്തരം ഗാന്ധാരി ഒരു മാംസപിണ്ഡമാണ് പ്രസവിച്ചത്. അപ്പോൾ തന്നെ വ്യാസമുനി ആ ദശാപിണ്ഡത്തെ നൂറുകഷ്ണിച്ച് ആ കഷ്ണങ്ങളെ ഓരോന്നിനേയും ഓരോ ഭരണിയിലാക്കി അടച്ചുകെട്ടിവെപ്പാൻ ആജ്ഞാപിച്ചു. ചിരാൽ മഹാഭയങ്കരമായ ചിഹ്നങ്ങളോടുകൂടി ഒരു ഭരണയിൽ ഉള്ള മാംസക്കട്ടയിൽനിന്ന് ആദ്യം ദുര്യോധനൻ ഉത്ഭവിച്ചു. ഒരു മാസം കഴിഞ്ഞതിനു ശേഷം ബാക്കിയുള്ള ഭരണികളിൽനിന്നു ഓരോ ആൺസന്താനവും ഒന്നിൽനിന്ന് ഒരു കന്യയും ജനിച്ചു. ഇങ്ങിനെയാണ് ദുര്യോധനന്റെ ഉല്പത്തി. ദുര്യോധനപ്രഭൃതികളെ നൂററുവർ എന്നും ആ കന്യയെ ദുശ്ശള എന്നും പറയുന്നു. 'കുരു' എന്നു സുപ്രസിദ്ധനായ ചന്ദ്രവംശജരാജാവിന്റെ കുലത്തിൽ ജനിക്കയാൽ ദുര്യോധനാദികൾക്കു 'കുരുക്കൾ' എന്നും 'കൌരവർ' എന്നും പേരുകളുണ്ടായി.

പാണ്ഡുരാജാവിന്റെ നിര്യാണാനന്തരം ധൃതരാഷ്ട്രർ പാണ്ഡവരെ തന്റെ പുത്രന്മാരുടെ കൂടെ ഒരുമിച്ചു വളർത്തിക്കൊണ്ടുവന്നു. ഗദാപ്രയോഗത്തിൽ പാണ്ഡുപുത്രനായ മാരുതിക്ക് അനിതരസാധാരണമായ പാടവമുണ്ടായിരുന്നതിനാൽ അക്കാലം മുതൽ സുയോധനനു ഭീമസേനനോടു രസമില്ലാതായി തുടങ്ങി. അന്യരുടെ ഉന്നതിയിൽ അസത്തുക്കൾക്ക് അസൂയ ജനിക്കുന്നതു സാധാരണയാണല്ലോ. ഇതുനിമിത്തം ഭീമനു ദുര്യോധനൻ വിഷം കൊടുത്തു. എന്നു മാത്രമല്ല, ഒരിക്കൽ കൈകാലുകളെ കെട്ടി അവനെ ഗംഗയിൽ കൊണ്ടുചെന്ന് ഇട്ടുകളഞ്ഞു. ഇതുകൊണ്ട് ഒന്നും മാരുതിക്കു യാതൊരു ദോഷവും പററിയില്ല.

"അരക്ഷിതംതിഷ്ഠതിദൈവരക്ഷിതം
സുരക്ഷിതംദൈവഹതംവിനശ്യതി

ജീവത്യനാഥോപിവനേവിസജ്ജിതഃ
കൃതപ്രയത്നോപിഗൃഹേനജീവതി." എന്നുണ്ടല്ലോ.

അനന്തരം മാരുതി നാഗലോകത്തിൽ ചെന്ന് അവിടെ നിന്ന് അതീതമായ ശക്തിയും ആരോഗ്യവും പ്രാപിച്ചു നിവൃത്തനായി. പാണ്ഡവന്മാർ അമരാംശസംഭവന്മാരും ദുര്യോധനാദികൾ കല്യംശസംഭൂതരുമാകയാൽ അവർ തമ്മിൽ ചേരുക അസാദ്ധ്യമാണെന്നുംകൂടി ഇവിടെ പ്രസ്താവിക്കുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. സജ്ജനങ്ങളും ദുർജ്ജനങ്ങളും തമ്മിൽ ഐകമത്യമുണ്ടാകുന്നതല്ലല്ലോ. എന്നാൽ ബാല്യത്തിൽ സദ്വൃത്തന്മാരായ പാണ്ഡുപുത്രരുമായി പെരുമാറീട്ടു ദുര്യോധനാദികൾക്കു സജ്ജനത്വമുണ്ടാകാതെ പോയത് അത്യതിശയംതന്നെ. സംസർഗ്ഗംകൊണ്ടാണ് ഗുണദോഷങ്ങൾ ഭവിക്കുന്നതെന്നുള്ള സ്ഥിതിക്ക്, ധർമ്മപുത്രാദികൾക്കു കുരുക്കളുടെ സ്വഭാവം ഉണ്ടാകാഞ്ഞത് എന്താണെന്നു ചോദിക്കുന്നപക്ഷം അതിന്ന്,

"സൽസംഗാൽഭവതിഹിസാധുതാഖലാനാം
സാധൂനാംനഹിഖലസംഗമാൽഖലത്വം
ആമോദംകുസുമഭവംമൃദേവധത്തേ
മൃൽഗന്ധംനതുകുസുമാനിധാരയന്തി." ഈ പദ്യം തക്കതായ മറുവടിയായിരിക്കുമല്ലൊ.

യുധിഷ്ഠിരൻ ദുര്യോധനനേക്കാൾ മൂത്തവനും ധർമ്മിഷ്ഠനും സുശീലനുമായതിനാൽ സന്തോഷഭരിതനായ ധൃതരാഷ്ട്രർ അദ്ദേഹത്തെ യുവരാജാവാക്കി അഭിഷേകം ചെയ്യുവാൻ ആലോചിച്ചു. എന്നാൽ സുയോധനൻ ആ സംഗതിയെ തീരെ വിരോധിച്ചു. എന്നുതന്നെയല്ല, പാണ്ഡവന്മാരെ നാട്ടിൽനിന്ന് ഓടിക്കണമെന്നും നിർബ്ബന്ധിച്ചു. പാണ്ഡുപുത്രരെ ജതുഗേഹം പണിയിപ്പിച്ചതിൽ താമസിപ്പിച്ചെങ്കിലും, ദുര്യോധനന്റെ സമീഹിതം സാധിച്ചില്ല. ഈദൃശങ്ങളായ പല ഉപദ്രവങ്ങളും ദുര്യോധനാദികൾ പാ

ണ്ഡവന്മാൎക്ക് ചെയ്തുകൊണ്ടിരുന്നെങ്കിലും, അവർ അധൎമ്മമായി യാതൊന്നും പ്രവൃത്തിച്ചതുമില്ല. എന്നാൽ ധൎമ്മജാദികളുടെ ധ്യാനം,

“ക്ഷോണീകോണശതാംശപാലനകലാദുൎവ്വാരഗൎവ്വാനല-
ക്ഷുഭ്യൽക്ഷുദ്രനരേന്ദ്രചാടുരചനാംധന്യാംനമന്യാമഹേ
ദേവംസേവിതുമേവനിശ്ചിനുമഹേയോസൌദയാലുഃപുരാ
ധാനാമുഷ്ടിമുചേകുചേലമുനയേദത്തേസ്മവിത്തേശതാം”-എന്നായിരുന്നതുകൊണ്ടു സുയോധനാദികൾ ചെയ്ത ഉപദ്രവങ്ങളെല്ലാം കണ്ണിൽ കൊള്ളേണ്ടതു പുരികത്തിന്മേലായി എന്നു പറഞ്ഞപോലെയാണ് പരിണമിച്ചത്.

അരക്കില്ലത്തിൽനിന്നു രക്ഷ പ്രാപിച്ചതിന്നുശേഷം യുധിഷ്ഠിരാദികൾ വനവാസം കഴിഞ്ഞ് ഇന്ദ്രപ്രസ്ഥത്തിൽ എത്തി അവിടെവെച്ചു രാജസൂയയാഗം ചെയ്തു. ഇതുമൂലം ദുൎയ്യോധനനു പാണ്ഡവന്മാരിൽ പൂൎവ്വാധികം വൈരം മുഴുത്തു ധൎമ്മജന്മാവിനെ ദ്യൂതത്തിന്നായി ഹസ്തിനപുരത്തിലേക്കു വരുവാൻ സ്വപിതാവിനെക്കൊണ്ടു ക്ഷണിപ്പിച്ചു. ദ്യൂതുകളിയും പോരാട്ടവും രാജധൎമ്മങ്ങളാണല്ലോ. ഈ വിഷയങ്ങളിൽ ക്ഷണിക്കപ്പെടുന്ന ഭൂപാലന്മാർ അതിൽ വിമുഖരാകുവാൻ രാജധൎമ്മം അനുവദിച്ചിട്ടില്ല. ഈ സ്ഥിതിക്കു ധൎമ്മപുത്രർ ദുൎയ്യോധനനെ ഈ വിഷയത്തിൽ അനുസരിച്ചത് അന്യായമായെന്നു വരുന്നതല്ലല്ലൊ. സുയോധനൻ ശകുനിയുടെ സഹായത്താൽ ധൎമ്മപുത്രരെ തോല്പിച്ചു പാണ്ഡവന്മാരുടേയും പാഞ്ചാലിയുടേയും സൎവ്വസ്വവും അപഹരിച്ചെടുത്തു. ദ്യൂതാട്ടത്തിൽ നിശ്ചയിച്ചിരുന്ന വാദത്തമാണ് പാണ്ഡവരുടെ വനവാസത്തിന്നു കാരണമായി ഭവിച്ചത്. അനന്തരം പാണ്ഡവന്മാൎക്ക് ഒരു സംവത്സരം അജ്ഞാതവാസവും വേണ്ടിവന്നു. ഈ അവസരത്തിൽ അവർ പല അത്ഭുതകൎമ്മങ്ങളെ ചെയ്തിട്ടുമുണ്ട്. ദുൎയ്യോധനനാൽ ഉല്പ്രേരിതനായ ദുശ്ശാസനന്റെ കഠിനകൎമ്മം കണ്ടു സഹിച്ചു

കൊണ്ടിരുന്ന ധൎമ്മപുത്രരുടെ സഹനശക്തിയും, തദവസരത്തിൽ പ്രദൎശിപ്പിച്ച ഭീമസേനന്റെ ആണത്തവും പ്രശംസനീയം തന്നെ. പാണ്ഡവന്മാർ വനവാസത്തിലിരിക്കുമ്പോൾ അവൎക്കുണ്ടാകാവുന്ന ദാരിദ്ര്യാദി അരിഷ്ടങ്ങളെ കണ്ട് ആനന്ദിക്കുവാൻ പോയിരുന്ന സുയോധനനെ ചില ഗന്ധൎവ്വന്മാർ പിടിച്ചുകെട്ടി. ആ സന്ദൎഭത്തിൽ പാണ്ഡവന്മാർ ചെന്ന് അവനെ അവരിൽനിന്നു രക്ഷപ്പെടുത്തി. "കൊന്നാൽ പാപം തിന്നാൽ തീരു"മെന്നും "പുല്ലുകളെക്കൊണ്ടുമുപകാരമുണ്ടാകും" എന്നും, മററും ഈ സന്ദൎഭത്തിൽ സ്മരിക്കേണ്ടതാണല്ലോ.

പാണ്ഡവന്മാർ വനവാസവും മററും കഴിഞ്ഞു മടങ്ങി വന്നതിന്നുശേഷം ദുൎയ്യോധനാദികളോടു യുദ്ധം ചെയ്യേണ്ടതായിട്ടാണ് സംഗതി വന്നത്. ഈ ആഹവവിഷയത്തിൽ ദുൎയ്യോധനനും ജിഷ്ണുപുത്രനായ ജിഷ്ണുവും ശ്രീകൃഷ്ണഭഗവാന്റെ സഹായത്തിന്നായി അപേക്ഷിച്ചു. നിദ്രിതനായ ഭഗവാന്റെ തലയ്ക്കൽ ഭാഗത്തു രത്നാസനത്തിൽ സ്ഥിതിചെയ്ത സുയോധനന്റെ അഹങ്കാരവും, കാല്ക്കൽഭാഗത്തു വന്നു വിനീതനായി തൊഴുതുംകൊണ്ടു നിന്നിരുന്ന അൎജ്ജുനന്റെ ഭക്തിവിനയാദികളും അതിശയനീയമാണെന്നു പറയാതെ കഴികയില്ല. മധുസൂദനൻ ഉണൎന്നു നോക്കിയപ്പോൾ ആദ്യമായി കണ്ടത് അൎജ്ജുനനെയാണ്. ഭഗവാൻ പാൎത്ഥനെ കണ്ട മാത്രയിൽ കുശലപ്രശ്നങ്ങൾ ചെയ്തു. അപ്പോൾ ഫല്ഗുനൻ ദുൎയ്യോധനജ്യേഷ്ഠൻ വന്നിട്ടുണ്ടെന്നു ഭഗവാനെ അറിയിച്ചു. കൈടഭാരി ദുൎയ്യോധനനോടു കുശലവാൎത്തകൾ ചോദിച്ചു. അൎജ്ജുനന്റെ ഈ പ്രവൃത്തിയിൽനിന്ന് ആയാളുടെ ഭ്രാതൃഭക്തിസ്നേഹങ്ങളും ധൎമ്മബുദ്ധിയും പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. സുയോധനൻ വന്ന കാൎയ്യം പറഞ്ഞപ്പോൾ ശ്രീകൃഷ്ണഭഗവാൻ "താൻ ആയുധമെടുക്കുകയില്ലെന്നും, അതിനാൽ തന്റെ സൈന്യങ്ങൾ മതിയൊ, അഥവാ താൻതന്നെ വേണമോ" എന്നു ചോദിച്ചതിന്; സൈ

ന്യ *

ന്യങ്ങൾ മതിയെന്നു സുയോധനൻ മറുപടി പറഞ്ഞു. അതി നാൽ ഭഗവാൻ സസന്തോഷം സൈന്യങ്ങളെ ദുൎയ്യോധനന് അയച്ചുകൊടുത്തു. വിജയൻ സഹായാൎത്ഥം ഭഗവാൻ പോ ന്നാൽ മതിയെന്നു സമ്മതിച്ചു. ഉടനെ ദുൎയ്യോധനാദികളും പാണ്ഡവന്മാരും തമ്മിൽ ഭയങ്കരയുദ്ധം ആരംഭിച്ചു. പതിനെ ട്ടാം ദിവസം സുയോധനൻ പരാജിതനായി, സമരാങ്കണത്തിൽ നിന്ന് ഓടി ഒരു തടാകത്തിൽ ചെന്ന് ഒളിച്ചു. ഭീമസേനൻ ആ സ്ഥലം എങ്ങിനെയൊ കണ്ടുപിടിച്ച് അവിടെവെച്ച് അ വർ ഇരുവരും തമ്മിൽ ഗദായുദ്ധം നടത്തി. വളരെനേരം യു ദ്ധം ചെയ്തിട്ടും മാരുതിക്കു ദുൎയ്യോധനനെ വിജയിപ്പാൻ കഴി ഞ്ഞില്ല. അങ്ങിനെയിരിക്കെ പവനാത്മജനു പൂൎവ്വശപഥം ധാരണയിൽ വരുകയും, ഉടനെ ഗദകൊണ്ടു ദുൎയ്യോധനന്റെ തുടയിൽ അടിച്ച് എല്ലു പൊടിക്കുകയും ചെയ്തു. എന്നാൽ ഇതു യുദ്ധമൎയ്യാദയ്ക്കു ചേൎന്ന പ്രവൃത്തിയായിട്ടുണ്ടെന്നു പറയാൻ പാടില്ല.

സുയോധനൻ ഇങ്ങിനെ അവശനായി തീവ്രവേദനയോ ടേ കിടക്കുമ്പോൾ അശ്വത്ഥാമാവിനോടു പാണ്ഡവന്മാരുടെ ശീൎഷങ്ങൾ എടുത്തു തന്റെ മുമ്പിൽ കൊണ്ടുവന്നു വെക്കേണ മെന്ന് ഉറക്കെ വിളിച്ച് ആജ്ഞാപിച്ചു.

"സാരനാംപുരുഷനെപ്പാരമിട്ടിടിച്ചാലും
സാരശക്തിയെത്യജിച്ചീടുമാറില്ലതുനം
തീയെരിയുന്നകൊള്ളികീഴാക്കിപ്പിടിച്ചാലും
തീയുടെജ്വാലമോല്പോട്ടല്ലാതെജ്വലിക്കുമോ?", എന്ന

ല്ലേ സരസകവി കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുള്ളത്. അശ്വ ത്ഥാമാവും രണ്ടു ഭടന്മാരുംകൂടി പോയി ഉപായേന പാണ്ഡ വന്മാരുടെ അഞ്ചു പുത്രന്മാരെ കൊന്ന് അവരുടെ തലകളെ കൊണ്ടുവന്നു ദുൎയ്യോധനനെ കാണിച്ചു. അപ്പോൾ ക്രൂരിതുള്ള

ണ്ടായിരുന്നെങ്കിലും, അഞ്ചു തലകളുണ്ടെന്നു സുയോധനൻ കയ്യുകൊണ്ടു തപ്പിനോക്കി ഗ്രഹിച്ചു സന്തോഷസാഗരത്തിൽ നിമഗ്നനായി. അനന്തരം ഭീമസേനന്റെ തലയെ അതിൽനിന്നു തിരിഞ്ഞെടുത്തു തന്റെ കയ്യിൽ കൊടുപ്പാൻ ദുര്യോധനൻ അവരോടു കല്പിച്ചു. അശ്വത്ഥാമാവ് അതിൽനിന്ന് ഒന്നെടുത്തു കയ്യിൽ കൊടുത്തു. സുയോധനൻ അതിനെ താഴത്തുവെച്ചു തല്ലിച്ചതയ്ക്കുവാൻ ഒന്ന് അമൎത്തിയപ്പോൾ അതു പ്രയാസംകൂടാതെ ചതഞ്ഞുപോയി. അപ്പോൾ ദുര്യോധനന് അതു ഭീമസേനന്റെ ശിരസ്സല്ലെന്നു തീൎച്ചവന്ന് അത്യന്തം പരിതപിച്ചു. ഇതുമൂലം കോപാക്രാന്തനായ ദുര്യോധനൻ അശ്വത്ഥാമാവിനെ ശാസിച്ചു കിടന്നുംകൊണ്ടു പരലോകത്തെ പ്രാപിച്ചു.

# അദ്ധ്യായം ൧൦

## ജലം.

"പാനീയംപ്രാണിനാംപ്രാണഃ വിശ്വമേവചതന്മയം."

ജലം വൎണ്ണമില്ലാത്തതും രുചിയില്ലാത്തതുമായ ഒരു ദ്രവദ്രവ്യമാകുന്നു. ശാസ്ത്രപ്രകാരം രണ്ടുഭാഗം ജലബാഷ്പവും ഒരുഭാഗം അമിലതവും കൂടിച്ചേൎന്നുണ്ടായ ഒരു പദാൎത്ഥമാണ് വെള്ളം. എന്നാൽ സലിലം എങ്ങിനെയുണ്ടാകുന്നുവെന്നു നോക്കുക. ആഴത്തിൽ കുഴിച്ചുനോക്കുന്നതായാൽ ഭൂമിയിൽ വെള്ളമുണ്ടെന്നു നമുക്കനുഭവപ്പെടുന്നുണ്ടല്ലൊ. എല്ലാ ദിക്കിലും കുഴിച്ചുനോക്കിയാൽ ജലം കണ്ടുവെന്നും വരികയില്ല. കണ്ടാൽത്തന്നെ അത് എല്ലാക്കാലത്തും ഒരുപോലെ നിലയിൽ നില്ക്കുന്നതായും കാണുന്നതുമില്ല. ഇതു ഭൂമിയുടെ നിമ്നോന്നതസ്ഥിതി

ഭേദങ്ങളാൽ ഒറവിനുണ്ടാകുന്ന ഭേദഗതിയായിരിക്കണം. സൂര്യോഷ്ണശക്തിയാണ് ജലത്തെ ജലാശയങ്ങളിൽനിന്ന് ആവിരൂപേണ ആകൎഷിച്ചു വാരിവാഹത്തിലാക്കുന്നത്. അതിനുശേഷം ശീതളമരുൽശക്തി ഘനത്തിന്റെ ഘനം കുറച്ചു ജലകണങ്ങളെ ഭൂമിയിലേക്കു വീഴ്ത്തുന്നു. ഇങ്ങിനെയാകുന്നു മഴയുണ്ടാകുന്നത്. ഇതുമൂലം ഭൂമിയിൽ സലിലദൌൎല്ലഭ്യവുമില്ലാതായിത്തീരുന്നു.

ഒരു പക്ഷെ ഒന്നൊ രണ്ടൊ നാൾ ഭക്ഷണംകൂടാതെ കഴിച്ചുകൂട്ടാമെങ്കിലും, തൃഷ്ണാവശഗനായ ഒരുത്തന് ഒരു നാഴികപോലും ജലപാനമൊഴിച്ചുവെക്കുവാൻ സാധിക്കുന്നതല്ല. ആ സമയത്തു കിട്ടുന്ന ജലം ഹൃദ്യമല്ലാതിരുന്നാൽതന്നെയും ആയാൾ കുടിച്ചുകളയും. ശരീരസുഖത്തിനും പോഷണത്തിനും മററും അവശ്യം ആവശ്യമായവയിൽ ഒട്ടും അപ്രധാനാൎഹമല്ലാത്ത ഒരു വസ്തുവാണല്ലൊ വെള്ളം. "ജീവനുള്ള ജനത്തിന്റെ ജീവനായതുജീവനം."

എന്നാൽ സ്നാനപാനാദികൾക്കുള്ള വെള്ളം എങ്ങിനെയുള്ളതായിരിക്കേണമെന്നാണിനി ആലോചിക്കേണ്ടത്. അച്ഛസ്ഫടികസമാനമായ ജലം കുടിക്കയും അതിൽ കുളിക്കുകയും ചെയ്യുന്നതു ശരീരസുഖരക്ഷയാകുന്നു. ആയുഷ്കാലത്തിൽ മനുഷ്യൎക്കു മുഖ്യമായി ലഭിക്കേണ്ടുന്ന ഭാഗ്യം അരോഗതയാണല്ലൊ. മലിനമായ ജലം മൂലമാണ് മിക്ക രോഗങ്ങളും അങ്കുരിക്കുന്നത്. വെള്ളത്തിൽ പരമാണുപ്രായങ്ങളായ കൃമികളും കരടുകളുമുണ്ട്. അവ നമ്മുടെ മാംസചക്ഷുസ്സുകൾക്കു ഗോചരങ്ങളല്ല. അതിനാൽ കുടിക്കുവാനും കുളിക്കുവാനുമുള്ള വെള്ളത്തിൽ മാലിന്യം തീരെയുണ്ടാകരുത്. അത് ആരോഗ്യഹാനികരമാകുന്നു.

അന്തരീക്ഷത്തിൽനിന്നു വാരികണങ്ങൾ അവനിയിൽ പതിച്ചാൽ അതിൽ മലിനാംശങ്ങൾ കലരാതിരിക്കയില്ല. അതു നിലത്തായാലും തടാകത്തിലായാലും കൂപത്തിലായാലും പുഴയിലായാലും ഫലം ഒന്നുതന്നെയാണ്. പക്ഷെ കിണറു

കൾ കല്ലുകൊണ്ടു കെട്ടിപ്പൊക്കുന്നതിനാലും ആൾമറ ഇടുന്നതു കൊണ്ടും അതിലെ ജലം അധികം മലസമ്മിശ്രമാകുന്നതല്ല. എങ്കിലും അത് ആഴമുള്ളതും വിസ്താരം കുറഞ്ഞതും ആകയാൽ അതിൽ ആദിത്യരശ്മി വേണ്ടതുപോലെ പററാത്തതുകൊണ്ടും, അടിയിൽ പങ്കമുററിനില്പാൻ ഇടയുള്ളതിനാലും, പടുത്തിട്ടുള്ള കല്ലുകളുടെ ഇളമ്പുകളിൽനിന്നു പൊടിയും മററും കലരുന്നതു നിമിത്തവും കിണററിലെ വെള്ളത്തിലും മാലിന്യം ഭവിക്കാതിരിപ്പാൻ വഴിയില്ല. കുളത്തിൽ വസനങ്ങൾ അലക്കുന്നതുകൊണ്ടും, കരിയും മെഴുക്കുമുള്ള പാത്രങ്ങൾ തേച്ചുകഴുകുന്നതുമൂലവും മലിനജലം അതിൽ ഒലിച്ചുവന്നു ചേരുന്നതിനാലും അതിലെ വെള്ളവും പ്രായേണ അത്ര നന്നായിരിക്കയില്ല. പുഴയിൽ കന്നുകാലികളെ എറക്കുന്നതുമൂലവും അതിലെ മിക്ക ഭാഗങ്ങളും നിമ്നോന്നതങ്ങളായിരിപ്പാൻ സംഗതിയുള്ളതുകൊണ്ടും, ചീയുന്ന സാധനങ്ങളും ചപ്പും ചവറും അതിൽ വീണ് ചീഞ്ഞു താഴ്ന്നുകിടന്നു ചളികെട്ടിനില്പാൻ എടയുള്ളതിനാലും അതിലെ വെള്ളവും നിർമ്മലമായിരിക്കയില്ല. എന്നാൽ മഴവെള്ളമാണ് നല്ലത്. എങ്കിലും അതു ഗഗനത്തിൽനിന്നു പോന്നു ഭൂതലത്തിൽ പ്രവേശിക്കുന്നതിന്നുമുമ്പായി മലിനവാതസ്പർശംകൊണ്ടും മററും ആ വെള്ളവും ചീത്തയാവാനിടയുണ്ട്. മഴപെയ്യുമ്പോൾ വൃക്ഷങ്ങളുടേയൊ മറെറാ തടവില്ലാത്ത ഒരു വെളിസ്ഥലത്ത് ഒരാൾ പൊക്കത്തിൽ ഒരു തട്ടുണ്ടാക്കി അതിന്റെ മുകളിൽ ഒരു വലിയ പരന്ന മൺപാത്രമോ കരിങ്കൽപാത്രമോ വെച്ച് അതിന്റെ മുകളിൽ രണ്ടിൽ കുറയാതെ നേരിയ വസ്ത്രമിട്ടു കാററത്തു പറന്നുപോകാതെ കെട്ടി വെയ്ക്കുക. മഴ നിന്നാൽ ആ പാത്രത്തിലുള്ള വെള്ളമെടുത്ത് അടച്ചു സൂക്ഷിക്കുക. ഇത് ഏററവും നല്ല ജലമായിരിക്കും.

ജലശുദ്ധീകരണ മാർഗ്ഗങ്ങൾ:— കിണററിലൊ പുഴയിലൊ കുളത്തിലൊ നിന്നു വെള്ളം കോരിയെടുത്ത് അരിച്ച് ഒരു പാത്രത്തിൽവെച്ചു കുറച്ചുനേരം കഴിഞ്ഞാൽ പിന്നെയും

ഒന്നുകൂടി അരിക്കണം. അതിൽപിന്നെ അതിൽ തേററാംപരലോ, പടിക്കാരമോ, കരിക്കട്ടയോ ഇട്ടു കുറച്ചുനേരം അടച്ചുവെക്കുക. അനന്തരം ഒന്നുംകൂടി അരിച്ചു മുൻപറഞ്ഞ ഏതുതരം പാത്രങ്ങളിലെങ്കിലുമാക്കി അടച്ചുവെക്കുക. ഈ വെള്ളത്തിൽ തീരെ മാലിന്യമുണ്ടാകയില്ല. പച്ചവെള്ളം തിളപ്പിച്ച് അരിച്ചെടുത്താലും അതിൽ ദോഷാംശങ്ങളുണ്ടാകയില്ല. കാരണം, അതിലുണ്ടാകാവുന്ന പരമാണുപ്രാണികൾ നശിച്ചുപോകുന്നതുതന്നെ.

ജലപരിണാമങ്ങൾ:— ബാഷ്പം, ദ്രവം, ഘനീഭൂതം എന്നു സ്ഥൂലരൂപം പ്രമാണിച്ചു ജലത്തിനു ത്രിഭേദങ്ങൾ കല്പിക്കണം. ഈ ഉപന്യസിച്ചതിന്റെ പ്രതിലോമക്രമത്തിലുള്ള രൂപങ്ങൾക്കു കാരണം ശീതോഷ്ണാവസ്ഥകളാകുന്നു. ശീതാധിക്യം ഘനീഭൂതജലത്തിന്റേയും, ഉഷ്ണത്തിന്റെ ക്രമപ്രവൃദ്ധങ്ങളായ സ്ഥിതികൾ ദ്രവബാഷ്പരൂപങ്ങളുടേയും കാരണങ്ങളായിത്തീരുന്നു. ഇവയിൽ ദ്രവദ്രവ്യമായിരിക്കുന്ന ജലത്തെയാണ് നാം പ്രായേണ ഉപയോഗിച്ചുവരുന്നത്. വെള്ളം ഘനീഭൂതമായാൽ അതിനു ദാർഢ്യം കൂടിയിരിക്കും. നിറത്തിനും ഭേദഗതി വരുന്നതുമാണ്. ഇതു അത്യുഷ്ണശമനത്തിനു വിശേഷമായിട്ടുള്ളതാകുന്നു. എന്നാൽ അതു വാതരോഗികൾക്കു തീരെ വിരോധവുമായിരിക്കും.

അതിനാൽ ജലം സകലജീവികൾക്കും അവശ്യം ആവശ്യമുള്ളതാണെങ്കിലും, അതിന്റെ ഗുണത്തെ കണ്ടറിഞ്ഞ് ആ തരത്തിലുള്ള ജലം കുടിക്കുകയും മററും ചെയ്യുന്നതായാൽ അത് ആരോഗ്യത്തിന് ആനുകൂല്യമായിരിക്കുമെന്ന് എല്ലാവരും ഓർക്കേണ്ടതാകുന്നു.

# അദ്ധ്യായം ൧൦.

## സ്വധൎമ്മതല്പരത.

'ഋജുകളകലെനീക്കും,രാജസന്മാന്യരാക്കും,
രജനിയുടെവരൻപോൽബുദ്ധിയെശ്ശുദ്ധയാക്കും,
നിജമുറനിറവേററുന്നോക്കിവയ്യോക്കെമേലേ
സുജനനിരപൊഴിക്കുംപ്രീതിയുംവന്നുദിക്കും.'

ഒരു മനുഷ്യൻ നടത്തേണ്ടതായ ധൎമ്മത്തിൽ ആയാൾക്കു ജനിക്കുന്ന ആസക്തിയാണ് 'സ്വതൎമ്മതല്പരത.' അവരവരുടെ ധൎമ്മപരിപാലനത്തിൽ അന്യപ്രേരണം അനാദരണീയമാകുന്നു. എത്രതന്നെ സ്വാതന്ത്ര്യവും പ്രാബല്യവുമുണ്ടായിരുന്നാലും, ദോഷപ്രദങ്ങളായ അധൎമ്മങ്ങളെ ഒരിക്കലും ചെയ്യരുത്. ഒരു ധൎമ്മം മറെറാരു ധൎമ്മത്തിന്നു വിരുദ്ധമായി ഭവിച്ചുവെന്നുവരാം. ആ സന്ദൎഭത്തിൽ യാതൊന്നിനെയാണ് ആചരിക്കേണ്ടതെന്നുള്ള സന്ദേഹമുണ്ടാകാം. എന്നാൽ സാധാരണയായി അശക്തർ ഈ അവസരത്തിൽ അവൎക്കു ശക്യമായിട്ടുള്ളതു യാതൊന്നൊ അതിനെ ചെയ്വാൻ സന്നദ്ധരായിരിക്കും. ദശരഥൻ കൈകേയിയോടു ചെയ്ത പ്രതിജ്ഞാസംരക്ഷണത്തിന്നും അദ്ദേഹത്തിൻെറ സീമന്തപുത്രനായ ശ്രീരാമനെ രാജാവാക്കി അഭിഷേകം ചെയ്യിക്കുന്നതിന്നും കാലം ഒന്നായി പരിണമിക്കയും ഇവ രണ്ടും ഒരാളാൽ നടത്തപ്പെടേണ്ടതായി വരികയും ചെയ്തപ്പോൾ ദശരഥമന്നവൻ പ്രവൃത്തിച്ചതെന്താണ്? അത് ഇവിടെ സ്മരണീയവുമാണല്ലോ. ധൎമ്മനിഷ്ഠയിൽ അണുവിനും പിഴയ്ക്കാതെ നടന്നിട്ടുള്ളവർ പുരാതനന്മാരാണെന്നുള്ളതിന്നു പല ലക്ഷ്യങ്ങളും കാണ്മാനുണ്ട്. അതുകൊണ്ട് എല്ലാകാൎയ്യത്തിലും മനുഷ്യർ സ്വധൎമ്മത്തെ അവലംബിച്ചു പ്രവൃത്തിക്കേണ്ടതാകുന്നു.

സ്വധൎമ്മാനുഷ്ഠാനത്താലാണ് മനുഷ്യരുടെ അജ്ഞാനം നീങ്ങി അവൎക്കു സുജ്ഞാനമുണ്ടാകുന്നത്. പതിവ്രതയായ ദമയന്തിയെ ഉരഗത്തിൽനിന്നു രക്ഷിച്ച വേടനെ അവൾ ശപിച്ചു ഭസ്മാവശേഷനാക്കിയത് അധൎമ്മമാണെന്ന് ഒരു പക്ഷെ ചിലർ വിചാരിച്ചേക്കാം. എന്നാൽ ഇക്കാൎയ്യത്തിൽ രക്ഷിച്ചവനെ ദ്രോഹിച്ചത് ആണ് അധൎമ്മമെന്നായിരിക്കാം അവരുടെ യുക്തി. പാതിവ്രത്യം ഒരു സ്ത്രീയുടെ ഉത്തമധൎമ്മമാകുന്നു. അതുകൊണ്ടു ദമസോദരി കിരാതനെ ശപിച്ചു ഭസ്മമാക്കിയത് അവളുടെ സ്വധൎമ്മപരിപാലനത്തിനാണെന്നോ വിചാരിക്കേണ്ടതുള്ളുവെന്നും മറെറാരു പക്ഷവുമുണ്ട്.

നിജധൎമ്മാചരണപരായണന്മാരുടെ പ്രവൃത്തികൾ പ്രായേണ ശക്തിയും ഫലവും കൂടിയിരിക്കും. അല്ലെങ്കിൽ അബലയും അഗതിയുമായിരുന്ന ഭൈമിക്ക് അപ്പോൾ ആ വ്യാധനെ ശപിച്ചു ക്ഷാരമാക്കുവാൻ ഒരിക്കലും കഴിയുന്നതല്ല. വാസ്തവത്തിൽ സ്വധൎമ്മസ്നേഹികളാകുന്നു കേവലം ധന്യപദത്തിന് അൎഹർ. സ്വധൎമ്മദ്വേഷികളെ വീട്ടുകാരും നാട്ടുകാരുംകൂടി വെടിയും. ഒരു കുഡുംബത്തിലെ അംഗങ്ങളെ സംരക്ഷിക്കേണ്ടത് ആ തറവാട്ടിലെ കാരണവരുടെ ധൎമ്മമാണല്ലോ. ആയാൾ അതു ചെയ്തില്ലെങ്കിൽ ആയാളുടെ ധൎമ്മത്തിനു ഭംഗമായി. ഇതുനിമിത്തം കുഡുംബക്കാൎക്ക് ആയാളോടു പ്രീതിയുമുണ്ടാകുന്നതല്ല. എന്നുമാത്രമല്ല, അനന്തരവർ ആയാളെ കെട്ടുകാൎയ്യസ്ഥനാക്കുകയും ചെയ്യും. തന്നിമിത്തം ആയാൾക്കുള്ള ബഹുമാനം ശൂന്യമായി തീരുകയും ചെയ്യും. സ്വധൎമ്മങ്ങളെ ലംഘിച്ചു നടക്കുന്നവരുടെ ഭവിഷ്യത്ത് ഇപ്രകാരമായിരിക്കും.

അവരവരുടെ നാടിന്റെ അഭിവൃദ്ധിക്കും ഉൽക്കൎഷത്തിനും മനഃപൂൎവ്വം പ്രയത്നിക്കേണ്ടതു മനുഷ്യരുടെ ധൎമ്മമാണല്ലോ. എന്നാൽ ഒരുത്തൻ പഠിച്ച് ഉന്നതാവസ്ഥയിൽ വന്നുവെന്നു വിചാരിക്കുക. അനന്തരം ആയാൾതന്നെ പണം ചിലവു

ചെയ്തു പഠിപ്പിച്ച് ഉദ്യോഗത്തിലിരിക്കാറാക്കിയ കുഡുംബക്കാരുടേയും സ്വന്തനാടിന്റേയും നാട്ടുകാരുടേയും ക്ഷേമത്തിനും ഗുണത്തിനുമായി യത്നിക്കാതിരിക്കയോ കുഡുംബക്കാരേയൊ നാട്ടുകാരേയൊ ഉപദ്രവിക്കയോ മറ്റൊ ചെയ്യുന്നതായാൽ അത് ആയാളുടെ ധർമ്മത്തിന്നു വിഘാതമാകുന്നു. ഇതുമൂലം നാട്ടുകാർക്കും ആയാളിൽ ബഹുമാനമുണ്ടാകുന്നില്ല. എന്നുമാത്രമല്ല, അത് ആയാളുടെ പേരിൽ അവർക്ക് ഒരു ശത്രുതയായും പരിണമിക്കുന്നു. "വലിയവന്റെ മാനം എളിയവന്റെ എളിയിൽ" എന്നുള്ള പഴമൊഴി മനുഷ്യർ സദാഹൃദി കരുതി നടക്കേണ്ടതാകുന്നു. "പഴംചൊല്ലിൽ പതിരുണ്ടെങ്കിൽ പാലുകയ്ക്കും" എന്നല്ലേ പൌരാണികന്മാർ പറഞ്ഞിട്ടുള്ളത്. ആര്യന്മാർക്കുണ്ടായിട്ടുള്ള സർവ്വഗുണങ്ങളും അവരുടെ സ്വധർമ്മാചരണനിഷ്ഠയൊന്നിനാൽ മാത്രമാണെന്നു പ്രമാണങ്ങളാൽ അറിയുന്നുണ്ടല്ലൊ.

സ്വധർമ്മത്തിൽ താല്പര്യവും ശ്രദ്ധയുമുള്ളവരുടെ ഹൃദയഭൂമിയിൽ രാഗദ്വേഷാദികളാകുന്ന ചീത്തവിത്തുകൾ അങ്കുരിക്കുന്നതല്ല. കാമക്രോധാദികളുടെ വിളനിലമായ മനസ്സുള്ളവർക്കു മുക്തിക്ക് ആസ്പദമായ ആത്മജ്ഞാനം അങ്ങാടി മരുന്നോ പറിമരുന്നോ എന്നുകൂടി അറിയുക അസാദ്ധ്യമാകുന്നു. അതുകൊണ്ടു മനുഷ്യരുടെ ജീവിതകാലത്തിൽ സ്വധർമ്മസംരക്ഷണത്തിൽ തല്പരന്മാരായി യഥാവിധി അനുഷ്ഠിച്ചാലെ സജീവനായിരിക്കുന്ന കാലത്തിലും ചരമഗതിക്കുശേഷവും അവരുടെ കർമ്മഫലപ്രാപ്തിയുണ്ടാകയുള്ളുവെന്നു കരുതി എല്ലാവരും അവരവരുടെ പ്രവൃത്തികൾ ചെയ്യേണ്ടതാകുന്നു.

# അദ്ധ്യായം ൧൧.

## ക്ഷാന്തി.

'ഘോരാരണ്യത്തെ,യാത്മപ്രിയയൊടുമനുജ-
ന്മാരൊടും കാലമൊന്നാ-
ല്പീരാറാണ്ടാവസിച്ചു,വിഷദഹനകൃതം
പീഡയെല്ലാംസഹിച്ചു,
ഓരാണ്ടജ്ഞാതവാസത്തെയുമവിടെയനു-
ഷ്ഠിച്ചു,ധൎമ്മാത്മജന്മാ-
ധീരാഗ്ര്യൻ;ക്ഷാന്തിയേന്തുന്നവരുടെ ചരിതം
പ്രത്യഹം സ്തുത്യമല്ലോ.'

ക്ഷാന്തി എന്നതു് ആത്മോദ്ദേശ്യകൃത്യങ്ങളിൽ ഒന്നാകുന്നു. 'ക്ഷാന്തി', 'ക്ഷമ' എന്നീ പദങ്ങൾ ശ്രവണമാത്രയിൽ വ്യത്യസ്തങ്ങളായി തോന്നാമെങ്കിലും, അവയുടെ അൎത്ഥവും ഉല്പത്തിസ്ഥാനവും ഒന്നുതന്നെയാണു്. ഇവ രണ്ടും 'ക്ഷമ്' എന്ന മൂലാക്ഷരക്കൂട്ടത്തിൽനിന്നു തന്നെയാണു് ഉത്ഭവിച്ചിട്ടുള്ളതു്. ആത്മോദ്ദേശ്യകൃത്യങ്ങളുടെ പഠിപ്പോ പരിചയമോ ഇല്ലാത്തവൎക്കു ദേഹത്തിന്റെയോ ദേഹിയുടേയോ ബാഹ്യാഭ്യന്തരപോഷണവിഷയത്തിൽ യാതൊരറിവുമുണ്ടാകുന്നതല്ല. ശരീരാത്മാക്കളെക്കൊണ്ടല്ലാതെ ഐഹികപാരത്രികഗുണങ്ങൾ സിദ്ധിക്കുന്നതല്ല. ഈ ഗുണസാദ്ധ്യാൎത്ഥം ക്ഷമ അത്യാന്തം അനുകൂലിക്കുനാതിനാൽ ജീവിതസുഖകാംക്ഷികൾ ക്ഷമാശീലന്മാരായിരിക്കേണ്ടതാണു്.

ക്രോധാഗമത്തിൽ മനുഷ്യരെ സാഹസമായി ഓരോന്നു പ്രവൃത്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്ന വിഷയത്തിൽ, അതു ദോഷപ്രദമാകയാൽ ത്യാജ്യമാണെന്നും മററും അവരുടെ മനഃസാ

ക്ഷിയോട് ഉപദേശിച്ച് ആ ഉദ്ദിഷ്ടോദ്യമപ്രാരംഭത്തിൽനിന്ന വിരമിക്കുവാൻ യാതൊന്നാണ് നിർബ്ബന്ധിക്കുന്നത് അതാകുന്ന ക്ഷമ. മനുഷ്യരുടെ മനസ്സ പലവിധമായ വികാരധാന്യങ്ങളുടെ വിളനിലമാകുന്നു. നല്ല ധാന്യങ്ങൾ സമൃദ്ധിയായി വിളയുന്ന നിലം കൈവശം വെക്കേണ്ടതും ആ നിലയ്ക്കു ഭേദം വരാതിരിപ്പാൻ സൂക്ഷിക്കേണ്ടതുമാകുന്നു. ചീത്ത വിത്തുകൾ വിളയുന്ന സ്ഥലം വില്ക്കുകയൊ നന്നാക്കുവാൻ യത്നിക്കയൊ ചെയ്യില്ലെങ്കിൽ ഫലമില്ലല്ലൊ. അതു നല്ല വിഷയങ്ങളെ സംബന്ധിച്ചുള്ള വികാരങ്ങൾക്കിരുപ്പാൻ ഹൃദയത്തിൽ എടം കൊടുക്കുകയും ദുർവ്വികാരങ്ങളെ അകററുകയും വേണം. ഇതിന്ന ക്ഷമയ്ക്കല്ലാതെ മററൊന്നിനും ശക്തിയില്ല. എന്നാൽ മനോവികാരങ്ങൾക്ക പ്രായേണ സുസ്ഥിരതയുള്ളതായി കാണുന്നില്ല. ഓരോ സമയങ്ങളിൽ ഓരോ കാൎയ്യകാരണങ്ങളെക്കൊണ്ട് ഇവയുടെ പരിണാമാവസ്ഥയും മററും പലപ്രകാരേണ പ്രശോഭിക്കുന്നതാണല്ലൊ. വാസ്തവത്തിൽ നാടകരംഗത്തിലെ നടന്മാരെപ്പോലെ മനോവികാരവേഷക്കാർ ഹൃദയരംഗത്തിൽ പലവിധത്തിൽ അഭിനയിക്കുന്നുണ്ട്.

മനുഷ്യൎക്ക പത്ഥ്യാപത്ഥ്യങ്ങൾ അവരുടെ എല്ലാ വ്യാപാരങ്ങളിലുമുണ്ടാകാനിടയുള്ളതുകൊണ്ടു സന്തോഷസന്താപങ്ങളും സഹജങ്ങളാണല്ലൊ. സന്താപജന്യമായ അഹിതസംഗതികളിൽ മനുഷ്യർ കോപിഷ്ഠന്മാരായിത്തീൎന്ന കഠിനവാക്കുകൾ പറയുന്നതും നീചകൎമ്മങ്ങളെ ചെയ്യുന്നതും കാണുമ്പോഴും കേൾക്കുമ്പോഴും ആൎക്കാണ് വെറുപ്പു തോന്നാത്തത്? കോപം എല്ലാവൎക്കും ഉള്ളതായി കാണുന്ന സ്ഥിതിക്ക് അതു മനുഷ്യരുടെ കൂടപ്പിറപ്പിയാണോയെന്ന പലൎക്കും സന്ദേഹമുണ്ടാകാനിടയുണ്ട്. എന്നാൽ അത് ഒരിക്കലും അങ്ങിനെയല്ല. ക്രോധം മൂലം സാഹസകൎമ്മങ്ങളാചരിപ്പാൻ സംഗതിവരുന്ന

ത്തുകൊണ്ട് അതുണ്ടാകുമ്പോൾ തൽക്ഷണം മനസ്സിനെ മറ്റൊന്നിൽ വ്യാപരിപ്പിക്കുവാൻ ക്ഷമയ്ക്കു സാധിക്കയുള്ളൂ. അപ്പോൾ അത് അവശ്യം അനാഘ്രേയവുമാകുന്നു. രാഗാദികളായ മാലിന്യങ്ങൾ സച്ചിന്തകളാകുന്ന ശുദ്ധജലങ്ങളെക്കൊണ്ടു നിശ്ശേഷം ക്ഷാളനംചെയ്തു മനസ്സാക്ഷിയാകുന്ന മണിദർപ്പണത്തെ എപ്പോഴും സൂക്ഷിക്കേണ്ടതാകുന്നു. ഇത് അചിരാൽ കഴിയുന്ന കാര്യമല്ല. ഉത്സാഹഭഗ്നരാകാതെ നിരന്തരം യത്നിച്ചാൽ മാത്രമേ അതു കാലക്രമേണ സുസാദ്ധ്യമാകയുള്ളൂ. അന്യായകർമ്മങ്ങളിൽ മനസ്സാക്ഷി പ്രവേശിക്കാതെ നിയന്ത്രണം ചെയ്യുന്നതിനും, ധർമ്മാചാരങ്ങളിൽ മനഃപ്രവേശമുണ്ടാക്കുന്നതിനും ക്ഷാന്തി തന്നെയാണ് ഹേതുഭൂതമായിട്ടുള്ളത്. അനീതികളിൽ മനഃപ്രവേശനമുള്ളവൻ ക്രോധിയും ധർമ്മമാർഗ്ഗങ്ങളിൽക്കൂടി ചരിക്കുന്നവൻ ക്ഷമാശീലനുമാകുന്നു.

എന്നാൽ അനിഷ്ടസംഭവങ്ങളിൽ അസന്തുഷ്ടിയും അസംതൃപ്തിയും ഇഷ്ടകാര്യപ്രാപ്തികളിൽ പ്രഹർഷവും മനസ്സ്വൈരവും ഉണ്ടാകുന്നതു നമുക്കനുഭവസിദ്ധമാണല്ലോ. അഹിതത്തിനോ അതൃപ്തിക്കോ കാരണഭൂതമായ വല്ല സംഗതികളുമുണ്ടാകുമ്പോൾ ആ ക്ഷണത്തിൽതന്നെ മിക്ക ആളുകളും കോപാക്രാന്തന്മാരായി ഭ്രാന്തന്മാരെപ്പോലെ അടിസ്ഥാനരഹിതമായും അന്യോപദ്രവകരങ്ങളായും ഉള്ള ഓരോ നികൃഷ്ടകർമ്മങ്ങളെ അനുഷ്ഠിക്കുന്നതു നമ്മൾ കാണുന്നില്ലേ? എന്തെങ്കിലും ഒന്നു കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ അവയെക്കുറിച്ച് ആകസ്മികമായി ഒരഭിപ്രായം പറയരുത്. അക്ഷമന്മാർക്കേ ഇങ്ങിനെ ചെയ്യാൻ തോന്നുകയുള്ളൂ. ഇവരെയാണല്ലൊ സാഹസികളെന്നു പറയുന്നത്. ഈ കൂട്ടർക്കു യാതൊന്നിന്റേയും ഗുണാഗുണവിവേചനത്തിനു വൈദഗ്ദ്ധ്യവുമുണ്ടാകുന്നതുമല്ല.

ക്ഷമയെ മനുഷ്യരുടെ ശക്തിയായി ഗണിക്കപ്പെടുന്നു.

"ക്ഷമാബലമശക്താനാം ശക്താനാംഭൂഷണംക്ഷമാ", എന്നു ണ്ടല്ലൊ. ശക്തൻ അക്ഷമനായി ഭവിക്കുന്നുവെങ്കിൽ അന ൎത്ഥങ്ങളും അവനെ നിഴൽ എന്നപോലെ വേർപെടാതിരി ക്കും. അവനു സൽകീൎത്തിസമ്പാദ്യമോ സുഖസമ്പ്രാപ്തിയോ അസാദ്ധ്യം തന്നെ. 'ഹരിശ്ചന്ദ്രൻ', 'ചന്ദ്രമതി' എന്നീ ദമ്പ തിമാർ അപരിമിതമായ കഷ്ടനഷ്ടാരിഷ്ടങ്ങൾ അനുഭവിച്ചിട്ടും ക്ഷമാവലംബിതരായിരുന്നതിനാൽ പിന്നീട് അവരുടെ ശ്രേ യസ്സും മറ്റും വൎദ്ധിച്ചതേയുള്ളു. ഇന്നും അവർ സ്തുത്യൎഹരാണ ല്ലോ. ഈ ലോകത്തിലുള്ള ദുഷ്ടന്മാർ ഭൂമിദേവിക്ക് അസഹ്യ ങ്ങളായ അസംഖ്യം ദുഷ്കൎമ്മങ്ങളെ ചെയ്യുന്നില്ലേ? അവയെ ല്ലാം സസന്തോഷം പൊറുത്തുംകൊണ്ടല്ലേ അവൾ നമ്മളേ യും മറ്റും വഹിച്ചുകൊണ്ടിരിക്കുന്നത്? ഇതുമൂലമാകുന്നു ഭൂമി ദേവിക്കു 'ക്ഷമാ' എന്നു പൎയ്യായമുണ്ടായിട്ടുള്ളത്.

ക്ഷമയ്ക്കും ധൈൎയ്യത്തിനും പരസ്പരാശ്രയത്വമുണ്ട്. ധൈ ൎയ്യത്താൽ ക്ഷമയും ക്ഷാന്തിയാൽ ധൈൎയ്യവും വൎദ്ധിക്കുന്നതാണ്. പക്ഷെ ധൈൎയ്യപരമായുണ്ടാകുന്ന ക്ഷമാഭിവൃദ്ധി വേഗത്തിലും, ക്ഷമനിമിത്തമുള്ള ധൈൎയ്യാഭിവൃദ്ധി സാവധാനത്തിലും ആണു ണ്ടാകുന്നത്. സദ്വിഷയങ്ങളിൽ ധൈൎയ്യമാവശ്യവും ദുൎഗ്ഗുണ ങ്ങളിൽ അനാവശ്യവുമാകുന്നു. പരഗുണത്തിനായി ചില അ വസരങ്ങളിൽ ക്ഷമയെ വൎജ്ജിക്കേണ്ടിവരും. ഒരു വിദ്യാൎത്ഥി നിദാനം നിജപാഠങ്ങളെ പഠിക്കാതെ പാഠശാലയിലേക്കു വ രികയും വല്ല ദുസ്സാമൎത്ഥ്യം കാണിക്കയും ചെയ്താൽ ഉപാദ്ധ്യാ യന്മാർ വാസ്തവത്തിൽ ക്ഷമാശീലന്മാരായിരുന്നാലും അവൎക്ക് ആ സന്ദൎഭത്തിൽ അവരുടെ പ്രകൃതി ഒന്നു മാറേറണ്ടിവരുന്നി ല്ലേ? അത് അവിടെ ആവശ്യവുമാണല്ലൊ. ഇതുപോലെ തന്നെ മററു ചില കാൎയ്യങ്ങളിലും അക്ഷമ ആവശ്യമായി വരും.

"ക്ഷമാശത്രൌ ചമിത്രേ ചയതീനാമേവഭൂഷണം."
എന്നാൽ ഇക്കാൎയ്യത്തിൽ മുൻ പ്രസ്താവിച്ചതനുസരിച്ചു കാൎയ്യകാരണങ്ങളുടെ ഗതിയുമാലോചിക്കേണ്ടതാണ്.

"തേജഃക്ഷമാവാനൈകാന്തഃ
കാലജ്ഞസ്യമഹീപതേഃ
നൈകമോജഃപ്രസാദോവാ
രസഭാവവിദഃകവേഃ"—എന്നാണ് മാഘകവി പറഞ്ഞിട്ടുള്ളത്.

എങ്കിലും, "സുഖദുഃഖങ്ങളിടത്തുടരെ കൂടക്കൂടേ," എന്നുള്ളതുകൊണ്ടു മനുഷ്യരുടെ ജീവിതം സുഖദുഃഖാദ്യവസ്ഥകളുടെ അനുഭവസ്ഥാനമാകയാൽ അവസ്ഥാഭേദങ്ങളിൽ പലപ്പോഴും മനസ്സിനു പലേ വികാരഭേദങ്ങളുമുണ്ടാകുമെന്നും, ആ വക ഭേദങ്ങൾ കൂടാതിരിപ്പാൻ ക്ഷാന്തി അത്യാവശ്യമാണെന്നും, അങ്ങിനെയല്ലെങ്കിൽ ജീവസന്ധാരണഫലം മലിനപ്പെടുമെന്നും എല്ലാവരും സദാ ധരിച്ചിരിക്കേണ്ടതാകുന്നു.

---

## അദ്ധ്യായം ൧൨

### ആത്മസംയമനം.

'ആത്മോദ്ദേശ്യകകൃത്യമൊക്കെയറിയുംമൎത്ത്യന്നൊരാത്തിക്കുതാ-
ന്നാത്മാവുള്ളവരെക്കുമില്ലവഴിയെന്നോൎത്തുസ്സ്വകൃത്യങ്ങളിൽ
ആത്മാവായിടുമാത്മസംയമനമാൎന്നേടുന്നതല്ലവ്യനാ-
ണാത്മജ്ഞാനധനത്തിനൎഹനവനാംസച്ചിന്മയാനുഗ്രഹൻ.'

മനസ്സിനെ ദുൎവ്വികാരങ്ങളുടെ അധീനത്തിൽ പെടുത്താതെ സദ്വിഷയങ്ങളിൽ പ്രവേശിപ്പിച്ച് അതിൽനിന്നു തെററിപ്പോകാതെ കീഴടക്കി നിലയിൽ നിൎത്തുന്നതിനാണ് ആത്മ

സംയമനമെന്നോ ആത്മനിയന്ത്രണമെന്നോ പറയപ്പെടുന്നത്. 'ആത്മ' എന്ന പദത്തിനു പല അർത്ഥങ്ങളെ നിർവ്വചിക്കുന്നുണ്ടെങ്കിലും, ഇവിടെ അതിനു 'മനസ്സ്' എന്നർത്ഥം നിർദ്ദേശിക്കേണ്ടതാണ്. 'സംയമനത്തിനു' സമ്യക്കാകുംവണ്ണം (വഴിപോലെ) അടക്കൽ എന്നാകുന്നു അർത്ഥം. 'യമ്' എന്ന ധാതുവിൽനിന്നാണ് 'യമനം' എന്ന പദമുണ്ടായത്.

ആത്മനിയന്ത്രണത്തിനു സാധിക്കുന്നവനല്ലാതെ തന്നെത്താനേ ഭരിക്കുവാൻ ശക്യമാകയില്ല. അവനവൻെറ ഗുണാഗുണങ്ങളെ വിവേചിച്ചറിഞ്ഞു സദ്ഗുണങ്ങളെ അംഗീകരിക്കുകയും ദുർഗ്ഗുണങ്ങളെ ത്യജിക്കയും ചെയ്യുവാൻ ശക്തിവന്നാൽ അവനവനെ അറിയാറായെന്നു വിചാരിക്കാവുന്നതാണ്. എന്നാൽ ആത്മനിയന്ത്രണത്താൽ കീഴടക്കി ഭരിക്കേണ്ടതായ പല സംഗതികളുമുണ്ട്.

കാമക്രോധാദികളുടെ ഉല്പത്തിസ്ഥാനം മനുഷ്യരുടെ ഹൃദയമാകുന്നു. ഇവ മനുഷ്യസ്വഭാവത്തിനു സഹജങ്ങളും മനുഷ്യരെ അപകടപദ്ധതിയിൽ തള്ളിവിടുന്നവയുമാകുന്നു. ഈ ദുർഗ്ഗുണങ്ങളുടെ ശല്യത്തിൽനിന്നു മനസ്സിനെ ഉദ്ധരിപ്പാൻ ത്രാണിയുള്ളവനെ മാത്രമേ സ്വഭരണശീലനെന്നു പറയാൻ പാടുള്ളൂ. അധർമ്മങ്ങളുടെ അപരിഹാര്യദുഷ്ഫലങ്ങളും സദാചാരസൽകൃത്യനിഷ്ഠകളുടെ അപരിമിതമായ സൽഫലങ്ങളും തിരിച്ചറിവാൻ മനുഷ്യർ അശക്തരായി ഭവിക്കുന്നത് ആത്മഭരണശക്തിയില്ലായ്കയാലാകുന്നു. പണ്ടു പണ്ഡിതസദസ്സുകളിലും ആയോധനസങ്കേതസ്ഥാനങ്ങളിലും വെച്ചു കോവിദന്മാരും രണശൂരന്മാരും അവരവരുടെ ശാസ്ത്രപുരാണശസ്ത്രാസ്ത്രാഭ്യാസബലവും നൈപുണ്യവും പ്രകടിപ്പിച്ചു യഥാശക്തി മാററലരെ വെന്നു ജയപതാകകൾ നാട്ടീട്ടുള്ള വിവരം ഗ്രന്ഥപാരായണത്താലും, ഇപ്പോഴും ഇങ്ങിനെയുള്ള യോഗ്യരുണ്ടെന്ന് അനുഭവ

ങ്ങളാല്യം നമുക്ക് അറിയാവുന്നതാണല്ലൊ. പക്ഷെ ആത്മഭ
മനത്തിൽ വിജയം പ്രാപിച്ചവരുടെ സംഖ്യ വിരൽമടക്കി എ
ണ്ണുവാൻ പുറപ്പെട്ടാൽ ആദ്യം മടക്കിയ ആ വിരൽമാത്രം പ
രാഗണിച്ച പര്യവസാനിപ്പിക്കേണ്ടതായി വരുമോയെന്നു സം
ശയമാണ്. അനവധി രാജ്യങ്ങളെ യുദ്ധംചെയ്തു കീഴടക്കിയ
ധീരന്മാരായ പല രാജാക്കന്മാരും സേനാധിപന്മാരും പണ്ടും
ഇപ്പൊഴും ഉണ്ടായിരുന്നതും ഉള്ളതും നാം കേട്ടറിയുന്നില്ലേ?
എന്നാൽ കാമക്രോധാദിവൈരികളെ അധീനപ്പെടുത്തുവാൻ
അവൎക്കു കഴിഞ്ഞിട്ടുണ്ടോ? ഹരിശ്ചന്ദ്രരാജാവു, വൈദേഹി,
വിദൎഭജ എന്നിവർ അസംഖ്യം കഷ്ടാരിഷ്ടതകളാസ്വാദിച്ചിട്ടും
അവർ ചാപല്യംകൂടാതെ മോഹാദികളെ നിയന്ത്രണം ചെയ്തു
സത്യം, ചാരിത്ര്യം മുതലായ സുധൎമ്മങ്ങളെ പാലിച്ചതിനാൽ
അവർ ഇന്നും ഭൂമിയിൽ സ്മാരകസ്തംഭങ്ങളായി നിന്നു സജ്ജന
ങ്ങളുടെ സ്തുതിക്കു ഭാജനങ്ങളായിരിക്കുന്നത് അവരുടെ സ്വയം
ഭരണശക്തികൊണ്ടാണല്ലൊ. പരാക്രമശാലികളെ ജനങ്ങൾ
വെറുക്കുകയും ഭയപ്പെടുകയുമല്ലാതെ അവരെ ആരും സൽപാ
ത്രങ്ങളെന്നു പറയുകയോ പ്രശംസിക്കുകയോ ഇല്ല.

മനസ്സിന്നു ദാൎഢ്യം, അഭിമാനം, അകൃത്യങ്ങളിൽ വൈ
രാഗ്യം എന്നിത്യാദികളുണ്ടായിരുന്നാലല്ലാതെ മനുഷ്യൎക്കു രാഗ
ദ്വേഷാദിരിപുക്കളെ കീഴടക്കി ഭരിക്കുവാൻ കഴിയുന്നതല്ല. ഇ
തിന്നു കായബലമോ ജ്ഞാനാധിക്യമോ മാത്രമുണ്ടായാൽ പോ
രാ. ബുദ്ധിക്കു ശാസ്ത്രാദികളെക്കൊണ്ട് അല്പാല്പമായി ശക്തി
നൽകി ചിരാൽ പരിചയിപ്പിച്ചു സ്വാധീനപ്പെടുത്തേണ്ടതാകു
ന്നു. ആത്മഭരണത്തിന് ആനുകൂല്യമായും പ്രാതികൂല്യമായും
നില്ക്കുന്നതു ചിന്തതന്നെയാണ്. സന്മാൎഗ്ഗങ്ങളിൽ ആലോച
ന ചെല്ലുന്നവന്റെ അന്തരംഗത്തിൽ തനിക്കാകട്ടെ അന്യനാ
കട്ടെ ദോഷസംഭവങ്ങൾക്കിടവരുത്തുന്ന ദുൎവ്വിചാരമുണ്ടാകുന്

തല്ല. ഒരു പക്ഷെ ഉണ്ടായാൽതന്നെയും അതു വേരൂന്നി നി ല്ക്കുന്നതുമല്ല. സൽഗ്രന്ഥകർത്താക്കന്മാരും, വിദ്യുച്ഛക്തിയുടെ പ്രയോഗങ്ങളാലും മററും പല നൂതനയന്ത്രങ്ങളെ കണ്ടുപിടി ച്ചിട്ടുള്ള ബുദ്ധിശാലികളും ലോകത്തിൽ പലരുമുണ്ടായിരുന്ന തും ഉള്ളതും നമ്മളറിയുന്നില്ലേ? അവർ സ്തുത്യർഹരാണെങ്കി ലും ആത്മസംയമികളായി കാണുന്നില്ലല്ലൊ. അദ്ധ്വാനപ രിശ്രമങ്ങളാൽ പരോപകാരാർത്ഥം പല വിശേഷവിദ്യകളെ കണ്ടുപിടിച്ചിട്ടുള്ള ബുദ്ധിമാന്മാൎക്കുകൂടി ഇത് അത്ര സുസാദ്ധ്യ മല്ലെന്നറിയുന്ന സ്ഥിതിക്കു സാധാരണന്മാൎക്ക് എളുപ്പത്തിൽ ആത്മനിയന്ത്രണത്തിനു സാധിക്കുന്ന കാൎയ്യം സംശയമാണ്. അതുകൊണ്ടു "മെല്ലെത്തിന്നാൽ മുള്ളും തിന്നാം" എന്നു പറ ഞ്ഞപോലെ ആത്മസംയമനാർത്ഥം ബാല്യം മുതൽതന്നെ പ്ര യത്നിച്ചു സാധിക്കേണ്ടതാകുന്നു.

തന്നെത്താനേ ഭരിക്കാൻ കഴിയുന്നവൎക്കല്ലാതെ അന്യരെ ഭരിക്കുവാൻ കഴിയുന്നതല്ല. മനുഷ്യരെല്ലാവരും പരസ്പരം ഭരി ക്കേണമെന്നാണ് ഈശ്വരന്റെ ഉദ്ദേശം. ഭൎത്താവിനു ഭാൎയ്യ യേയും സന്താനങ്ങളേയും ഭാൎയ്യക്കു ഭൎത്താവിനേയും സന്താനങ്ങ ളേയും മിത്രാദികളേയും കുഡുംബക്കാരേയും ഭരിക്കാതെ കഴിയു ന്നതല്ലല്ലൊ. ആത്മഭരണശക്തിയില്ലായ്കയാലാണ് അന്തഃ ഛിദ്രത്തിന്നും ആക്ഷേപാവമാനങ്ങൾക്കും വ്യസനത്തിന്നും സാ ധാരണയായി മനുഷ്യൎക്കു സംഗതി വരുന്നത്. അമിതഭോജന പ്രീതി, ഈൎഷ്യ, അഹങ്കാരം, പരദൂഷണം, ക്രോധം എന്നിത്യാ ദികളിൽ ഏതെങ്കിലും ഒന്നുകൊണ്ടുതന്നെ മനുഷ്യൎക്കു ദോഷം സംഭവിക്കുന്നതാണ്. അതിനാൽ അവയെ പരിഹരിച്ചില്ലെ ങ്കിൽ സുഖജീവിതം അസാദ്ധ്യം തന്നെ. ആത്മസംയമികൾ ക്ക് ഈ ദുർഗ്ഗുണങ്ങളെ അമൎത്തി നിൎത്തുവാൻ കഴിയുന്നതാണ്. അതിനാൽ എല്ലാവരും ആദ്യമായി ഹൃദയത്തെയാണ് സം

സ്കരിക്കേണ്ടത്. കായികപരിഷ്കാരം കാഴ്ചയ്ക്കുമാത്രമെ പ്രശോഭിക്കയുള്ളു. "പുത്തൻ പരിഷ്കൃതി വെറുംചിലവിന്നു കൊള്ളാം", എന്നുള്ളതു വാസ്തവമാണല്ലൊ. നമ്മുടെ ഈ ഭൂമിയിൽ സൽപ്രജകളും ദുഷ്പ്രജകളുമുണ്ട്. അവർ പലേ പ്രവൃത്തികളും ചെയ്യുന്നതുമുണ്ട്. ഈ സംഗതി നമുക്ക് അനുഭവസിദ്ധമാണല്ലൊ. ഇതുപോലെ മനസ്സാകുന്ന ഭൂമിയിൽ മനസ്സാക്ഷിയാകുന്ന രാജാവും, ഈശ്വരഭക്തി, സച്ചിന്ത, പിതൃഭക്തി, ഗുരുഭക്തി, സത്യം, മാതൃഭക്തി, ക്ഷമ, ധർമ്മതല്പരത, പ്രാണിസ്നേഹം മുതലായ സജ്ജനങ്ങളും രാഗദ്വേഷാദികളായ ദുർജ്ജനങ്ങളും വസിക്കുന്നുണ്ട്; പല പ്രവൃത്തികളും നടത്തുന്നതുമുണ്ട്. ദുഷ്പ്രജകളിൽനിന്നാണല്ലൊ രാജാക്കന്മാർക്കു പ്രായേണ പല അസഹ്യതകളും നേരിടുന്നത്. എന്നാൽ ഇവരുടെ മുഷ്കു് അമർത്തേണ്ടുന്ന ഭാരവാഹിത്വം രാജ്യകാര്യവിധായകനായ ആ രാജ്യത്തിലെ സചിവൻെറ ധർമ്മമാകുന്നു. അതുപോലെ ബുദ്ധിയാകുന്ന അമാത്യൻെറ മന്ത്രശക്തികൊണ്ടു കാമക്രോധാദി വൈരികളെ പരിബന്ധിച്ചു മനസ്സാക്ഷിയാകുന്ന അരചനേയും സൽപ്രജകളേയും അവനം ചെയ്യേണ്ടത് ആ മന്ത്രിയുടേയും മുറയാണല്ലൊ. ഇതിന്നു് ആത്മദമനശക്തിയില്ലാത്തവർക്കു സാധിക്കുന്നതല്ല.

മനുഷ്യർക്കു സാധാരണയായി പ്രതാപൈശ്വര്യാധികാരാദ്യവസ്ഥകളിൽ വ്യാമോഹമുള്ളവരായിക്കാണുന്ന സ്ഥിതിക്കും, കലിധർമ്മമാലോചിക്കുന്നതായാലും അസംഭാവ്യമായി കരുതാവുന്ന ഒരു സംഗതി പ്രത്യക്ഷാനുഭവമായി വരുന്നതായാൽ അതിനെ വിലവെയ്ക്കാതിരിപ്പാൻ ന്യായമില്ലല്ലൊ. അതിനാൽ ഇഹപരങ്ങളിലെ സുഖാനുഭോഗത്തിന് ആസ്പദമായ ആത്മസംയമനശക്തി ഉണ്ടാക്കുവാൻ എല്ലാവരും നിരന്തരം പ്രയത്നിച്ചു പരിശീലിക്കേണ്ടതാകുന്നു.

# അദ്ധ്യായം ൧൩.

## കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

'കണ്ടാൽ തുമ്പുചുരുണ്ടുനീണ്ടമുടിയും,
വിസ്താരമാം ഫാലവും,
നീണ്ടാഞ്ഞംഗിയെഴുന്നമൂക്കു, നെടുതാം
നേത്രങ്ങൾ, കോകർണ്ണവും,
രണ്ടാം വെണ്മണിയച്ഛനെന്നുപറയാൻ
പാകത്തിലക്കുംഭയും
പൂണ്ടാക്കോമള'കുഞ്ഞുഭൂപ'ഗുരുവെൻ
വിഘ്നങ്ങൾ തീർത്തീടണം.'

ചരിത്രസംബന്ധമായി പണ്ടേതന്നെ പ്രസിദ്ധി പ്രാപിച്ചിട്ടുള്ള ഒരു രാജ്യമാണ് കോടിലിംഗപുരം അല്ലെങ്കിൽ കൊടുങ്ങല്ലൂർ. പെരുമാക്കന്മാർ രാജ്യഭരണം ചെയ്തിരുന്ന കാലത്തു കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. എല്ലാ പെരുമാക്കന്മാരുടേയും വാസസ്ഥാനം അവിടെ മഹോദയപട്ടണത്തിലായിരുന്നു. അക്കാലത്തും അതിനുശേഷം ഏതാനും കാലങ്ങളിലും തൃക്കണാമതിലകം ഗ്രാമവും അവിടത്തെ നാട്ടുവാഴികളും ജനങ്ങളും കൊടുങ്ങല്ലൂർ രാജാധികാരികളുടെ കീഴിലായിരുന്നു. ജൂതന്മാരും സുറിയാനിക്രിസ്ത്യാനികളും ആദ്യമായി മലയാളത്തിൽ വന്നിറങ്ങി താമസിച്ചുതുടങ്ങിയതും കൊടുങ്ങല്ലൂരിലാണ്. തുറമുഖം, വ്യാപാരം, സൈന്യസങ്കേതം മുതലായവയാൽ ഈ രാജ്യം പൂർവ്വകാലങ്ങളിൽ ഒന്നാം കിടയിൽ ചേർക്കേണ്ട ഒന്നായിരുന്നു. ഈ സംഗതികളെല്ലാം ഈ സ്ഥലത്തിന്റെ മാഹാത്മ്യത്തിനും പ്രസിദ്ധിക്കും തക്ക ലക്ഷ്യങ്ങളാണല്ലൊ.

എല്ലാംകൊണ്ടും വിഖ്യാതിയുള്ള ഈ കോടിലിംഗപുരത്തിന്റെ അധിപന്മാരായ പശ്ചിമാബ്ധീശവംശത്തിൽ ആണ് ഈ തിരുമേനി അവതരിച്ചത്. ഈ രാജവംശത്തിൽ പുത്തൻ കോവിലകം, ചിറയ്ക്കൽ കോവിലകം എന്നു രണ്ടു താവഴിയുണ്ട്. ഇതിൽ പുത്തൻകോവിലകത്തിൽ ചേൎന്ന ഒരംഗമാണ് ഈ മഹാൻ. ഇദ്ദേഹം ൧൦൪൦ – ാമാണ്ടു കന്നിമാസം ൪ –ാം നു- അശ്വതി നക്ഷത്രത്തിൽ തിരിഞ്ഞു ൨ അടി ൪ വിരൽ ചെന്ന സമയത്തു ജനിച്ചു. തദവസരത്തിൽ അവിടത്തെ പിതാവ് അടി അളന്നുനോക്കീട്ടു ജാതനായ ആ കുട്ടി 'ചാത്തൻ' ആണ് എന്ന് ഒരു ഫലിതം പറഞ്ഞതായി കേട്ടിട്ടുണ്ട്. ഇതിൽനിന്നു ഗ്രഹിക്കേണ്ടതായ സാരം വായനക്കാർതന്നെ ഊഹിച്ചുകൊള്ളട്ടെ. കേരളത്തിൽ വാടിക്കിടന്നിരുന്ന ഭാഷാകവിതാവല്ലിയെ വാത്സല്യപൂർവ്വം വളൎത്തി ഫലവത്താക്കിത്തീൎപ്പാൻ അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ള മഹാന്മാരിൽ അഗ്രേസരനായ വെണ്മണി അച്ഛൻനമ്പൂരിപ്പാടാണ് ഈ തിരുമേനിയുടെ പിതാവ്.

ഈ രാജകുമാരനു ബാല്യത്തിൽ പറയത്തക്ക അരിഷ്ടങ്ങളൊന്നുമുണ്ടായിട്ടില്ല. ഇദ്ദേഹത്തിന്റെ സാക്ഷാൽപേർ 'രാമവൎമ്മ'' എന്നാണ്. ചെറുപ്പത്തിൽതന്നെ ഈ തിരുമേനിക്കു തട്ടിത്തകൎത്തു കളിച്ചുനടക്കുന്നതിനും ഫലിതങ്ങൾ പറയുന്നതിനുമാണ് അത്യധികമായ ആസക്തിയുണ്ടായിരുന്നത്. തിരുമനസ്സിലെ പുതുമകളാലും മററും അവിടുന്നു മാതാപിതാക്കന്മാൎക്കെന്നല്ല കോവിലകത്ത് എല്ലാവൎക്കും കണ്ണിലുണ്ണിയായിത്തീൎന്നു. ഇദ്ദേഹത്തിന്ന് ഒരു സഹജൻ മാത്രമേയുള്ളൂ. അദ്ദേഹത്തിനും കവിതയുണ്ട്. എന്നാൽ അദ്ദേഹത്തിനു നാട്യവിദ്യകളിലാകുന്നു അധികമായ സാമൎത്ഥ്യമുള്ളത്. സംസ്കൃതത്തിലും വ്യുല്പത്തി ഇല്ലെന്നില്ല.

ആകൃതിയിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കുറിയ കാലുകളോടുകൂടിയ കൃശാംഗനും, വ്യൂഢോരസ്സോടും, വൃഷസ്കന്ധത്തോടും കൂടി ഇരുനിറത്തിലുള്ള ഒരാളാകുന്നു. വാമനത്വം കല്പിക്കുന്നതു യുക്തമല്ലെങ്കിലും ഉയരം കുറവാണെന്നു പറയാതെ കഴികയില്ല. സാധാരണ മനുഷ്യർക്കു വലത്തുകയ്യ് എന്നപോലെ അവിടെത്തേക്കു വാമഹസ്തവും സ്വാധീനമാണ്.

ഈ മഹാൻ സ്വഭാവത്തിൽ ശാന്തനും, ഉദാരനും, സരസനും, സ്വകർമ്മാനുഷ്ഠാനനിഷ്ഠാതല്പരനും, നിഷ്പക്ഷപാതിയും, ആശ്രിതപരായണനും, കരുണാഭാജനവും, സമബുദ്ധിയോടുകൂടിയ ഗംഭീരാശയനും ആണെന്നുള്ള വാസ്തവാവസ്ഥ അവിടുത്തോട് അടുത്തുപരിചയിച്ചിട്ടുള്ളവർക്കേ വ്യക്തമായി അറിയാൻ കഴികയുള്ളൂ. തിരുമേനിക്കു കൃത്യനിഷ്ഠയിൽ സുസ്ഥിരത അല്പം കുറവാണെന്നു പറയുന്നവരുമുണ്ടാകാം. ബാല്യംമുതൽതന്നെ തിരുമേനിക്കു താൻ ഒരു രാജകുലജാതനാണെന്നോ മറ്റോ തീരെ അഭിമാനമില്ല. ജനങ്ങളെ രഞ്ജിപ്പിക്കുവാനുള്ള നയം അവിടുത്തെ കയ്യിൽനിന്നു പോയതേയുള്ളൂ. കുട്ടിക്കാലത്തുതന്നെ ഇദ്ദേഹം പരോപകാരതല്പരനായിരുന്നു.

ഈ തിരുമേനിയെ അഞ്ചാം തിരുവയസ്സിൽ എഴുത്തിനുവെപ്പിച്ചു. അക്ഷരാഭ്യാസം മുതലായ ചിലതെല്ലാം വളപ്പിൽ ഉണ്ണി ആശാന്റെ അടുക്കൽ കഴിച്ചതിനുശേഷം തിരുമനസ്സിലെ നേരെ അമ്മാമനും ഇപ്പോഴത്തെ കൊടുങ്ങല്ലൂർ രാജസ്വരൂപത്തിലെ രണ്ടാമത്തെ രാജാവുമായ വിദ്വാൻ വലിയ കുഞ്ഞിരാമവർമ്മൻ തമ്പുരാൻ എന്നു സുപ്രസിദ്ധനായ ആ തിരുമനസ്സിലെ കീഴിൽ കാവ്യപാഠം ആരംഭിച്ചു. കൊടുങ്ങല്ലൂർ രാജാക്കന്മാർ പണ്ടേതന്നെ വിദ്യയിൽ പ്രഖ്യാതി പ്രാപിച്ചിട്ടുള്ളവരാണല്ലൊ. നമ്മുടെ ഉപന്യാസനായകനു ബാല്യത്തിൽ പഠിപ്പിൽ അത്ര ശ്രദ്ധയുണ്ടായിരുന്നില്ല. ഓരോരോ ക്രീഡ

കളിലായിരുന്ന ഇദ്ദേഹം മനസ്സിനെ അധികമായി പ്രേരിപ്പിച്ചു കൊണ്ടിരുന്നത്.

കൊടുങ്ങല്ലൂർ രാജകുഡുംബത്തിൽ ജനിച്ച രാജകുമാരന്മാർ ഉപനയനാനന്തരം അവിടത്തെ ശ്രീകുരുംബക്കാവിൽ ഒരു സംവത്സരം ഭജിക്കേണമെന്ന വളരെ പുരാതനമായി ഒരു നിശ്ചയമുണ്ട്. ഇതനുസരിച്ച് ഇദ്ദേഹത്തെ മാതാപിതാക്കന്മാരും മാതുലന്മാരുംകൂടി നിർബ്ബന്ധിച്ചു മൂന്നുകൊല്ലം ഭജിപ്പിച്ചു. ഭജനാനന്തരം തിരുമനസ്സിലേക്കു പഠിപ്പിൽ അഭിരുചിയും, ശ്രദ്ധയും, ആലോചനാശക്തിയും അനിതരസാധാരണമായുണ്ടായിത്തുടങ്ങി. തദുപരി കാവ്യനാടകാലങ്കാരാദികളേയും ക്ഷത്രിയൎക്കു വേണ്ടുന്ന വൈദികവിഷയങ്ങളേയും മാതുലന്മാരായ വിദ്വാൻ വലിയ കുഞ്ഞിരാമവൎമ്മൻ തമ്പുരാൻ തിരുമനസ്സിലേയും, തൎക്കശാസ്ത്രം 'മുക്താവലി'വരെ വിദ്വാൻ കുഞ്ഞൻതമ്പുരാൻ തിരുമനസ്സിലേയും, ജ്യോതിഷത്തിൽ 'പഞ്ചബോധം'വരെ ക്രിയചെയ്യുവാൻ തിരുമേനിയുടെ മുത്തശ്ശിയായ എളയഅമ്മത്തമ്പുരാൻ തിരുമനസ്സിലേയും ശിക്ഷയിൻ കീഴിലാണ് പഠിച്ചത്. വിദ്യാഭ്യാസാനന്തരം ഈ തിരുമേനിക്കും ശിഷ്യസമ്പാദ്യമുണ്ടായിത്തുടങ്ങി. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാൎക്കു ശിഷ്യസമ്പാദ്യം പണ്ടുപണ്ടേയുള്ളതാണല്ലൊ.

ബ്രഹ്മചൎയ്യകാലത്തുതന്നെ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു കവിത എഴുതുവാൻ ആരംഭിച്ചിട്ടുണ്ടെങ്കിലും, അതൊന്നും അക്കാലങ്ങളിൽ പുറത്തിറക്കീട്ടില്ല. അവയിൽ ചിലവയെ ഇപ്പോൾ ചിലർ ചില മാസികകളിൽ പ്രസിദ്ധീകരിച്ചു തുടങ്ങീട്ടുള്ളതായി അറിയുന്നുണ്ട്. കവിതയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും തിരുമേനിയുടെ ഒരു അമ്മാമനും കവിസാൎവ്വഭൌമനും വൈദ്യാഗ്രേസരനുമായ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും, ഭാഷാഭൂഷണപൊന്മണിയും

വെണ്മണി അച്ഛനും ആയ അച്ഛനും, മഹനുമാണ് തിരുമേനിക്കു സഹായിച്ചിട്ടുള്ളത്. ഭാഷയിൽ എന്നപോലെ സംസ്കൃതത്തിലും ഇദ്ദേഹം വളരെ കവിതകൾ ഉണ്ടാക്കീട്ടുണ്ട്. തിരുമനസ്സിലെ കവിതാവിത്തിൽ ഉല്ലുഭം ഓരേ പതിരുണ്ടെന്നു ചിലർ അഭിപ്രായപ്പെട്ടുമായിരിക്കും. എന്നാൽ ക്രൂസൽക്രൂടാതേയും തക്കവും തരവും കാലവും നോക്കാതെ പദ്യവിത്തുകളെ എവിടെയും വാരിക്കോരിവിതച്ചു വിളവെടുത്തു കേരളസാഹിത്യപുഷ്ടിവരുത്തിയ ആ പുണ്യശ്ലോകൻെറ ശ്ലോകധാന്യങ്ങളിൽ ചുരുക്കമായി ഓരേ മുറിയുണ്ടായിരുന്നാൽക്രൂടിയും സാഹിത്യമർമ്മഗ്രാഹികൾ അതു സാരമായി ഗണിക്കുമോ എന്നു തോന്നുന്നില്ല. ഏതായാലും തിരുമനസ്സിലെ കൃതികളെല്ലാം ഭാഷാസാഹിത്യത്തിൻെറ മൂലധനങ്ങളാണെന്ന് ഏവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാണ്.

കിളിപ്പാട്ട്, തുള്ളപ്പാട്ട് എന്നിവയുടെ സൃഷ്ടികർത്താക്കന്മാരായ തുഞ്ചത്ത് എഴുത്തച്ഛൻ, കഞ്ചൻനമ്പ്യാർ എന്നീ മഹാന്മാരെപ്പോലെ 'നല്ലഭാഷ'യുടെ ജനകനാണ് ഇദ്ദേഹം. ശുദ്ധമലയാളത്തിൽ കവിതയെഴുതുകയെന്നതു സാധാരണ കവികൾക്ക് അത്ര സുകരമാണെന്നു തോന്നുന്നില്ല. 'കവിഭാരതം' ആണ് തിരുമേനിയുടെ ആദ്യത്തെ കൃതി.

ഇദ്ദേഹം മലയാംകൊല്ലം ൧൦൬൬ കന്നി ൧൬-ാംനു- കൊടുങ്ങല്ലൂരിൽവെച്ചു നടത്തപ്പെട്ട കവിതാവേഗപരീക്ഷയിൽ ൧൪൦ ശ്ലോകങ്ങളോടുക്രൂടി അഞ്ചു് അങ്കത്തിൽ 'സ്യമന്തകം' എന്ന നാടകം ഒമ്പതു മണിക്കൂറുകൊണ്ടും, തുലാം ൧൪-ാംനു- യിലെ പരീക്ഷയിൽ ൩൦൦ ശ്ലോകങ്ങളോടുക്രൂടി പത്ത് അങ്കത്തിൽ 'നളചരിതം' എന്ന നാടകം പന്ത്രണ്ടു മണിക്കൂറുകൊണ്ടും ഉണ്ടാക്കി. ൧൦൬൯-ൽ തെക്കൻ കോട്ടയത്തുവെച്ചു നടത്തപ്പെട്ട ദ്രുതകവിതാപരീക്ഷയിൽവെച്ച് ഈ തിരുമേനി അ

ഞ്ജമണിക്കുറുകൊണ്ടുണ്ടാക്കിയതാണ് 'ഗംഗാവതരണം' നാടകം. ഈ പരീക്ഷയിൽ ഒന്നാമനായി ജയിച്ചത് ഇദ്ദേഹമാണ്. "നാടകാന്തംകവിത്വം" എന്നുണ്ടെങ്കിലും കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സു കവിതാരംഭത്തിൽതന്നെ നാടകമെഴുതാൻ തുടങ്ങിയെന്ന് അറിയുമ്പോൾ അവിടുത്തെ വാസനാബലവും മററും അനുമാനിക്കാവുന്നതാണല്ലൊ.

൧൦൮൧-ൽ ഒരിക്കൽ തൃപ്പൂണിത്തുറെ കുന്നിന്മേൽ കോവിലകത്തുവെച്ച് ഇപ്പോൾ രാജ്യഭാരത്തിൽനിന്നു വിമുക്തനായി വിശ്രമിച്ചിരിക്കുന്ന ഗംഭീരാശയനും സകലകലാവല്ലഭനുമായ മഹാമഹിമശ്രീ സർ രാമവർമ്മാ ജി. സി. എസ്സ്. ഐ. ജി. സി. ഐ. ഇ. കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടും മററു ചില മാന്യരായ നമ്പൂരിമാരുംകൂടി വെടിപറഞ്ഞുംകൊണ്ടിരിക്കുമ്പോൾ അവിടെ സന്നിഹിതനായിരുന്ന ഈ കവിവര്യനോടു മഹാരാജാവു "നമ്മളിപ്പോൾ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്ന വിഷയത്തെപ്പററി ഉടൻ ഒരു പദ്യമുണ്ടാക്കി കേൾക്കട്ടെ" എന്നു കല്പിച്ചതനുസരിച്ച് ഈ കവിപ്രവീരൻ,

"വമ്പൊത്തീടിനമാടരാജനരുളാൽ
　　താൻകൊല്ലമോരായിര-
ത്തെമ്പത്തൊന്നിൽ വിശിഷ്ടമായ മകരം
　　പത്തൊത്ത നാലാംദിനേ
കുന്നത്തേരിക്കുലത്തിലസ്സുകൃതിയാം
　　കർത്താവു ദുർഗ്ഗാലയം
കുന്നത്തുള്ള കൊട്ടുങ്ങയിൽപ്പണികഴി-
　　പ്പിച്ചീടിനാൻ കേശവൻ."

എന്ന ശ്ലോകം അഞ്ചുമിനിട്ടിനുള്ളിൽ ഉണ്ടാക്കി ചൊല്ലിക്കേൾപ്പിച്ചു എന്നു കേട്ടിട്ടുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്കു 'സരസദ്രുതകവികിരീടമണി' എന്നുള്ള പേരിന് അർഹത

യുണ്ടെന്നുള്ളതിലേക്ക് ഈ സംഗതിയും മതിയായ തെളിവ് ആണല്ലൊ. ചുരുങ്ങിയ ജീവിതകാലത്തിനിടയിൽ തിരുമേനി പലതരത്തിലായി അനവധി കൃതികളുണ്ടാക്കീട്ടുണ്ട്. എന്നാൽ അവയിൽ മുഴുവനാക്കാതെയും അച്ചടിക്കാതെയും പലതുമുണ്ടെന്നാണ് അറിയുന്നത്. അറിവു കിട്ടിയേടത്തോളം അവിടത്തെ കൃതികളുടെ വിവരങ്ങളെ ഇവിടെ പ്രസ്താവിക്കുന്നതു വായനക്കാൎക്ക് ഉപകാരപ്രദമായിരിക്കുമല്ലൊ.

'കാവ്യങ്ങളായുള്ള കല്പിതകവിതകളിൽ' കവിഭാരതം, ദക്ഷയാഗശതകം, മദിരാശിയാത്ര, നല്ലഭാഷ, പാലുള്ളിചരിതം, ഹംസസന്ദേശം, തുപ്പക്കോളാമ്പി, മംഗളമാല, കേരളം (അഞ്ചു സൎഗ്ഗം)-ഇവ അച്ചടിച്ചിട്ടുണ്ട്. 'അംബോപദേശം' ഇതുവരെ പുറത്തായിട്ടില്ല. ഇവയിൽ 'ദക്ഷയാഗശതകം' പരേതനായ കാത്തോള്ളിൽ അച്യുതമേനോൻ മുതലായ ചില മാന്യകവികളോടു മത്സരിച്ചു രണ്ടു മണിക്കൂറുകൊണ്ടുണ്ടാക്കീട്ടുള്ളതാണ്.

'രൂപകങ്ങളിൽ' 'നളചരിതം' നാടകം ഒഴികെ 'സ്യമന്തകം, സന്താനഗോപാലം, ചന്ദ്രിക, ലക്ഷണാസംഗം, ഗംഗാവതരണം, മാനവിക്രമവിജയം' എന്നീ ഗ്രന്ഥങ്ങളുടെ അച്ചടി കഴിഞ്ഞിട്ടുണ്ട്. 'മാൎത്താണ്ഡവിജയം' എന്ന ചരിത്രസംബന്ധമായ നാടകത്തിന്റെ നിൎമ്മാണം മുഴുവനാക്കാൻ തിരുമേനിക്കു സാധിച്ചിട്ടില്ലെന്നാണ് കേൾക്കുന്നത്.

'ഗാഥകളിൽ' 'രാധാമാധവയോഗം വഞ്ചിപ്പാട്ട്, ഘോഷയാത്ര കഥകളി, കൊടുങ്ങല്ലൂർ ഭഗവതി കുറത്തിപ്പാട്ട്, അയോദ്ധ്യാകാണ്ഡം തുള്ളൽ' ഇവകളൊഴികെ, 'ദോഷവിചാരം കിളിപ്പാട്ട്, വേട്ടയ്ക്കൊരുമകൻ പാന, ചൊവ്വര ശ്രീകൃഷ്ണൻ പാന, വയ്ക്കത്തപ്പൻ പാന, ആത്മബോധം പാന' എന്നീ ഗ്രന്ഥങ്ങൾ പ്രചാരത്തിലായിട്ടുണ്ട്.

'ഖണ്ഡകാവ്യങ്ങളിൽ' അച്ചടിക്കാതെ പലേടങ്ങളിലുമായി അസംഖ്യമുണ്ടെങ്കിലും, 'ഒരു കരാർ, ശരസേതുബന്ധം, കൂടൽമാണിക്യം, ദ്രോണാചാൎയ്യർ, കംസൻ' മുതലായി പലതും പ്രസിദ്ധം ചെയ്തിട്ടുണ്ട്. എഴുത്തുകളും വൎണ്ണനകളും ആയി എത്രയുണ്ടെന്നു ക്ലിപ്തപ്പെടുത്തുക പ്രയാസമാണ്.

'സംസ്കൃതകൃതികളിൽ' 'ജരാസന്ധവധം' ഒഴികെ 'ആൎയ്യാശതകം, സ്വയംവരമന്ത്രാക്ഷരമാല, കിരാതരുദ്രസ്തവം, ബഭ്രുവാഹനവിജയം, കിരാതാൎജ്ജുനീയം, സുഭദ്രാഹരണം, ദശകുമാരചരിതം' (എതാനും ഭാഗം) അച്ചടിച്ചു പുറത്തിറക്കീട്ടുണ്ട്. തിരുമേനിയുടെ സംസ്കൃതത്തിലുള്ള പല ചില്ലറക്കവിതകളും 'സഹൃദയാ' എന്ന സംസ്കൃതമാസികയിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

'തൎജ്ജമഗ്രന്ഥങ്ങളിൽ' 'മഹാഭാരതം' ആണ് പ്രധാനമായിട്ടുള്ളത്. ഇതുകൂടാതെ 'ശങ്കരാചാൎയ്യചരിതം, കോകിലസന്ദേശം, ശുകസന്ദേശം, കാദംബരീകഥാസാരം, ചന്ദ്രികാവീഥി, ഒത്തെല്ലോനാടകം, ശാകുന്തളം നാടകം, ചൂഡാമണി, വിക്രമോൎവ്വശീയം, ഭാഗവതം (ചതുൎത്ഥസ്കന്ധംവരെ), ഹരിവംശം, ഹരിശ്ചന്ദ്രോപാഖ്യാനം' എന്നിത്യാദികളും അവിടത്തെ ഭാഷാന്തരങ്ങളാണ്.

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്ക് ഹൂണവാണി വശഗയല്ലെങ്കിലും ആ തിരുമേനി 'ഹാംലെററ്' എന്ന ഇംഗ്ലീഷുനാടകത്തെ മലയാളത്തിൽ നാടകമാക്കീട്ടുണ്ട്. അവിടത്തെ സ്നേഹിതനും ആംഗ്ലേയഭാഷാഭിജ്ഞനുമായ ഒരു മാന്യൻ ഇംഗ്ലീഷു വായിച്ചു തിരുമേനിയെ അതിൻെറ സാരം മലയാളത്തിൽ ധരിപ്പിക്കുകയും അപ്പോഴ്ത്തന്നെ അവിടുന്നു മലയാളത്തിൽ നാടകമായി തൎജ്ജമചെയ്കയുമാണ് ചെയ്തിട്ടുള്ളത്. ഈ കവിപുംഗവൻ അന്യൂനം ഈ ഇംഗ്ലീഷുനാടകത്തെ പരി

ഭാഷപ്പെടുത്തി പ്രഖ്യാതി സമ്പാദിച്ചിട്ടുള്ളതോക്കുമ്പോൾ ഈ കലാകുശലന്റെ പ്രതിഭാപ്രഭാവത്തെപ്പററി ആരാണ് അതിശയിക്കാത്തത്?

'ശാസ്ത്രങ്ങളിൽ' ഒരു ഭാഷാവ്യാകരണത്തിൽ 'ക്രിയാകാണ്ഡം' മാത്രം തിരുമേനി എഴുതീട്ടുണ്ട്. ഇതിലെ ബാക്കി ഭാഗങ്ങൾ അവിടത്തെ മാതുലന്മാരായ വിദ്വാൻ വലിയ കുഞ്ഞിരാമവൎമ്മൻതമ്പുരാൻ മുതലായ രണ്ടു മഹാന്മാരുടെ വകയാണ്. ഈ ഗ്രന്ഥം രാജ്യഭരണത്തിൽനിന്നു വിമുക്തനായി ഇപ്പോൾ തൃശ്ശിവപേരൂരിൽ വാണരുളുന്ന സർ. രാമവൎമ്മമഹാരാജാവു തിരുമനസ്സിലെ സഹജനും ധീരനും കുശാഗ്രബുദ്ധിയും പണ്ഡിതശിരോമണിയുമായ ഇരിങ്ങാലക്കുടെ കോവിലകത്തു വെച്ചു തീപ്പെട്ട ഏളയതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം വിദ്യാൎത്ഥികളുടെ ഉപയോഗത്തിനായിട്ടാണ് വിരചിച്ചിട്ടുള്ളതെന്ന് അറിയുന്നു.

ഈ കവിവരൻ 'ശബ്ദാലങ്കാരവും കരപ്പൻചികിത്സയും' കൂടി ഉണ്ടാക്കീട്ടുണ്ട്. ഇനിയും പല ഗ്രന്ഥങ്ങൾകൂടി അവിടത്തെ കൃതികളായിട്ടുണ്ടെന്നു കേൾക്കുന്നുണ്ടെങ്കിലും, അവയുടെ വാസ്തവവിവരങ്ങൾ മുഴുവനും കിട്ടായ്കയാൽ അവയുടെ പേരുകളെ ഇവിടെ ഉദ്ധരിക്കുന്നില്ല.

ഈ മഹാശയനു തൎജ്ജിമയിൽ ഉള്ള പാടവം അനന്യസദൃശമായിട്ടുള്ളതാകുന്നു. മൂലകവിയുടെ ആശയം തീരെ വിടാതെയും ഒഴുക്ക്, അൎത്ഥപുഷ്ടി, സൌഷ്ഠവം, അൎത്ഥശബ്ദാലങ്കാരസാരള്യം എന്നിത്യാദി ഗുണപൌഷ്കല്യത്തോടുകൂടി ഗീൎവ്വാണഭാഷാഗ്രന്ഥങ്ങളെ ഭാഷയിൽ അതിവേഗത്തിൽ ഭാഷപ്പെടുത്തുന്നതിൽ ഇദ്ദേഹത്തിനുള്ള തഴക്കവും പഴക്കവും നൈപുണ്യവും അനിതരസാധാരണമായിട്ടുള്ളതാണെന്നു സമ്മതിക്കുന്നതിൽ ആൎക്കും വിസമ്മതമുണ്ടാകുമെന്നു തോന്നുന്നില്ല. 'കൃഷ്ണ

ദ്വൈപായനമുനിയാൽ മൂന്നരക്കൊല്ലംകൊണ്ടു നിൎമ്മിക്കപ്പെട്ട 'മഹാഭാരതജലധിയിൽ' അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടക്കുന്ന കഠിനാൎത്ഥപ്പാറകളിൽ തട്ടിത്തടഞ്ഞുനില്ക്കാതേയും, ഗഹനതമങ്ങളായ അലങ്കാരക്കൊടുങ്കാററിനാൽ അലഞ്ഞുതിരിഞ്ഞു വല്ല ദുൎഘടസ്ഥാനങ്ങളിൽ ചെന്നു കേറാതേയും, മൂന്നരക്കൊല്ലംകൊണ്ടുതന്നെ തിരുമേനിയുടെ ആയതബുദ്ധിയാകുന്ന തീക്കപ്പലോടിച്ച് അതിനെ അനായാസേന കേരളത്തിൽ എത്തിച്ചു മലയാളികളുടെ ഭാഷാവ്യാപാരാഭ്യുദയത്തിനു സംഗതി വരുത്തിയ ആ തിരുമേനിയുടെ വിപുലഗുണഗണങ്ങളെക്കുറിച്ചു വല്ല പൊടിപ്പും തൊങ്ങലും കെട്ടിച്ചമച്ചു ഫലിപ്പിക്കേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിനു ഛായാശ്ലോകരചനയിൽ അതീതമായ പാടവമുണ്ടെന്നു പ്രദൎശിപ്പിക്കുവാൻ താഴെ പറയുന്ന രണ്ടു പദ്യങ്ങൾ തെളിവുകളാണല്ലൊ.

൧. "ഉന്മേഷത്തൊടുതാൻമുറുക്കിയരികത്തല്ലംമുറുക്കാനുമായ്-
ച്ചുമ്മാതേമണിപത്തടിപ്പതുവരേ മൂടിപ്പുതച്ചങ്ങിനേ
ബ്രഹ്മസ്വംമഠമായതിൻെറപടിയിൽ പൂൎണ്ണാനുമോദംപരബ്രഹ്മംകണ്ടമരുന്നവെണ്മണിമകൻ നമ്പൂരിയെക്കണ്ടുഞാൻ.

൨. ഒട്ടേററംനീണ്ടമൂക്കും,നെടിയമിഴികളും ധീരമാംനോട്ടവുംപൊൻ-
മട്ടേന്തുംമെയ്ക്കിണങ്ങുംതടിയു,മുയരവും, വീതിയേറുന്നമാറും

മുട്ടോളംനീണ്ടകൈവീശിനംഘനനടയും,
മററുമത്രേപ്രസിദ്ധ-
പ്പെട്ടോരാധമ്മരക്ഷാവ്യസനധനികനാം
ധമ്മപുത്രൻെറരൂപം."

ഈ തിരുമേനിയുടെ നിസൎഗ്ഗമധുരതരങ്ങളായ ഒററശ്ലോകങ്ങൾ എണ്ണമില്ലാതോളമുണ്ട്. അവയിൽ രണ്ടെണ്ണം ഇവിടെ ചേക്കുന്നതു വായനക്കാക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

൧. "ലോകംതന്നുടെമൂത്തിയെട്ടിൽമുഴവൻ
വ്യാപിക്കിലുംമുമ്പിലെ-
താകുന്നോരിതുതന്നെജീവനമതെ-
ന്നത്യാദരം കാരണം
നീർകൊണ്ടുള്ളഭിഷേകമേററുകടലും
വൻകായലുംകണ്ടുക-
ണ്ണീർകൊണ്ടിങ്ങെറണാകുളത്തരുളീടും
ശംഭോ!ശുഭംനൽകണേ.

൨. ആയത്തിൽക്കൈപെരത്തീട്ടകലവെയമരും
മന്നവൻതൻെറമായോ-
പായത്തിൻകീഴിലായിക്കിഴിവുപദവിയിൽ-
പ്പെട്ടശിഷ്ടംപ്രഭുക്കൾ
ഞായത്തിൽബുദ്ധിമുട്ടാനൊട്ടവിലിടവരും
തുല്യരായോരൊടിഷ്ട-
പ്രായത്തിൽക്കൂടിനില്ക്കുന്നിവരിലൊരുമഹാ
ശത്രുവുംപല്ലുപോലേ."

ഇങ്ങിനെ പലപ്രകാരത്തിലും കേരളീയഭാഷാവ്യാപാരികളേയും മലയാളരാജ്യത്തേയും സൽക്കവിതാവിത്തത്തിനാൽ അനവരതം സഹായിച്ചു പോഷിപ്പിച്ചു വെള്ളിമാമലയ്ക്കുംകൂട

പരിഭവം ജനിപ്പിക്കുമാറു നാടെങ്ങും ശുഭ്രയശസ്സു പരത്തിവാണ ഈ തിരുമേനിക്ക് ൫൦വ്വവ്വ-ാമാണ്ടു ധനുമാസം ൨൯-ാംനു- അസ്തമിച്ച് അതിസാരം തുടങ്ങി, അത് ഉപൎയ്യുപരി വൎദ്ധിച്ചു മകരമാസം ൫-ാംനു- പകൽ സന്ധ്യയ്ക്കുമുമ്പായി അവിടുന്ന് ഇഹലോകം കൈവെടിഞ്ഞ വിവരം ഇവിടെ പ്രസ്താവിക്കുന്നതിനുമുമ്പായി എന്റെ തൂലിക ഇതാ താഴെ പതിച്ചുകഴിഞ്ഞിരിക്കുന്നു. എന്തുചെയ്യാം?

ഈ തിരുക്കേറി തീൎപ്പെട്ടുന്നതിന്നു കുറച്ചുമുമ്പായി അവിട്ടത്തെ മരുമകനായ ഒരു ചെറിയ തമ്പുരാനോടു പെൻസിലും കടലാസ്സും കൊണ്ടുവരുവാൻ കല്പിച്ചു. മരണശയ്യാഗതനായ നമ്മുടെ തിരുമേനി കിടന്നകിടപ്പിൽ കിടന്നുംകൊണ്ടു 'ലോകമാതാ' എന്നു നാലക്ഷരം എഴുതി. അപ്പോഴയ്ക്കും അവിട്ടത്തേക്കു കയ്യുബലഹീനത ഭവിക്കയാൽ മരുമകനോടുതന്നെ എഴുതുവാൻ ആജ്ഞാപിച്ചുകൊണ്ട്,

൧. "ലോകമാതാവിനിസ്സൎവ്വലോകമാംസ്വന്തസന്തതി
അവിടുത്തേക്കപിഴചെയ്തീവിടെക്കിട്ടുമോസുഖം.

൨. സ്വന്തസന്താനങ്ങൾതമ്മിൽചന്തംവിട്ടേറെറതിക്കുകിൽ
ഹന്ത!ഭൂരസ്ഥർദുഃഖിപ്പൂസ്വാന്തസ്ഥർസുഖമെന്നിയേ."

എന്നീ പദ്യദ്വയത്തെ രണ്ടുമൂന്നു മിനിട്ടിനുള്ളിൽ ഉണ്ടാക്കിച്ചൊല്ലിക്കൊടുത്തു. അനന്തരം അവിളംബം തിരുമനസ്സിലെ ധാരണ ക്ഷയിച്ച് ഉടനെ അവിടുന്നു പരലോകത്തെ പ്രാപിച്ചു. ഇങ്ങിനെ ശ്ലോകം ചൊല്ലിക്കൊണ്ടു ഈശ്വരസ്മരണയോടെ ഭൂവാസം വെടിഞ്ഞ പുണ്യശ്ലോകനായ ഈ വരകവിയുടെ അകാലനിൎയ്യാണകാൎയ്യത്തിൽ നിൎവ്യാജമായി പരിതപിക്കാത്തവർ ഭൂലോകത്തിലുണ്ടാകുമോയെന്നു സംശയമാണ്.

'സരസദ്രുതകവികിരീടമണി'യായ ഈ തമ്പുരാൻ തിരുമനസ്സുകൊണ്ടു കൈരളിപ്പെൺകിടാവിനെ സന്തോഷസമേ

തം മനോഹരങ്ങളായ പല ഗദ്യപദ്യഭൂഷണങ്ങളുണ്ടാക്കി അണിയിച്ചു ഭംഗിവരുത്തി സന്തോഷിപ്പിച്ച്, 'കേരളബാദരായണൻ' എന്ന പേരെടുത്ത് ഇത്ര വേഗത്തിൽ പരലോകഗതനായതുകൊണ്ട്, കേരളഭാഷായോഷാശിരോഭൂഷണം ശിഥിലമായി ആവതിച്ചുവെങ്കിലും, ഈ ദിവ്യപുരുഷൻെറ പ്രശസ്തി ആഴിയിലൂഴിയാഴംവരെ നിമ്മലമായി നിലനില്ക്കുവാൻ ഇദ്ദേഹത്തിൻെറ കൃതികൾ തന്നെ മതിയാകുന്നതാണല്ലൊ. എന്നാൽ കേരളഭാഷാപോഷണതല്പരനായ ഈ തിരുമേനിക്കു ദീഗ്ഘായുസ്സില്ലാതെ വന്നതു കൈരളിയുടേയും കേരളീയരുടേയും നിർഭാഗ്യശക്തിയാണെന്നു വ്യസനപൂവ്വം പറയേണ്ടിയിരിക്കുന്നു.

# അദ്ധ്യായം ൧൪

## മന്ത്രവാദം

"ഖേദംകളഞ്ഞുപുരുകമ്മസന്തതിക്കു-
ന്മാദംകളഞ്ഞുമുരുമൂഢജനത്തിനെല്ലാം
വേദംപുകഴ്‌ന്നപടിമേന്മകലന്നമന്ത്ര-
വാദംജഗത്തിലധുനാ വിജയിച്ചിടുന്നു".

ആഭിചാരകമ്മം കൊല്ലവഷാരംഭത്തിനുമുമ്പുതന്നേ മലയാളത്തിൽ നടപ്പുണ്ടായിരുന്നെങ്കിലും, അതുവരെ കേരളബ്രാഹ്മണമന്ത്രവാദികൾ സ്വജാതിക്കാക്കല്ലാതെ അതിനെ മററാക്കും ഉപദേശിക്കയുണ്ടായിട്ടില്ല. കൊല്ലവഷാരംഭത്തിനുശേഷമാണ് മലയാളഭാഷയിൽ മന്ത്രവാദസംബന്ധമായ ഗ്രന്ഥങ്ങളുണ്ടാവാൻ തുടങ്ങിയത്. ഇതിൻെറ കാരണം പരദേശബ്രാഹ്മണരുടെ കേരളത്തിലേക്കുള്ള ആഗമനവും സ്ഥിരവാസവുമാകു

ന്നു. ഇവരിൽനിന്നാണ് ശൂദ്രരും മന്ത്രവിദ്യ അഭ്യസിപ്പാനാരംഭിച്ചത്.

പരശുരാമൻ മലയാളികളുടെ രക്ഷയ്ക്കായി ആദ്യകാലത്തിൽതന്നെ കേരളബ്രാഹ്മണരിൽ പന്ത്രണ്ട് ഇല്ലക്കാൎക്ക മന്ത്രവാദത്തെ ഉപദേശിച്ചു. അതിൽ ആറ് ഇല്ലക്കാൎക്ക സന്മന്ത്രവും ബാക്കിമനക്കാൎക്ക ദുൎമ്മന്ത്രവുമാണ് ഉപദേശിച്ചത്. അവർ ക്രമേണ മന്ത്രതന്ത്രയന്ത്രകൎമ്മങ്ങളിൽ അതിചതുരന്മാരായിത്തീൎന്നു. ദുൎമ്മന്ത്രംകൊണ്ടു ജനരക്ഷയുണ്ടാകുമൊയെന്നു സംശയമാണ്. എന്നാൽ ദുഷ്ടന്മാരെ അടക്കുവാൻ ദുഷ്ടകൎമ്മം ചെയ്യേണമെന്നപോലെ നീച ദേവതകളാൽ ഉണ്ടാകപ്പെടുന്ന ഉപദ്രവങ്ങൾ ദുൎമ്മന്ത്രത്താലെ വിനാശം വരികയുള്ളുവെന്നായിരിക്കണം പരശുരാമന്റെ ഉദ്ദേശം. അജ്ഞാനികൾക്കു ദേവതോപദ്രവം ബാധിക്കാനും മതി. 'ബോധം വന്നാൽ ഭേദംവന്നു', എന്നുമാത്രമേ ഇക്കാൎയ്യത്തിൽ ആലോചിപ്പാനുള്ളു. ഇന്നും നമ്പൂരിമാരുടെ ഇടയിൽ കല്ലൂർ, ചേന്ദസ്സു, ഭദ്രകാളിമിററം മുതലായ ചില മനക്കാർ മന്ത്രവാദികളായിട്ടുണ്ട്. ഇവർ കൂടാതെ ഇവരുടെ വൎഗ്ഗത്തിൽ സന്മന്ത്രികളുമുണ്ട്.

നാലാം വേദത്തിൽനിന്നാണ് മാന്ത്രികഗ്രന്ഥങ്ങൾ ഉത്ഭവിച്ചിട്ടുള്ളത്. മന്ത്രവാദത്തിൽ ശാസ്ത്രപ്രകാരം സപ്തകോടി മഹാതന്ത്രങ്ങളുണ്ട്. എന്നാൽ അവയുടെ ഉപന്യാസക്രമങ്ങളെ വിസ്തരിച്ചുപറയുന്ന 'കല്പം, ഛന്ദസ്സ്, ദേവത' എന്നിവയുടെ പേരുകളും 'അംഗന്യാസം, കരന്യാസം' മുതലായ ന്യാസങ്ങളും 'ധ്യാനം, മൂലമന്ത്രം, ജപം, ഹോമം, തൎപ്പണം' മുതലായവയെ പ്രവൃത്തിക്കേണ്ടുന്ന വിവരങ്ങളും അടങ്ങിയ ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിലാണ് അധികമുള്ളത്. മലയാളത്തിൽ വളരെ ചുരുക്കമേയുണ്ടായിട്ടുള്ളു. മലയാളഭാഷയ്ക്കു നല്ല പ്രചാരം വന്നതോടുകൂടി മലയാളത്തിൽ മന്ത്രവാദഭ്രമം കുറയുവാൻ തു

ടങ്ങിയിരിക്കണം. അല്ലെങ്കിൽ നമ്പൂരിമാക്ക് ഈ വകയില്പള്ള നല്ല ഗ്രന്ഥങ്ങളെ അന്യക്ക് കിട്ടുവാനിടയാകരുതെന്നുള്ള വിചാരമുണ്ടായതായിരിക്കണം. ഈ സംഗതികളിലായിരിക്കാം മലയാളത്തിൽ മന്ത്രവാദപ്രചാരത്തിന്നു വിഘാതം നേരിട്ടിട്ടുള്ളതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഹിന്തുക്കളുടെ ഇടയിൽ പഴയ സൽഗ്രന്ഥങ്ങളില്ലാതായി കഴിഞ്ഞിരിക്കുന്നു. ഇതിന്നു കാരണം അവരുടെ സ്വാത്ഥപ്രതിപത്തി ഒന്നുമാത്രമാണ്. മാന്ത്രികഗ്രന്ഥങ്ങൾ ഉത്തരഇന്ത്യയിലാണ് അധികം പ്രചാരത്തിലിരിക്കുന്നത്.

ശങ്കരാചാൎയ്യസ്വാമികൾ ഈ വിഷയത്തിൽ 'മന്ത്രസമുച്ചയം, തന്ത്രസമുച്ചയം' എന്ന രണ്ടു ഗ്രന്ഥങ്ങളുണ്ടാക്കീട്ടുണ്ട്. പിന്നേയും കേരളത്തിലെ പുരാതനമന്ത്രവാദികൾ പലരും പല മന്ത്രവാദഗ്രന്ഥങ്ങളെ നിൎമ്മിച്ചിട്ടുണ്ടായിരിക്കണം. ഇന്നും മലയാളരാജ്യത്തു 'മന്ത്രസാരം, പ്രപഞ്ചസാരം, പ്രയോഗസാരം, മന്ത്രകല്പസമുച്ചയം, യന്ത്രചൂഡാമണി, യന്ത്രചിന്താമണി, മന്ത്രകല്പചിന്താമണി' മുതലായി അപൂൎവ്വം ചില മന്ത്രവാദഗ്രന്ഥങ്ങളുണ്ടെന്നറിയുന്നത് ഇതിന്നു മതിയായ ലക്ഷ്യമാണല്ലൊ. ഇക്കാലത്തു കേരളത്തിൽ പദ്യഗദ്യകൃത്യക്കൾ ധാരാളം ഉണ്ടെങ്കിലും, ആരുംതന്നെ ഈ വിഷയത്തിൽ ഗ്രന്ഥമെഴുതി കാണുന്നില്ല. ഇതുകൊണ്ട് ഈ നവീനകാലത്തു ജനങ്ങൾക്കു മന്ത്രവാദത്തിൽ താല്പൎയ്യവും വിശ്വാസവും കുറഞ്ഞിട്ടുണ്ടെന്നാണ് വിചാരിക്കേണ്ടത്. ഇപ്പോഴുള്ള മാന്ത്രികഗ്രന്ഥങ്ങളെ പരിശോധിക്കുന്നതായാൽ ആ വക ഗ്രന്ഥങ്ങൾ മിക്കതും പദ്യത്തിലായിക്കാണുന്ന സ്ഥിതിക്ക് ആദ്യമേതന്നെ മന്ത്രവാദഗ്രന്ഥങ്ങൾ പദ്യത്തിലായിരിന്നിരിക്കേണമെന്നാണ് വിചാരിക്കേണ്ടത്.

ശൂദ്രക്ക് മന്ത്രവാദകൎമ്മം അല്പം അറിയാറായതിന്നുശേഷമാണ് കണിയാൻ, വേലൻ, പാണൻ, പറയൻ എന്നിവക്ക്

അവരിൽനിന്ന മാന്ത്രികവിദ്യ അറിയാനിടയായത്. എന്നാൽ ഈ വൎഗ്ഗക്കാർ 'നിഴൽകുത്തു പാട്ടു' മുതലായ മന്ത്രഗാനങ്ങളെ ഋഗ്വേദസ്വരത്തിൽ പാടിക്കൊണ്ടാണ് മന്ത്രവാദം ചെയ്തുവന്നിരുന്നത്. ഇതിന്നുണ്ടായ കാരണമെന്താണെന്ന് അറിയുന്നില്ല.

ആദ്യകാലത്തു മലയാളഭാഷയിൽ ഗദ്യത്തിൽ ചിലമന്ത്രവാദഗ്രന്ഥങ്ങളുണ്ടായിരുന്നു. എന്നാൽ അവയിൽ തമിഴ്ശബ്ദപ്രയോഗങ്ങൾ അധികരിച്ചുകാണുന്നതുകൊണ്ട് ഏകദേശം അറന്നൂറിൽപരം സംവത്സരങ്ങൾക്കു മുമ്പായിരിക്കണം മേല്പറഞ്ഞ മന്ത്രവാദഗദ്യഗ്രന്ഥങ്ങളുടെ ആവിർഭാവം എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ആഭിചാരകൎമ്മത്തെയോ അവയെ പ്രതിപാദിച്ചിട്ടുള്ള ഗ്രന്ഥങ്ങളേയോ മററോ സംബന്ധിച്ച് ഇപ്പോഴുള്ളവൎക്ക് ഒരു ഏകദേശജ്ഞാനമുള്ളതായി കാണുന്നില്ല. ദിവ്യന്മാരായ പുരാതനന്മാർ ഈ കാൎയ്യത്തിൽ വിലവെച്ചിരുന്നതായറിയുന്ന സ്ഥിതിക്കു നവീനന്മാരും അല്പം അറിഞ്ഞിരിക്കുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിച്ചും, "തലമറന്ന് എണ്ണതേയ്ക്കുന്നത് അനൎത്ഥദം" ആകയില്ലേ എന്നു സംശയിച്ചും ഈ പുസ്തകത്തിൽ ഇങ്ങിനെ ഒരദ്ധ്യായം ചേൎത്തിട്ടുള്ളതാണ്. ഈ വിഷയനിൎമ്മാണകാൎയ്യത്തിൽ ഭാഷാചരിത്രം മുതലായ പലഗ്രന്ഥങ്ങളും എന്നെ സഹായിച്ചിട്ടുണ്ടെന്ന് ഇവിടെ അഭിമാനഹീനം പ്രസ്താവിച്ചുകൊള്ളുന്നു.

## അദ്ധ്യായം ൧൫.

### സമന്മാരോടുള്ള കൃത്യങ്ങൾ.

"ലോകത്തിലാരൊടുമനല്പരസം ജനിപ്പാൻ
വാകത്തിലോതിടുക, ചെയ്യുക കൃത്യമെല്ലാം

ലോകങ്ങളെക്കരുണയാൻ തുണയ്ക്കുകെന്നാൽ
ശോകത്തിനില്ലൊരവകാശമശേഷമാക്കും"

നമ്മൾ നമ്മുടെ സമന്മാരായവരോട്ട ചെയ്യേണ്ടുന്ന കൃത്യമെന്താകുന്നു? നമ്മൾ അവരോട് എങ്ങിനെ പെരുമാറണം? ഈ സംഗതികൾ മനുഷ്യജന്മം ലഭിച്ചവരെല്ലാം അറിഞ്ഞിരിക്കേണ്ടതാകുന്നു. ഈ വിഷയത്തിൽ പാണ്ഡിത്യത്തെക്കാൾ അധികം മനുഷ്യരെ സഹായിക്കുന്നതു ലോകപരിജ്ഞാനമാകുന്നു. സജ്ജനസമ്മതി ഉണ്ടാകാവുന്ന ഗുണങ്ങളിൽ പ്രാധാന്യത്തെ വഹിക്കുന്ന ഒന്നാകുന്നു ലോകപരിചയം. നമ്മുടെ അനുഭവത്തിൽ ശാസ്ത്രപുരാണാദികളുടെ ജ്ഞാനമുള്ളവർ അസംഖ്യമില്ലെ? അവർ എല്ലാവരും സജ്ജനസമ്മതിക്കോ സ്തുതിക്കോ അർഹന്മാരാകുന്നുണ്ടൊ?

"ആത്മവൽസർവ്വഭൂതാനി
യഃപശ്യതിസപണ്ഡിതഃ"— എന്നാണല്ലൊ പ്രമാണങ്ങളിൽ ഘോഷിച്ചിരിക്കുന്നത്. നമ്മുടെ ആയുഷ്കാലത്തിൽ നമ്മൾ ഇന്നവിധത്തിൽ പ്രവൃത്തിക്കേണമെന്നും മററുമുള്ള ധർമ്മങ്ങളെ (നമുക്കു ഗ്രഹിപ്പാൻ ആവശ്യമുള്ള സൽപ്രമാണങ്ങളെ) നമ്മുടെ പൌരാണികന്മാർ നമുക്കു സമ്പാദിച്ചു തന്നിട്ടുണ്ട്. അവയെ നമ്മൾ പഠിച്ചറിയുന്നതുമുണ്ട്. പക്ഷെ,

"ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടുമതിയല്ല
ശസ്ത്രോക്തമാചരിക്കാതെ ഫലം വരാ"— എന്ന തത്വം തീരെ വിസ്മരിച്ചു പ്രവൃത്തിക്കുന്നതാണ് അബദ്ധമായിത്തീരുന്നത്. ഒന്നാമത്തേതിൽ പഠിപ്പ്, പ്രായം, ധനാഢ്യവസ്ഥാവിശേഷങ്ങൾ എന്നിത്യാദികളാൽ നമ്മൾ സമന്മാരോട്ട പെരുമാറേണ്ടത് എങ്ങിനെയെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. നാം നമ്മുടെ സമന്മാരെ നിഷ്കന്മഷം സ്നേഹിക്കുന്നതുകൂടാതെ "മരമറിഞ്ഞുകൊടിയിടേണം" എന്നപോലെ ആളെ അറിഞ്ഞു

വിശ്വസിച്ചു പെരുമാറേണ്ടതാകുന്നു. പക്ഷെ ഈ സ്നേഹവിശ്വാസാദികൾ മനസാവാചാകർമ്മണാ ഒരുപോലെ വിശദമായി പ്രശോഭിച്ചിരിക്കണം; മേനിക്കുമാത്രം അവയെ പ്രകടിപ്പിച്ചാൽ പോരാ. അതു പാപവുമാകുന്നു. നമ്മുടെ ഗീരിന്നു പ്രത്യേകമായ ഒരു അതിശയശക്തിയുണ്ട്. അതിനെ ആക്കും വിസ്മരിക്കാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ അതു നമ്മുടെ മിത്രാമിത്രപ്രാപ്തിക്കു പ്രധാനമായ ഒന്നാണ്.

“വാഗ്മാധുര്യാൽ സർവ്വലോകപ്രിയത്വം
വാക്ക്പാരുഷ്യാൽ സർവ്വലോകാപ്രിയത്വം
കോവാലോകേ കോകിലേനോപകാരഃ
കോവാലോകേ ഗർദ്ദഭേനാപകാരഃ”—എന്നാണല്ലൊ പ്രമാണം.

മാന്യനിലയിൽ വളരാത്തവരാണ് അസഭ്യവാക്കുകൾ പറയുന്നതും അന്യക്കു നീരസം ജനിക്കത്തക്ക നീചപ്രവൃത്തികളെ ചെയ്യുന്നതും. വാക്കുകളുടെ ആസ്പദം മനസ്സാകയാൽ ഒരുവന്റെ മനസ്സിന്റെ ബാഹ്യാഭ്യന്തരങ്ങളായ സ്വഭാവവ്യാപാരങ്ങളെ അറിയുന്നതു കേവലം അവന്റെ വാക്കുകളാകയാൽ മറ്റുള്ളവരെ രഞ്ജിപ്പിക്കുവാൻ അർഹമായ വാക്കുകളെ മാത്രമേ പറയാവൂ. ഇതുമൂലം മനുഷ്യക്കു പല സന്ദർഭങ്ങളിലും അന്യോന്യം അനുഭവിക്കാവുന്ന ഗുണം അപരിമിതമാകുന്നു. അതുകൊണ്ട് എന്തെങ്കിലും പുറത്തേക്കു പുറപ്പെടുവിക്കുന്നതിനുമുമ്പു പറയുവാൻ ഉള്ളിൽ കരുതിയ ആ വാക്കുകളുടെ ശരിയായ ശക്തിയും പിന്നീട് അവകൊണ്ടുണ്ടാകാവുന്ന ഫലപ്രാപ്തിയും നന്നായാലോചിക്കണം. അന്യർ നമ്മളെ സ്നേഹിക്കേണമെന്നു നമ്മൾ ആഗ്രഹിക്കുന്നില്ലേ? ഇതുപോലെ അല്ലേ അവരും ആഗ്രഹിക്കുന്നത്? അതിനാൽ നമ്മത്തിനായുംകൂടി ഇതരന്മാരുടെ ഹൃദയത്തിന് അരുന്തദമായ വാക്കുകളെ പറഞ്ഞുപോകരുത്.

സ്നേഹപൂർവ്വമായ ചിന്ത ഇല്ലാത്ത ഒരുത്തൻ പ്രീതിജനകമായ വചസ്സരിയാടുകയൊ പ്രവൃത്തിക്കുകയൊ ഇല്ല. ആനുകൂല്യമായി ആചരിക്കുന്നതു സുഹൃത്തുക്കളുടെ ധർമ്മമാണല്ലൊ. എന്നാൽ ഒരുവനു മറെറാരുത്തനെ സഹായിക്കാൻ ശക്തിയില്ലെങ്കിലും, അവൻെറ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്നതായാൽ അതുകൊണ്ട് അവന് അത്യധികം മനസ്വാസ്ഥ്യമുണ്ടാകുന്നതാണ്. കലുഷഹൃദയന്മാരുടെ കരളിന്നു സൈ്വരമുണ്ടാകുവാൻ ശ്രമിക്കുന്നത് ഉത്തമധർമ്മമാകുന്നു.

"പരേംഗിതജ്ഞാനഫലാഹിബുദ്ധയഃ", എന്ന് ഒരു പ്രാചീനകവിയും, "അന്യചിത്താഭിപ്രായം ഗ്രഹിപ്പാനല്ലൊമർത്ത്യൻ തന്നുടെയുള്ളിൽ ബുദ്ധിസാരത്തെ വഹിക്കുന്നു", എന്നു സരസകവി കുഞ്ചൻനമ്പിയാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിലും, അത് എല്ലാവർക്കും അത്ര എളുപ്പത്തിൽ സ്വസാദ്ധ്യമാണെന്നു തോന്നുന്നില്ല. നമ്മുടെ ഇംഗിതം ഒരുപക്ഷെ അന്യൻ അറിഞ്ഞില്ലെങ്കിലും, സർവ്വാന്തര്യാമിയായ ഈശ്വരൻ അത് അറിയാതിരിക്കയില്ല. മാനസികവ്യാപാരത്തിൻെറ ശക്തി ഒന്നുമാത്രമാണ് നമ്മുടെ വാക്കുകൊണ്ടും കർമ്മംകൊണ്ടും സംഭവിക്കുന്ന വിഷയങ്ങളുടെ നന്മതിന്മകൾക്കു കാരണഭൂതമാകുന്നത്. പ്രീതിദമായ മനോവ്യാപാരമാണല്ലോ മനുഷ്യരെ പരസ്പരം സംയോജിപ്പിക്കുന്നതായ ശക്തി. ഇതില്ലാതെ പോയാൽ ലോകത്തിൽ സത്തുക്കളും സദ്പ്രവൃത്തികളും സദാചനങ്ങളും നാമാവശേഷമായിത്തീരുന്നതാണ്.

"അകത്തു കത്തിയും പുറത്തു വത്തിയും", എന്ന രീതിയിൽ ഉള്ളിൽ കഠിനമായ ദോഷവിചാരം വെച്ചുകൊണ്ടു പുറമേ സ്നേഹഭാവം നടിക്കുന്നതു വളരെ പാപമാകുന്നു. ഇതാണല്ലൊ ആത്മവഞ്ചനം. മനസ്സാക്ഷിയെ വഞ്ചിക്കുന്നവർക്ക് ഒരു ലോകത്തും ഗുണം സിദ്ധിക്കുന്നതല്ല. നമുക്ക് അന്യരുടെ സ

ഹായം ആവശ്യമില്ലെന്നും അന്യക്ക് നമ്മുടെ സഹായം ആവശ്യമായിരിക്കുമെന്നും വിചാരിക്കുന്നതു മൂഢത്വമാകുന്നു. ഈശ്വരസൃഷ്ടികളായ നിഖിലസ്ഥാവരജംഗമങ്ങളും അന്യോന്യം ആശ്രയിച്ചിരിക്കേണമെന്നാണ് ഈശ്വരൻെറ ഉദ്ദേശമെന്നു നമുക്ക് അനുഭവസിദ്ധമല്ലേ? ഒരുത്തൻ ഇങ്ങോട്ടു സഹായിച്ചാലേ മററൊരുവൻ അങ്ങോട്ടും സഹായിക്കൂ എന്ന് അവൻ ഒരിക്കലും കരുതിപ്പോകരുത്. പ്രതിഫലകാംക്ഷകൂടാതെ പ്രവൃത്തിക്കുന്ന കർമ്മങ്ങളിൽനിന്നു മാത്രമേ ഗുണമുണ്ടാകയുള്ളൂവെന്നാണല്ലൊ ശാസ്ത്രവിധി.

മനുഷ്യർ അവസ്ഥകൊണ്ടോ മററൊ തങ്ങൾക്കു തുല്യന്മാരായവരിൽ മാത്രം സ്നേഹം കാണിച്ചാൽ പോരാ. മനുഷ്യസൃഷ്ടി എല്ലാം ഒരാളുടേയും ഒരുപോലേയും ആകയാൽ മനുഷ്യരെല്ലാവരും പരസ്പരം സമന്മാരാണല്ലൊ. അതിനാൽ മനുഷ്യർ തങ്ങൾക്കു തുല്യന്മാരെ സ്നേഹിക്കുന്നതുപോലെ തങ്ങളെക്കാൾ താഴ്ന്നവരേയും സ്നേഹിക്കേണ്ടതാകുന്നു. സാധുക്കളെക്കൊണ്ടാണല്ലൊ ധനികക്ക് അധികം ഉപകാരമുണ്ടാകുന്നത്. എന്നുമാത്രമല്ല, ഒരു ദരിദ്രൻ ധനികനാവാനും ഒരു പണവാൻ ദരിദ്രനാകാനും പ്രയാസമില്ല. ഇതു രണ്ടും കാണ്മാനിടവരുത്തുന്നതു മനുഷ്യരുടെ പ്രവൃത്തിഗുണവും ദോഷവുമാണ്. "ലക്ഷ്മിയും അസ്ഥിരയല്ലോ", എന്നല്ലേ പൌരാണികർ പറഞ്ഞിട്ടുള്ളത്. അല്പം ഒന്നാലോചിച്ചാൽ ഇതിൻെറ ഗുരുലഘുത്വം പ്രത്യക്ഷപ്പെടുന്നതാണ്.

"രാജാതുഷ്ടോപിഭൃത്യാനാം
അർത്ഥമാത്രം പ്രയച്ഛതി
നേത്രസമ്മാനമാത്രേണ
പ്രാണൈരപ്യുപകുർവ്വതേ."— എന്ന ആപ്തവാക്യം ഇവിടെ സവിശേഷം സ്മരണീയമാണല്ലൊ. എന്നാൽ ന

മ്മളെക്കാൾ ഉയൎന്നവരിൽ നമുക്കു സ്നേഹം ആവശ്യമില്ലേയെ ന്നു ചോദിക്കുന്നപക്ഷം അതും ആവശ്യമാണെന്നു സമ്മതിക്കാ തിരിപ്പാൻ നിവൃത്തിയില്ല. അവരിൽ നമുക്ക് ആന്തരമായ ഭ ക്തിബഹുമാനാദികളും ഉണ്ടായിരിക്കേണം. നിൎമ്മലമായ സ്നേ ഹം മനുഷ്യജീവിതത്തെ സഫലമാക്കിത്തീൎക്കുന്നു. അതിനാൽ സകലരും പരസ്പരം ആലോചനാപൂൎവ്വം സ്നേഹാകുലന്മാരായി രിക്കേണ്ടതാകുന്നു.

## അദ്ധ്യായം ൧൪.

### അതിഥിപൂജ

"ബാലോവായദിവാവൃദ്ധോയുവാവാഗൃഹമാഗതഃ
തസ്യപൂജാവിധാതവ്യാസൎവ്വസ്യാഭ്യാഗതോഗുരു."

നമുക്ക് അന്യരിലുള്ള ബഹുമാനസ്നേഹാദികളുടെ യഥാ ൎത്ഥസ്ഥിതിയെ അവരെ പ്രദൎശിപ്പിക്കുന്നതായ ഒരു ഉത്തമധ ൎമ്മമാണ് അതിഥിസൽക്കാരം. ഈ വിഷയത്തിൽ ജാതിഭേദ മോ മറേറാ നോക്കേണ്ടതാവശ്യമില്ല. എന്നാൽ മതാചാര ങ്ങൾക്കു ലംഘനം ചെയ്യരുതെന്നും സ്മരിക്കേണ്ടതാണ്. യാവ നൊരുത്തൻ യദൃച്ഛയാ നമ്മുടെ ഗൃഹത്തിൽ വന്നു കേറുന്നു വോ അവനാണ് അതിഥി. അയൽവാസികൾക്കു പരസ്പരം പല ആവശ്യങ്ങൾക്കുമായി അങ്ങുമിങ്ങും വന്നും പോയിയും കൊണ്ടിരിക്കേണ്ടിവരുന്നതിനാൽ അവർ വരുമ്പോൾ അവ രെ വാസ്തവത്തിൽ ഒരു അതിഥിയായി ഗണിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ ഭവനത്തിൽ ദൂരസ്ഥനായ ഒരുവൻ വ രുമ്പോൾ ശത്രുവായിരുന്നാലും അവനെ പൂജിക്കാതിരിക്കരു ത്. ആകസ്മികമായി ആഗതനായ അതിഥിയെ ഭഗ്നാശയനാ യിട്ടു മടക്കി അയച്ചാൽ ആ വീടിന്റെ നേതാവിനു പാപവും പോരാത്തതിനും ആ അതിഥിക്കു പുണ്യവുമാകുന്നു.

സഹോദരസഹോദരിമാരെ സ്നേഹിക്കേണ്ടതു മനുഷ്യരുടെ ധൎമ്മമാണല്ലൊ. മനുഷ്യരെ എല്ലാം സൃഷ്ടിച്ചത് ഒരാളല്ലയോ? ഈ സ്ഥിതിക്കു സകല മനുഷ്യൎക്കും പരസ്പരം സഹോദരസഹോദരിഭാവമില്ലാതെ വരുന്നതല്ലല്ലൊ. അതിനാൽ അതിഥി പരമാൎത്ഥത്തിൽ നീചനായിരുന്നാലും വേണ്ടതില്ല, അവനെ സസ്നേഹം അഭിനന്ദിച്ച് ആദരിക്കണം. "സൎവ്വദേവമയോതിഥിഃ", എന്നാണല്ലൊ ശ്രുതിസ്മൃതികൾ നമ്മളെ ഉപദേശിക്കുന്നത്. പുരാതനരീതിയെ അനുസരിച്ചു പറയുകയാണെങ്കിൽ പാദാൎഘ്യാദികളായി ഷോഡശം ഉപചാരങ്ങളുണ്ട്.

എന്നാൽ അതിഥിക്കു യാതൊരുവിധത്തിലും യാതൊന്നിൽനിന്നും അഹിതമുണ്ടാകാതെ യഥായോഗ്യം പൂജിച്ചു സന്തോഷിപ്പിച്ചയയ്ക്കണം. പക്ഷെ അതിഥിപൂജ അവശ്യം ചെയ്യേണ്ടതാണെങ്കിലും, അതിനായി പണം കടം വാങ്ങി വിനിയോഗിക്കരുത്. മനുഷ്യർ അവരവരുടെ അവസ്ഥാനുസൃതം ആചരിക്കുന്ന അതിഥിപൂജയ്ക്കേ ഫലമുള്ളൂ. ഗൃഹസ്ഥാശ്രമികൾക്കാണ് അതിഥിസൽക്കാരം ചെയ്വാൻ അധികം സൌകൎയ്യമുള്ളത്. അതുകൊണ്ടായിരിക്കാം അത് അവരുടെ ഉത്തമധൎമ്മമാണെന്നു ശാസ്ത്രജ്ഞന്മാർ ഘോഷിക്കുന്നതെന്നു വിചാരിക്കണം.

മഹൎഷിമാരുംകൂടി അതിഥിപൂജയിൽ താല്പൎയ്യവും ശ്രദ്ധയുമുള്ളവരാണെന്നു ഭാഗവതം, ഭാരതം, രാമായണം മുതലായ പല സൽഗ്രന്ഥങ്ങളിൽനിന്നു നമുക്കു ദിവസേന എന്നപോലെ അറിയാനിടയുണ്ടാകുന്നുണ്ടല്ലൊ. സകല ലൌകികാചാരവിരക്തന്മാരായ തപോധനന്മാരും ഈ കാൎയ്യത്തിൽ ഉപേക്ഷകൂടാതെ പ്രവൃത്തിക്കുന്നതോൎത്താൽ അതിഥിപൂജ നിസ്സീമമായ ഗുണത്തെ ചെയ്യുന്ന ഒന്നാണെന്ന് അനുമാനിപ്പാൻ ന്യായമുണ്ടല്ലൊ. അതിഥിപൂജാ വാത്സല്യമുള്ളവൎക്ക് സഹജീവിസ്നേ

ഹം ഉണ്ടാകുകയും അത് ഉപൎയ്യുപരി വൎദ്ധിച്ചുവരികയും ചെയ്യും. എന്നാൽ മനസ്സില്ലാമനസ്സോടെ ബഹുമാനത്തിനായി ചെയ്യുന്ന അതിഥിപൂജയ്ക്കു പാപം മാത്രമാകുന്നു ഫലം. സ്വൎഗ്ഗനരകങ്ങൾ ഇഹത്തിൽ തന്നെയുണ്ടെന്നാണ് വിചാരിക്കേണ്ടത്. നമുക്കു നമ്മുടെ ആയുഷ്കാലത്തിൽ നമ്മുടെ വീട്ടിലും നാട്ടിലും അനുഭവിപ്പാൻ സംഗതിവരുന്ന സുഖദുഃഖങ്ങളാണല്ലോ ഇഹത്തിലെ സ്വൎഗ്ഗവും നരകവും. ഒരു കുഡുംബത്തിൽ ഒന്നിച്ചിരിക്കുന്ന ആളുകൾ സന്തോഷഹീനം മനഃച്ചേൎച്ചയില്ലാതെ തമ്മിൽ തമ്മിൽ കൊള്ളിവാക്കുകൾ പറഞ്ഞും സ്വാൎത്ഥപ്രതിപത്തിയെ കാണിച്ചും അഹങ്കാരികളായി 'അമ്പടഞാനേ' എന്ന ഭാവത്തിൽ പെരുമാറിവരുന്നതു നമ്മൾ കാണുന്നില്ലയോ? ഈ കുഡുംബം ഒരു നരകവും ആ കുഡുംബാംഗങ്ങൾ നരകം അനുഭവിക്കുകയുമാകുന്നു ചെയ്യുന്നത്. ഇതുപോലെ ലോകത്തിലുള്ള അരിഷ്ടാനുഭവങ്ങളെല്ലാം വാസ്തവത്തിൽ നരകമാകുന്നു. സുവൎഗ്ഗക്കാരുടെ വാസസ്ഥലമാണല്ലോ സ്വൎല്ലോകം. അതുകൊണ്ടു സദ്പ്രവൃത്തികളെ ചെയ്തു സുഖസന്തോഷങ്ങളോടും മനസ്സമാധാനത്തോടുംകൂടി ജീവിതത്തെ നയിക്കുന്നതു സ്വൎഗ്ഗസുഖമാകുന്നു.

ആൎയ്യന്മാൎക്ക് ഒരു ദിവസത്തിൽ ഒരു അതിഥിയെയെങ്കിലും പൂജിക്കാതെ ഭക്ഷണം കഴിക്കയില്ലെന്ന് ഒരു നിഷ്ഠയുണ്ട്. ക്രിസ്ത്യാനികളുടെ വേദത്തിലും അതിഥിപൂജ അവശ്യം അനുഷ്ഠേയമാണെന്നും, അതിനെ സന്തോഷസമന്വിതം ഭേദബുദ്ധിയോടുകൂടാതെ നിഷ്കൎഷയോടെ അനുഷ്ഠിക്കേണമെന്നും പറയുന്നുണ്ട്. ഇതരമതക്കാരുടെയിടയിൽ ഇക്കാൎയ്യത്തിൽ ശ്രദ്ധ കാണുന്നതിനാൽ അവരുടെ പ്രമാണഗ്രന്ഥങ്ങളിലും അതിഥിപൂജയ്ക്കു വിലമതിച്ചിട്ടുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എല്ലാവരും കാൎയ്യത്തിന്റെ യഥാൎത്ഥതത്വമറിഞ്ഞിട്ടല്ലെങ്കിലും

അതിഥിസൽക്കാരം ഇപ്പോഴും ബലമായി ചെയ്തുവരുന്നുണ്ട്. എന്നാൽ നവീനന്മാർ ഇപ്പോഠം ഇതിനെ ഭേദബുദ്ധ്യാ ആചരിച്ചുകാണുന്നതാണല്ലോ അത്യതിശയമായിരിക്കുന്നത്. അഗതികളായ അതിഥികളെ ആട്ടിപ്പുറത്താക്കി വാതലടയ്ക്കുന്നായോഗ്യരുടെ ഭാവ്യവസ്ഥ എന്തായിരിക്കുമെന്ന് അവർ അനുഭവിച്ച് അറിയേണ്ടതായിത്തന്നെയിരിക്കും.

ചിലർ സ്വബന്ധുജനങ്ങളെ സൽക്കരിക്കുന്നതല്ലാതെ മററാരേയും സൽക്കരിക്കുന്നില്ല. എന്നാൽ അതിലും ചില പ്രകാരഭേദങ്ങഠം കാണുന്നുണ്ട്. ഒരു കുഡുംബത്ത് ഒരു അമ്മയ്ക്കു രണ്ടോ മൂന്നോ പുത്രിമാരും ഒന്നോ രണ്ടോ പുത്രന്മാരുമുണ്ടെന്നു വിചാരിക്കുക. ഇവരിൽ ചിലരുടെ പേരിൽ ആ സ്ത്രീക്കു പ്രീതിയും അധികമുണ്ടായിരിക്കുമെന്നും കരുതുക. ഈ സന്താനങ്ങഠംക്കെല്ലാം ലോകരീതി അനുസരിച്ചു ചാർച്ചക്കാരും വേഴ്ചക്കാരുമുണ്ടായെന്നും വരാം. അതിവാത്സല്യത്തോടെ കരുതിവരുന്ന സന്താനങ്ങളേയും അവരുടെ ബന്ധുമിത്രങ്ങളേയും ആ മാതാവൊ അവൎക്ക് വേണ്ടപ്പെട്ടവരൊ ഹൃദയപൂൎവ്വം അതിൎകവിഞ്ഞു സ്നേഹിക്കയും സൽക്കരിക്കയും ചെയ്യുന്നു. സമഭാവനീയന്മാരായ മററു ബന്ധുക്കളുടെ കാൎയ്യത്തിൽ പ്രസ്തുത ഗൃഹജനം തീരെ ഔദാസീന്യം കാണിക്കുകയും ചെയ്യും. ഇവരുടെ ഹൃദയം പരിശുദ്ധമാകുന്നതെങ്ങിനെ? ഇവരുടെ ഈ സൽക്കാരം ശാസ്ത്രോക്തമായ്വരുന്നതോ? ഇവർ എന്തു പുണ്യം ചെയ്താലാണ് ഫലമുണ്ടാകുന്നത്? ഇങ്ങിനെയുള്ള ഒരു ഗൃഹനായികയുടെ തറവാട്ടിൽ ശ്രീദേവി നൃത്തം കനിക്കുമോ? ഈ ഗൃഹം കലിയുടെ ആവാസമായിട്ടല്ലേ വരുന്നത്? ഈ തരക്കാരല്ലേ സ്വാൎത്ഥപ്രിയർ? ഇവരെ സജ്ജനങ്ങഠം അഭിനന്ദിച്ചു സ്നേഹിക്കുമോ? ഇവർ എന്തെല്ലാം ദുരിതമാണ് അനുഭവിക്കാനിരിക്കുന്നതെന്നു കണ്ട് അറിയേണ്ടതുതന്നെയാണ്. അതിനാൽ ഭേദബുദ്ധി ഒരാഠംക്കുമുണ്ടാകരുത്.

മനുഷ്യരിൽ ചിലർ തൽക്കാലകാൎയ്യലാഭത്തിനൊ മാന്യതയ്ക്കൊ അന്യരെ പൂജിച്ചുകാണുന്നുണ്ട്. ഇതുകൊണ്ടു ഗുണമുണ്ടാകുന്നതല്ല. ധനികർ, ദരിദ്രർ, മിത്രങ്ങൾ, അമിത്രങ്ങൾ എന്ന ഭേദംകൂടാതെ എല്ലാവരേയും അതിഥിപൂജാകാൎയ്യത്തിൽ ഒരുപോലെ ഗണിക്കേണ്ടതാകുന്നു.

# അദ്ധ്യായം ൧൬

രാജാവും പ്രജകളും.

"പ്രജാനാംവിനയാധാനാദ്രക്ഷണാൽഭരണാദപി
സപിതാപിതരസ്താസാംകേവലംജന്മഹേതവഃ"

'രാജാവു' എന്ന പദത്തിനു രജോഗുണത്തോടുകൂടിയവനെന്നോ, പ്രജകളെ രഞ്ജിപ്പിക്കുന്നവനെന്നോ ആകുന്നു അൎത്ഥം. 'സ്വയമേവ രാജതേ ഇതിരാജാ', അതായതു പ്രസ്തുത പദത്തിനു (വീൎയ്യശൌൎയ്യാദികളാൽ) താനേതന്നെ ശോഭിക്കുന്നവൻ എന്നും വ്യുല്പത്തിജ്ഞന്മാർ അൎത്ഥകല്പന ചെയ്യുന്നുണ്ട്. 'രാജ്'പദം നാനാൎത്ഥവാചകമാണെങ്കിലും, 'ജനാൻ രഞ്ജയതി', അതായതു ജനങ്ങളെ രഞ്ജിപ്പിക്കുന്നവൻ എന്നൎത്ഥത്തിലാണ് അതിനു രൂഢിയുള്ളത്. ഇതിനാൽ ജനപരിപാലനം രാജകൃത്യമാണെന്നു വരുന്നുണ്ടല്ലൊ. ഈശ്വരനല്ലേ എല്ലാവരുടേയും രക്ഷശിക്ഷാകൎത്തൃത്വം. എന്നാൽ നമുക്ക് അദ്ദേഹത്തെ കാണ്മാൻ കഴികയില്ലല്ലൊ. അതിനാൽ ദൈവം രാജ്യത്തിന്റേയും ജനങ്ങളുടേയും രക്ഷശിക്ഷാഭാരവാഹിയായി കല്പിച്ച രാജാവിനെ നമ്മുടെ പ്രത്യക്ഷദൈവമായി ലോകത്തിൽ സൃഷ്ടിച്ചിരിക്കുന്നതാണ്.

"അഷ്ടാഭിൎല്ലോകപാലാനാം മാത്രാഭിൎന്നിൎമ്മിതോനൃപഃ"

എന്നുള്ളതിനാൽ അഷ്ടദിൿപാലന്മാരുടെ അംശങ്ങളെക്കൊ

ണ്ടാണ് രാജാവിനെ സൃഷ്ടിച്ചിട്ടുള്ളതെന്നു വരുന്നു. ഇതുകൊണ്ടായിരിക്കാം അദ്ദേഹത്തിനു ന്യായാന്യായങ്ങളേയും സത്യാസത്യങ്ങളേയും അറിഞ്ഞു ജനങ്ങളുടെ രക്ഷശിക്ഷകളെ ചെയ്യാൻ കർത്തൃത്വവും ശക്തിയുമുണ്ടായതെന്നു വിചാരിക്കണം. ദൈവീകഗുണങ്ങളായ സത്യത്തേയും ന്യായത്തേയും പാലിച്ചു നിലനിർത്തുവാനുള്ള അധികാരം ഈശ്വരൻ രാജാവിനു നൽകീട്ടുള്ളതിനാൽ രാജാവിനെ ദൈവപ്രതിനിധിയായി വിചാരിക്കണം.

ഒരു രാജാവു തൻെറ ധൎമ്മത്തെ സംരക്ഷിച്ചില്ലെങ്കിൽ പ്രജകൾ അദ്ദേഹത്തെ തീരെ മാനിക്കുന്നതല്ല. എന്നുമാത്രമല്ല, ഈശ്വരശിക്ഷയ്ക്കും പാത്രമായിത്തീരും. ധൎമ്മനിഷ്ഠ, സത്യസന്ധത, പ്രജാക്ഷേമകാംക്ഷ, അഭ്യുദയത്തിൽ ക്ഷമ, വിപത്തിൽ ധൈര്യം എന്നിത്യാദികൾ രാജധൎമ്മങ്ങളാകുന്നു. "ദുൎബ്ബലസ്യബലം രാജാ" എന്നുള്ളതിനാൽ ബലവാന്മാരുടെ അക്രമങ്ങളിൽനിന്ന് അബലന്മാൎക്കു സങ്കടം നേരിടാതെ പാലിക്കേണ്ടത് ഒരു രാജാവിൻെറ ചുമതലയാണെന്നു വരുന്നുണ്ടല്ലോ. ജനങ്ങൾ പരസ്പരം സ്നേഹാകുലന്മാരായിരിക്കേണമെന്നാകുന്നു ഈശ്വരൻെറ നിയമം. നിയമം എല്ലാവരേയും ബന്ധിച്ചാണിരിക്കുന്നത്. അതിനെ ലംഘിച്ചാൽ ശിക്ഷയ്ക്കു പാത്രമാകും.

ഒരു രാജാവിനു വിത്തവാനും ദരിദ്രനും ഒരുപോലെയെന്നുള്ള ഭാവമേ ഉണ്ടായിരിക്കാൻ പാടുള്ളൂ. ധൎമ്മിഷ്ഠനായ ഒരു രാജാവു പ്രജകളുടെ സുഖജീവിതത്തിനു വേണ്ട മാൎഗ്ഗങ്ങളെ അനവരതം അന്വേഷിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തിന് ഒരു സമയത്തു മനസ്സമാധാനമുണ്ടാകുന്നില്ല. രാജാവു സ്വപ്രജാളികളുടെ സന്തോഷസന്താപാദികളിൽ പങ്കുകൊള്ളുന്നു. രാജത്വം വാസ്തവത്തിൽ ദൈവീകനിയമത്തിൻേറയും കരുണയുടേയും ഒരു സ്വരൂപമാകയാൽ സ്വരാജ്യത്തുള്ള എല്ലാ പ്രജകളേയും ഒന്നായിക്കൂട്ടിച്ചേൎക്കുന്ന ഒരു രജ്ജുഖണ്ഡമാണ് ഒരു രാജാവിൻെറ

നില എന്നു പറയേണ്ടിയിരിക്കുന്നു. 'യഥാരാജാതഥാപ്രജാ', എന്നുള്ളതിനാൽ ഒരു രാജാവിനെ അദ്ദേഹത്തിന്റെ പ്രജകൾ എല്ലാക്കാൎയ്യങ്ങളിലും അനുകരിക്കേണമെന്നാണ് കാണുന്നത്. പ്രജകൾ ഇങ്ങിനെ ചെയ്യാതിരുന്നാൽ അനൎത്ഥങ്ങൾ അവരെ പിൻതുടൎന്നുകൊണ്ടിരിക്കും. പക്ഷെ രാജാക്കന്മാർ സൽഗുണസമ്പൂൎണ്ണരല്ലാതെയിരുന്നാൽ "ചാരിയാൽ ചാരിയതു നാറും", എന്നു പറഞ്ഞതുപോലെ പ്രജകളുടെ ഈ അനുകരണംകൊണ്ട് അവർ ദുൎമ്മാൎഗ്ഗികളായിത്തീരുന്നതുമാകുന്നു. തന്നിമിത്തം ഒടുവിൽ രാജാവിനും രാജ്യത്തിനും നാനാപ്രകാരേണയുള്ള ആപത്തുകളും സംഭവിക്കും. ഒരു രാജാവു തന്റെ പ്രജകളെ സ്വസന്താനങ്ങളെപ്പോലെ സ്നേഹിച്ചു പരിപാലിക്കേണ്ടതാകുന്നു.

ഇനി പ്രജകളുടെ കൃത്യങ്ങളെ പ്രസ്താവിക്കട്ടെ. പ്രജകൾ അവരുടെ രാജാവിനെ അവരുടെ പിതാവിനെപ്പോലെ വിചാരിച്ചു സ്നേഹപൂൎവ്വം ആദരിക്കേണം. സന്താനങ്ങൾക്ക് അവരുടെ അച്ഛനിൽ ഭയഭക്തിസ്നേഹാദികൾ ഉണ്ടായിരിക്കേണ്ടത് അവരുടെ ഉത്തമധൎമ്മമാണല്ലൊ. ഒരു കുഡുംബഭരണം ചെയ്ക എന്നത് എത്ര പ്രയാസമുള്ള കാൎയ്യമാണെന്നു നമുക്ക് അനുഭവമായിട്ടുള്ളതല്ലെ? ആ സ്ഥിതിക്ക് ഒരു രാജ്യഭരണകൎത്താവിന്റെ സ്ഥിതി പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. അതുകൊണ്ടു പ്രജകൾ രാജഭക്തരായിരിക്കേണ്ടതാണ്.

പ്രജകളെ രാജാവു സംരക്ഷിക്കുന്നുണ്ടെങ്കിൽ അദ്ദേഹം പ്രജകളിൽനിന്നു കരം പിരിക്കുന്നുണ്ടല്ലൊ. അതു പ്രതിഫലമായില്ലെ? പിന്നെ എന്തിനാണ് അദ്ദേഹത്തിൽ ഭയഭക്തിബഹുമാനാദികളെന്നിങ്ങിനെ ആരും ഒരിക്കലും വിചാരിച്ചുപോകരുത്. പ്രജകളിൽനിന്നു പിരിക്കുന്ന കരം അവരുടെ ഗുണോൽകൎഷങ്ങൾക്കു മററുമായി വിനിയോഗിക്കുന്നതല്ലാതെ രാജാവ് അതിൽനിന്ന് ഒരു പൈപോലും സ്വന്ത ആവശ്യത്തിന്ന്

എടുക്കുന്നില്ല. സ്കൂൾകളുടെ കാൎയ്യത്തെത്തന്നെ ആലോചിച്ചു നോക്കുക. ഓരോരൊരാജ്യത്തു പീസ്സില്ലാത്ത പള്ളിക്കൂടങ്ങൾ എത്രയുണ്ട്? പീസ്സുള്ള സ്കൂൾകളിൽതന്നെ പീസ്സുപിരിവുകൊണ്ടു വാദ്ധ്യാന്മാൎക്കു ശമ്പളം കൊടുക്കുവാൻ മതിയാകുന്നുണ്ടോ? എന്നാൽ,

"പ്രജാനാമേവഭൂത്യൎത്ഥം സതാഭ്യോബലിമഗ്രഹീൽ
സഹസ്രഗുണമുൽസ്രഷ്ടുമാദത്തെഹിരസംരവിഃ—", എന്നപോലെയാണ് ഒരു രാജാവു പ്രജകളിൽനിന്നു ലഭിക്കുന്ന അനുഭോഗംകൊണ്ടു ചെയ്യുന്നത്.

അതിനാൽ പ്രജാപരിപാലനാൎത്ഥം അഹോരാത്രം ചിന്താഗ്രസ്തനായി മനസ്സുഖമില്ലാതെ ക്ലേശിക്കുന്ന രാജാവിനെ എല്ലാവരും,

"മഹതീദേവതാഹ്യേഷാ
നരരൂപേണതിഷ്ഠതി".— എന്നു ഹൃദി സദാ സ്മരിച്ചു നമിച്ചു രാജഭക്തന്മാരായിരിക്കേണ്ടതാണെന്ന് ഉപദേശിച്ചുകൊള്ളുന്നു.

---

## അദ്ധ്യായം ൨൭

### വ്യവസായം

'രാജ്യോൽക്കൎഷമഹൽഗ്ഗുണങ്ങളുളവാക്കീടുന്ന കൎമ്മങ്ങളിൽ
പ്രാജ്യൈശ്വൎയ്യസമൃദ്ധിചേൎത്തനിതരക്ഷേമംവളൎത്തുന്നതിൽ
പൂജ്യംതാൻവ്യവസായമുന്നതിയിതോനൽകുന്നവെന്നാലിതിൽ
പൂജ്യംശ്രദ്ധജനത്തിനെങ്കിലതുലംക്ഷാമംഭവിച്ചീടുമേ'.

വ്യവസായമെന്നതു പ്രയത്നമാകുന്നു. ഇത് ഒരു രാജ്യത്തിൻെറ ഉൽക്കൎഷത്തിന്നും അഭിവൃദ്ധിക്കും യശസ്സിന്നും ഉള്ള പ്രധാനകാരണങ്ങളിൽ ഒന്നാകുന്നു. വ്യവസായത്തെ കൃഷി, ക-

ച്ചവടം, കൈത്തൊഴിൽ എന്ന മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു.

ഇതിൽ കൃഷിയും കൃഷകന്മാരും ഒരു അമ്പതുകൊല്ലത്തിന്ന് ഇപ്പുറം ക്ഷയിച്ചാണ് വരുന്നത്. കൃഷിചെയ്യുന്നതു പരിഷ്കാരത്തിന്ന പോരാത്തതാണെന്നും അവമാനമാണെന്നുമാണ് നവീനന്മാരിൽ ചിലർ വിചാരിച്ചു വരുന്നത്. ജനങ്ങളുടെ ഇടയിൽ ഈ വിധമുള്ള വിചാരങ്ങളുണ്ടാകാൻ തുടങ്ങിയമുതൽ ക്ഷാമം എല്ലാ രാജ്യങ്ങളിലും സ്ഥിരവാസമാക്കിക്കഴിഞ്ഞു. കുബേരസദൃശന്മാർ മുതൽ ദരിദ്രർവരെയുള്ളവരുടെ ക്ഷേമത്തി

[illegible] അധികമായ സമ്പാ

...കുന്നത്. ഒരു രാജ്യത്തിൽ കൃഷി കുറവായിരുന്നാൽ അവി...ത്ത വ്യാപാരത്തിൻെറ ശക്തി കുറഞ്ഞിരിക്കും. പൂർവ്വീക...ർ കൃഷി ഏററവും പ്രധാനമായിട്ടാണ് ഗണിച്ചു വന്നിരുന്ന... അക്കാലത്തു ധാന്യങ്ങളുടേയും കായ്കറിപദാർത്ഥങ്ങളുടേ...ം വിലയും വളരെ ലഘുവായിരുന്നു.

കൃഷികാര്യത്തിൽ ചില പഠിപ്പും പരിചയവും ആവ...മാകുന്നു. അതായത് ഇന്നകാലത്തു നിലം ഉഴുക അല്ലെ...ൽ കിളയ്ക്കുക, ഇന്നപ്പോൾ വിതയ്ക്കുക, നിലത്തിൻെറ തര...ത്തിനനുസരിച്ചു വിത്തുകൾ വിതയ്ക്കുക, വളം ചേർക്കേണ്ടുന്ന...മയങ്ങളിൽ ചേർക്കുക, അത് ഇന്നത് ഇത്രമാത്രം ചേർക്കുക, ...ള്ളം നിർത്തേണ്ടുന്നകാലത്തു നിർത്തുക, കളയേണ്ടിവരുമ്പോൾ ...ളയുക മുതലായി പല സംഗതികളും കൃഷകന്മാർ ധരിച്ചിരി...ക്കേണ്ടതുണ്ട്. നട്ടുനനകൃഷികളുടെ സമ്പ്രദായത്തിലും ഇതിൽ ...ശേഷാൽ ഭേദഗതിയൊന്നുമില്ല.

കച്ചവടത്തെ സ്വദേശീയമെന്നും പരദേശീയമെന്നും ര...ായി വിഭാഗിക്കേണ്ടിയിരിക്കുന്നു. ഒരു രാജ്യത്തു കൃഷിചെയ്തു...ാകുന്ന സാധനങ്ങളെ അവിടെതന്നെ വ്യാപരിക്കുന്നതിനാ

ണ് സ്വദേശീയ വ്യാപാരമെന്നു പറയുന്നത്. അവിടെ മററു കൈത്തൊഴിലുകൊണ്ടുണ്ടാകുന്ന സാധനങ്ങളെ അവിടെത്തന്നെ വിററഴിക്കുന്നതായാൽ അതിന്നും ഈ പേർ തന്നെയാണ് പറഞ്ഞുവരുന്നത്. ഒരു രാജ്യത്തുണ്ടാകുന്ന സാധനങ്ങളെ അന്യനാട്ടുകളിൽ കൊണ്ടുപോയി വില്ക്കുകയും ആ ദിക്കുകളിൽ ആദായത്തിൽ സുലഭമായി കിട്ടുന്നതും ഇവിടെ കിട്ടാത്തതുമായ പദാൎത്ഥങ്ങളെ ഇവിടെ കൊണ്ടുവന്നുവില്ക്കുകയും ചെയ്യുന്നതിന്നു പരദേശീയവ്യാപാരമെന്നു പറയപ്പെടുന്നു. വ്യാപാരികൾ ഇത്തരം വ്യാപാരങ്ങളെ കടൽവഴിക്കും കരവഴിക്കും വാഹനങ്ങളിൽ നടത്തിവരുന്നു. ഇതിന്നാണ് കയററുമതി, ഇറക്കുമതി എന്നു പറഞ്ഞുവരുന്നത്. വിദേശീയവ്യാപാരത്താൽ അന്യോന്യം സൌഹാൎദ്ദത, ഐകമത്യം എന്നിത്യാദികൾ ഉണ്ടാകാൻ സംഗതിവരുന്നതുകൂടാതെ അങ്ങുമിങ്ങും പരിഷ്കാരങ്ങൾ കണ്ടുപഠിക്കാനും കഴിയുന്നതാണ്. എന്നുമാത്രമല്ല, വിദേശീയവ്യാപാരത്താൽ അധികലാഭവും കിട്ടുന്നതുമാകുന്നു.

വ്യാപാരം ചെയ്വാൻ ആരംഭിക്കുന്നവർ ആദ്യമായി അതിന് അധികം പണം ചിലവാക്കരുത്. തുടങ്ങുമ്പോൾത്തന്നെ വിദേശീയവ്യാപാരത്തിന്നു ഒരുങ്ങരുത്. ആദ്യം ചെറുതായി തുടങ്ങി വ്യാപാരമൎമ്മവും നയവും കണക്കും മററും നല്ലപോലെ ഗ്രഹിച്ചതിന്നുശേഷമേ വലിയ കച്ചവടത്തിന്നും മററും ഉദ്യുക്തനാകാവൂ.

കച്ചവടം ഒരു രാജ്യത്തെ അതിന്റെ പൂൎവ്വനിലയിൽനിന്നു തടിപ്പിക്കുന്നതിന്നും, ജനങ്ങളുടെ ക്ഷേമത്തെ നിലനിൎത്തുന്നതിന്നും നല്ല ഒരു തൊഴിലാകുന്നു. എന്നാൽ വ്യാപാരമൎയ്യാദയേയും കേവലം സത്യത്തേയും നിരാകരിച്ച് അതിലാഭത്തെ മാത്രം ഇച്ഛിക്കുന്ന കച്ചവടംകൊണ്ടു മേലാൽ വൎദ്ധനയ്ക്കു പക

രം അനൎത്ഥമാണുണ്ടാകുന്നത്. കച്ചവടംകൊണ്ടു പലരും കുബേരസദൃശന്മാരായിട്ടുണ്ട്. ആംഗ്ലേയൎക്ക് ഇന്ത്യാരാജ്യം കൈവശമായിട്ടുള്ളതുതന്നെ വ്യാപാരം വഴിയായിട്ടാണെന്നുള്ളത് ഒരു നല്ല ദൃഷ്ടാന്തമാണല്ലൊ.

കൈത്തൊഴിലും കൃഷിയെപ്പോലെതന്നെ ഒട്ടും അപ്രധാനമല്ലാത്തവിധത്തിൽ വ്യാപാരത്തിനു സഹായിക്കുന്ന ഒന്നാകുന്നു. ഒരു രാജ്യത്തിൽ പലതരം കൈത്തൊഴിൽക്കാരുണ്ടായിരിക്കും. അവർ ആ രാജ്യത്തിൽ അവിടവിടെ പരിഛിന്നമായിട്ടായിരിക്കാം വസിക്കുന്നത്. എന്നുമാത്രമല്ല, അവൎക്ക് അറിയുന്ന തൊഴിലുകളെ ചെയ്യുവാൻ പണം ആവശ്യമുണ്ടായേക്കാം. ദരിദ്രൎക്ക് ഉപജീവനമാൎഗ്ഗംതന്നെ ഇല്ലാതിരിക്കേ മററു വല്ലതിനും അവർ പണം ചിലവിടുന്നതെങ്ങിനെ? അതുകൊണ്ട് അവരെല്ലാവരേയും ഒന്നിച്ചു കൂട്ടിപ്പിടിച്ച് അവൎക്കു പരിചയമുള്ള തൊഴിലുകളെ ഏൎപ്പെടുത്തിക്കുന്നതായാൽ ഇതിനായി ആർ പണം മുടക്കിയോ ആ ആൾക്കു ലാഭമുണ്ടാകുന്നതും, തൊഴിലാളികൾക്ക് ഉപജീവനത്തിനു വഴിയാകുന്നതും, തന്നിമിത്തം ആ രാജ്യത്തിൽ ക്ഷേമം ഉണ്ടാകുന്നതുമാകുന്നു. ഇക്കാൎയ്യാൎത്ഥം പരിശ്രമിക്കേണ്ടതു നാട്ടുകാരിൽ ധനികരും ആ രാജ്യത്തെ ഗവൎമ്മേണ്ടുമാകുന്നു. കയററുമതി വൎദ്ധിക്കുവാൻ ഈ ഏൎപ്പാടു നല്ലൊരു കാൎയ്യമാണ്. അതിൻെറ വൎദ്ധനകൊണ്ടു വ്യാപാരവും അധികരിക്കും. ഒരു രാജ്യത്ത് ഐകമത്യം ഉണ്ടാകുന്നതിനും ഇത് ഒരു നല്ല മാൎഗ്ഗമാകുന്നു. ജൎമ്മനി, അമേരിക്ക, ജാപ്പാൻ, ചൈന മുതലായ രാജ്യങ്ങളിൽ കൈത്തൊഴിൽക്കാരും കൈത്തൊഴിലുകളും അധികമുള്ളതിനാലാണ് ആ രാജ്യങ്ങളിൽ കോടീശ്വരന്മാർ ധാരാളം ഉള്ളതായി കാണുന്നത്. അതിനാൽ എല്ലാവരും യഥാശക്തി അവരവരുടെ രാജ്യങ്ങളിൽ നടന്നുവരുന്നതും പുതുതായി ഏൎപ്പെടുത്തിയാൽ ജയപ്രദമാകുമെന്നു തോന്നുന്നതുമായ കൈത്തൊഴിലുകളെ ഏൎപ്പെടുത്തി ഉപൎയ്യുപരി വൎദ്ധിപ്പിക്കണം. എന്നുമാത്രമല്ല, കച്ചവടവും കൃഷിയും പോഷിപ്പിക്കുന്നതിനു നിരന്തരപരിശ്രമം ചെയ്യേണ്ടതുമാകുന്നു.

## അദ്ധ്യായം ൨൯

### മാതൃഭൂമിസ്നേഹം.

"ദേഹംനശിക്കിലുമനശ്വരകീർത്തിയാകും-
ദേഹത്തെയിങ്ങുകനകപ്രതിമയ്ക്കുതുല്യം
ആഹന്ത; നിത്തിയതിവിശ്രുതമാതൃഭൂമീ-
സ്നേഹം, സനാതനപദം നരനേകിടുന്നു"

മാതൃഭൂമിസ്നേഹമെന്നതു മാതാവായ ഭൂമിയോടുള്ള സ്നേഹമാകുന്നു. അതായത്, ഒരുത്തന് അവൻ ഉത്ഭവിച്ച രാജ്യത്തോടുള്ള ആന്തരമായ പ്രതിപത്തിയാകുന്നു. ഒരു സ്ത്രീയിൽനിന്നു ജനിച്ച സന്താനങ്ങൾക്ക് അവളിൽ ഹൃദയംഗമമായ പ്രീതിയുണ്ടാകാതെ വരുമോ? അതുപോലെ മനുഷ്യർക്ക് അവർ പിറന്നുവളൎന്ന ഭൂമിയെ സംബന്ധിച്ചു സ്നേഹമുണ്ടാകാതിരിക്കയില്ല. എന്നാൽ കലികാലധൎമ്മത്തെപ്പറ്റി സരസകവി കുഞ്ചൻനമ്പ്യാർ "ജനകൻ തനയനെ വെട്ടിക്കൊല്ലും തനയൻ ജനകനെ വധവും ചെയ്യും" എന്നു വൎണ്ണിച്ചിട്ടുള്ളതു നോക്കുന്നതായാൽ ഈ യുഗത്തിൽ പിതാക്കന്മാരിൽ സ്നേഹമോ ഭക്തിയോ ഇല്ലാത്തവരും ഉണ്ടായിയെന്നുവരാം. അപ്രകാരംതന്നെ ജന്മഭൂമിസ്നേഹമില്ലാത്തവരുമുണ്ടാകാം. എന്നാൽ ഇക്കാൎയ്യത്തിൽ ഭൂരിപക്ഷസ്ഥിതിയേ ആലോചിക്കേണ്ടതുള്ളു. 'പലജനം പലവിധം' എന്നും, നല്ലതില്ലാതെ ചീത്തയും ചീത്തയില്ലാതെ നല്ലതും ഇല്ലെന്നുപറയുന്നതും വാസ്തവമാണല്ലൊ. ആ സ്ഥിതിക്കു മാതാവിനേയോ മാതൃഭൂമിയേയോ പ്രീതിയില്ലാതെ അപൂൎവ്വം ചിലർ ഭൂമിയിൽ ഉണ്ടാകാവുന്നതാണ്. അവർ മഹാപാപികളാകുന്നു. അവരെ ആരും പ്രശംസിക്കുകയും ഇഷ്ടപ്പെടുകയുമില്ല.

രാജ്യാന്തരവൎത്തികൾക്കു ഗൎഹണീയവും, നാഗരികത്വം കുറഞ്ഞതുമായ ദേശംതന്നെ ജന്മഭൂമിയായിട്ടുള്ളവനും അതിനോടു (തന്റെ ജന്മഭൂമിയോടു) സവിശേഷമായ ഒരു പ്രതിപത്തി ഇല്ലാതെ വരുന്നതല്ല. പക്ഷെ താൻ ഒരു സ്വദേശസ്നേഹി

യാണെന്നു വാക്കാൽ പ്രകടിപ്പിച്ചാൽ പോരാ, സ്വജന്മഭൂമിയു
ടെ ഉൽക്കഷത്തിനും യശസ്സിനും അഭിവൃദ്ധിക്കുമായി ഉള്ളിൽ
കൊണ്ടു നിരന്തരം പരിശ്രമിക്കുകയും മറ്റുള്ളവരെ പ്രോത്സാ
ഹിപ്പിക്കുയുമാണ് ഒരു സ്വദേശസ്നേഹി ചെയ്യേണ്ടത്.

മാതൃഭൂമിയോടുള്ള മമത മൂലം ആരും അന്യരാജ്യത്തിനും
രാജ്യവാസികൾക്കും യാതൊരു ശല്യവും ചെയ്തുപോകരുത്. അ
യൽ രാജ്യക്കാരുടെ സഹായം നമുക്ക് എപ്പോഴും വേണ്ടിവരും.
വ്യാപാരസംബന്ധമായ കാര്യങ്ങളിൽ നമുക്ക് ഇതരരാജ്യവാ
സികളോടു സഹവസിക്കേണ്ടിവരുന്നതുകൂടാതെ അവരോടുള്ള
ഐകമത്യവും നമുക്കാവശ്യമാണ്. അയൽ രാജ്യക്കാരോടു ര
സമില്ലാതെ പുറപ്പെട്ടാൽ എപ്പോഴെങ്കിലുമൊരിക്കൽ നമ്മുടെ
രാജ്യത്തിന്നും രാജ്യക്കാക്കും വിപത്തിനിടവരാതിരിക്കയില്ല. അ
ന്യായകർമ്മങ്ങളെക്കൊണ്ട് ഒരുപക്ഷെ തൽക്കാലം വല്ല ഗുണ
വുമുണ്ടായാൽതന്നേയും അതു പിന്നീടു ദോഷത്തെ ചെയ്യുമെ
ന്നു സ്മരിക്കേണ്ടതാകുന്നു.

ആത്മസ്നേഹമില്ലാത്തവർ ലോകത്തിലുണ്ടാകയില്ലല്ലൊ.
എന്നാൽ ഇതിൻെറ ആധിക്യംനിമിത്തം സ്വാത്മപ്രതിപത്തി
യാകുന്ന ദുർദ്ദേവത ബാധിക്കാത്തവർ വളരെ ചുരുക്കമേയുണ്ടാ
കയുള്ളു. ഇങ്ങിനെയുള്ളവരെയാണല്ലൊ മൂഢർ എന്നു പറ
യേണ്ടത്. അവനവൻ അവനവനെ സ്നേഹിക്കുന്നതുപോലെ
അന്യരേയും സ്നേഹിച്ചില്ലെങ്കിൽ അവൻ ഈശ്വരശിക്ഷയ്ക്കു പാ
ത്രമായിത്തീരും. അവൻെറ സമീഹിതമെല്ലാം നിഷ്ഫലവുമാകുന്നു.

"ഈശ്വരാനുഗ്രഹമില്ലാതവനഹോ
നശ്വരമായ്വരും നിശ്ശേഷയത്നവും".— എന്ന പ്രമാ
ണത്തെ ഹൃദയത്തിൽ നിക്ഷേപിച്ചു കർമ്മങ്ങൾ ചെയ്യുന്നവനേ
ധന്യനാകയുള്ളു.

'എൻെറ എന്നും' 'നിൻെറ എന്നും' ഉള്ള ഭേദബുദ്ധി തോ
ന്നാതെ സ്വരാജ്യക്കാക്ക് ഉണ്ടാകാവുന്ന ശുഭ്രയശസ്സിന്നും ദുര്യശ
സ്സാം തമസ്സിന്നും മറ്റുള്ളവരും പാത്രങ്ങളായിരിക്കുമെന്നുള്ള
പരമാത്ഥതത്വത്തെ ഗ്രഹിച്ചു മനസ്സാക്ഷിയെ ഈ വിഷയ

ത്തിൽ പുരസ്കരിച്ചുകൊണ്ടു പരഗുണോൽക്കർഷത്തിനായി പ്രവൃത്തിപ്പാൻ മനസ്സിനെ പ്രേരിപ്പിക്കുന്നവരാണ് യഥാൎത്ഥമായ ജന്മഭൂമിസ്നേഹമുള്ളവർ. ഓരോരൊ ദിക്കുകളിൽനിന്ന് അനവധി യുവാക്കന്മാർ ഉയൎന്നതരം പല പരീക്ഷകളിലും വിജയികളായി വരുന്നുണ്ടല്ലൊ. എന്നാൽ അവർ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്ത് അവരുടെ വീട്ടുകാൎക്കും ബന്ധുമിത്രങ്ങൾക്കും അയൽവാസികൾക്കും നാട്ടുകാൎക്കും അവരെപ്പററിയുണ്ടാകുന്ന വിചാരം എന്തായിരിക്കും? പഠിക്കുന്ന കുട്ടികൾ വിജയം പ്രാപിച്ചതിനുശേഷം വലിയ ഉദ്യോഗസ്ഥന്മാരൊ വക്കീലന്മാരൊ ആയാൽ വീട്ടുകാരെ സംരക്ഷിക്കാതേയും ന്യായമായ കാൎയ്യങ്ങളിൽ നാട്ടുകാരേയും ബന്ധുമിത്രാദികളേയും സഹായിക്കാതേയും, സ്വരാജ്യത്തിന്റെ ഉന്നതിക്കും പരിഷ്കാരത്തിനുമായി പ്രയത്നിക്കാതേയും, തദ്വിഷയത്തിൽ മററുള്ളവരെ പ്രേരിപ്പിക്കാതേയും ആത്മകാൎയ്യങ്ങളിൽമാത്രം നിരതന്മാരും അഭിമാനികളുമായി വരുന്നതല്ലേ അത്യത്ഭുതമായിട്ടുള്ളത്. ഇവരെ എങ്ങിനെയാണ് സ്വദേശസ്നേഹികളെന്നു പറയുന്നത്? ഇവരല്ലെ കൃതഘ്നന്മാർ, ചോറ്റുമറന്നവർ? അന്തോളമേറിനടക്കുന്നവനെ അതു വഹിക്കാറാക്കുന്നതും അതു ചുമക്കുന്നവരെ അതിൽ കയറി സസുഖം സഞ്ചരിപ്പാൻ പ്രാപ്തരാക്കുന്നതും ഈശ്വരനാണെന്നും, ദശാപരിണാമമെന്നൊരവസ്ഥ എല്ലാവൎക്കുമുണ്ടെന്നും ഈ കൂട്ടർ വിസ്മരിച്ചു പ്രവൃത്തിച്ചുപോകുന്നത് അഹങ്കാരം മൂലമാകുന്നു. എന്നാൽ അഹംഭാവം അനൎത്ഥമാണെന്ന് ഓൎത്തു കൎമ്മങ്ങളെ ചെയ്യുന്നവൎക്കു ഭ്രഷ്ടിക്കും പാപത്തിനും അവകാശമുണ്ടാകുന്നതല്ല.

ജന്മഭൂമിസ്നേഹത്താൽ ഐകമത്യമുണ്ടാകുന്നതാണ്. അത് എന്തുകൊണ്ടെന്നാൽ ഒരു ജന്മഭൂമിസ്നേഹി സ്വരാജ്യത്തിൽ ചെയ്യുന്ന പ്രവൃത്തികളെല്ലാം ആ നാടിന്നും നാട്ടുകാൎക്കും ഗുണത്തിനുള്ളവയായിരിക്കും. അതിനാൽ ആയാളുടെ അഭിമതത്തോടുകൂടി മററുള്ളവർ യോജിച്ചു പ്രവൃത്തിക്കും. ഇതുമൂലം അവൎക്ക് ആയാളിൽ സ്നേഹവും ബഹുമാനവും വൎദ്ധിച്ചുവരും.

"വലിയവൻെറ മാനം എളിയവൻെറ എളിയിൽ", എന്നാണല്ലോ പഴയോർ പറഞ്ഞിട്ടുള്ളത്.

മനുഷ്യരുടെ മനസ്സു യഥാൎത്ഥമായ മാതൃഭൂമിസ്നേഹത്തിൽ എത്തിയാൽപിന്നെ ക്രമേണ അവൎക്കു സമചിത്തത ഉണ്ടാവാൻ പരിശീലിച്ചു തന്നിമിത്തം ജന്മസാഫല്യത്തിനും സംഗതി വരുത്താം. അതിനാൽ മനുഷ്യരെല്ലാം "കാലക്കേടു കാലനുമകപ്പെട്ടും", എന്നും ദ്രുപദൻ സതീൎത്ഥ്യനായിരുന്ന ദ്രോണരോടു ചെയ്തതുപോലെ ദുരഭിമാനികളായി പ്രവൃത്തിക്കുന്നത് ആപൽക്കരമാണെന്നും, അങ്ങിനെയുള്ള സംവിധാനങ്ങളാൽ മാതൃഭൂമിസ്നേഹത്തിനു മാലിന്യം ഭവിക്കുമെന്നും ഓൎക്കേണ്ടതാകുന്നു.

---

# അദ്ധ്യായം ൨൦.

## മനുഷ്യജന്മോദ്ദേശ്യം.

'ഭൂലോകത്തിലെഴുന്നഭൂതനിവഹ-
ത്തെസ്സന്തതംപ്രീതിയോ-
ടാലോക്യാത്മവദീശ്വരൻെറനിയമം
തെററാതെചെയ്തുംമുദാ
മാലേശാതെചിദാത്മബോധമമലം
കൈക്കൊണ്ടുപൊൽക്കൊണ്ടഹോ
കാലംപോക്കുകിലായിജന്മഫലവും
മൎത്ത്യൎക്കുകൈവല്യവും'.

പുരുഷാൎത്ഥങ്ങളെ സാധിക്കുന്നതാണ് മനുഷ്യജന്മത്തിൻെറ ഉദ്ദേശ്യം. അവയിൽ ഒടുവിലത്തെ ഒഴികെ മററു മൂന്നിനും നാശമുണ്ട്. നാലാമത്തെ പുരുഷാൎത്ഥം ഒരുവനു സാധിപ്പാൻ സംഗതിവന്നാൽ പിന്നെ ആയാൾക്ക് അധഃപതനത്തിന് അവകാശമില്ലെന്നല്ല, ജനനമരണങ്ങളുണ്ടാകയുമില്ല.

എന്നാൽ തിൎയ്യഗ്യോനികൾക്കും അചേതനങ്ങൾക്കും കരുണാലയനായ ഈശ്വരൻ ഓരോ ശക്തിയെ കല്പിച്ചുകൊടുത്തി

ട്ടുണ്ടെങ്കിലും, അദ്ദേഹം മനുഷ്യൎക്കു നല്കീട്ടുള്ള വിശേഷബുദ്ധിയാകുന്ന ആ മഹാശക്തി വേറെ ഒരു സൃഷ്ടിക്കും പ്രദാനം ചെയ്തിട്ടില്ല. നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്ന നിരവധി സ്ഥാവരജംഗമങ്ങളാം ഇന്നും ലോകത്തിലുണ്ടല്ലോ. അതിൽ പക്ഷിമൃഗാദികളും തരുലതാദികളും ദിനംപ്രതി വളരുന്നതുമില്ലേ? ഇവയ്ക്കെല്ലാം പരസ്പരവിരുദ്ധങ്ങളായ അനവധി ഗുണങ്ങളും പ്രകൃതവിശേഷങ്ങളുമുണ്ട്. പക്ഷെ ഇവയ്ക്കുള്ള സൎവ്വസാധാരണമായ ഒരു ഉൽകൃഷ്ടഗുണം ഉൽക്കർഷേച്ഛയാകുന്നു. എങ്കിലും അത് ഒരോന്നിനും ഓരോ തരത്തിലാണ് കണ്ടുവരുന്നത്.

മനുഷ്യർ നിസ്സാരങ്ങളായി ഗണിക്കുന്ന തൃണങ്ങളും നിദാനം മേല്പോട്ടു വളരുകയും അവയുടെ അതാതു കാലങ്ങളിലെ ചൈതന്യശക്തിയെ പ്രദൎശിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഇതു നമുക്കു പ്രകൃതിമാഹാത്മ്യപാഠങ്ങളിൽ ഒന്നായിരിക്കുന്നു. വിശേഷബുദ്ധിയുള്ള മനുഷ്യർ ഈദൃശങ്ങളായ വിഷയങ്ങളിൽ മനസ്സുവെച്ചാലോചിച്ചാൽ, ഇതിലും ഉയൎന്നതരം കാൎയ്യങ്ങളെപ്പററി ചിന്തിച്ച് അവയിൽ ഓരോന്നിന്റേയും മൎമ്മം കണ്ടറിയുവാൻ കഴിയുന്നതാണ്. "ശ്രദ്ധാമയോയംപുരുഷഃയോയച്ഛ്രദ്ധഃ സഏവസഃ" ഈ പ്രമാണാനുസരണം ആഗ്രഹത്തിന്റേയും ഉത്സാഹത്തിന്റേയും സാധകവും കേന്ദ്രവുമായി നില്ക്കുന്നതു ശ്രദ്ധയാണെന്നു നിരാക്ഷേപമാകുന്നു. ഭൂമിയിലുള്ള സകലരുടേയും ആഗ്രഹം പുരുഷാൎത്ഥങ്ങളിൽ ഏതെങ്കിലും ഒന്നിനെ സംബന്ധിച്ചല്ലാതെ വരുന്നതല്ല. എന്നാൽ മിക്കമനുഷ്യരുടേയും മനസ്സു പുരുഷാൎത്ഥങ്ങളിൽ ഒന്നിലും നാലിലും പ്രവേശിക്കുക സുഗ്രഹമായിട്ടു കാണുന്നില്ല. പുരുഷാൎത്ഥങ്ങളെ അപേക്ഷിച്ചുള്ള ജ്ഞാനസമ്പാദനത്തിനു ലോകാചാരപാഠംകൊണ്ടുതന്നെ മതിയാകുമെന്നുതോന്നുന്നില്ല. ശാസ്ത്രപുരാണേതിഹാസാദി സൽഗ്രന്ഥപാരായണത്താലെ ഇത് എളുപ്പത്തിൽ സാധിയ്ക്കയുള്ളു. ഇനി അറിയേണ്ടത് എല്ലാക്കാലത്തും എല്ലാ അവസ്ഥകളിലും ആത്മസുഖമുണ്ടാക്കുന്ന ഉദ്ദേശങ്ങളെ ആദ്യമായി ആരാഞ്ഞറിയേണമെന്നുള്ളതാണ്. എന്നാൽ അവ നമ്മുടെ മനോവാക്കായകൎമ്മങ്ങളിൽ ശുദ്ധിയും സത്യവുമുള്ളവ ആയിരുന്നില്ലെങ്കിൽ അവയിൽ ഒന്നുംതന്നെ പ്രശോഭിക്കുകയോ ഫലപ്രദമാകുക

യോ ചെയ്കയില്ല. മനുഷ്യരുടെ കൎമ്മങ്ങളെല്ലാം ഈശ്വരകാരു ണ്യമുണ്ടാകുവാൻ തക്കവണ്ണം അൎഹങ്ങളായിരിക്കണം. നിൎഭയ വും ശാന്തവുമായ സുഖമരണം മനുഷ്യൎക്ക സംഭവിക്കേണമെങ്കിൽ ദൈവപ്രീതി കാലെ സമ്പാദിച്ചിരിക്കണം. ഇതാണ് ഏററ വും ശോഭാവഹവും ഫലദവുമായ ആദൎശം. മനുഷ്യർ സുഖമാ യിരിക്കുന്ന കാലത്തു ചെയ്യുന്ന പ്രവൃത്തികൾ അന്തഃകരണത്തി ന്ന ഹിതമായിട്ടുള്ളവയായിരിക്കണം. മനസ്സാക്ഷി ആരോടും ദുൎമ്മാൎഗ്ഗങ്ങളിൽ പ്രവേശിപ്പാൻ ഉപദേശിക്കുന്നില്ല. മനസ്സാ ക്ഷി വാസ്തവത്തിൽ ദൈവമാകുന്നു. അതിനാൽ അന്തഃകര ണത്തിന്ന് അപത്ഥ്യമായ യാതൊരു പ്രവൃത്തികളും ആരും ചെയ്യരുത്. സംഭാഷണത്തിലും ഈ സംഗതി ഓൎമ്മവെക്കേ ണ്ടതാകുന്നു.

നിത്യവും മനുഷ്യർ വിചാരിക്കുന്നതും, പറയുന്നതും, ചെ യ്യുന്നതുമായ വിഷയങ്ങളെക്കുറിച്ചു ഗാഢമായി ചിന്തിച്ച് അ വയുടെ ഗുണാഗുണങ്ങളെ വിവേചിച്ചറിഞ്ഞു നല്ല കാൎയ്യങ്ങളെ മാത്രമേ ചെയ്യാവൂ. മനുഷ്യജീവിതത്തിന്റെ പ്രധാനമായ ഉ ദ്ദേശംതന്നെ ഈശ്വരസൃഷ്ടങ്ങളായ യാതൊരു ജീവിയേയും ഉ പദ്രവിക്കാതേയും, സമസൃഷ്ടങ്ങൾക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തും ദൈവപ്രീതിവരുത്തി വാഴുകയാകുന്നു.

'ദുൎല്ലഭംത്രയമേവൈതദ്ദൈവാനുഗ്രഹഹേതുകം
മനുഷ്യത്വം മുമുക്ഷുത്വം മഹാപുരുഷസംശ്രയഃ', എന്നാ ണല്ലോ പ്രമാണം.

കരുണാനിധിയായ ഈശ്വരന്റെ സൃഷ്ടിജാലങ്ങളിൽവെ ച്ച് ഉത്തമത്വം മനുഷ്യസൃഷ്ടിക്കാണെന്നു മുമ്പൊരിടത്തു പ്രസ്താ വിച്ചിട്ടുണ്ടല്ലൊ. അനേകം പുണ്യക്രിയകൾ അതീതജന്മങ്ങ ളിൽ ചെയ്തിരുന്നാലേ ഇഹത്തിൽ വിശിഷ്ടമായ മൎത്ത്യജന്മം സി ദ്ധിക്കയുള്ളു. ഇങ്ങിനെ ലഭിച്ച ഈ ജന്മത്തിന്റെ ഉദ്ദേശം മ നുഷ്യകീടങ്ങൾ അറിയാതെ ഓരോ നീചകൎമ്മങ്ങളെ ചെയ്യുന്ന തു കഷ്ടമല്ലേ? അവരല്ലേ പാപികൾ? എന്നാൽ ജന്മസാഫ

ല്യത്തിനാണ് മനുഷ്യർ അശ്രാന്തപരിശ്രമം ചെയ്യേണ്ടത്. പ്രകൃതത്തെ അനുസരിച്ച് ഒരു പ്രാചീനകവി,

"ജന്തൂനാംനരജന്മദുൎല്ലഭമതഃ
പുംസ്ത്വംതതോവിപ്രതാ
തസ്മാദ്വൈദികധൎമ്മമാൎഗ്ഗപരതാ
വിദ്വത്ത്വമസ്മാൽപരം !
ആത്മാനാത്മവിവേചനംസ്വനുഭവോ
ബ്രഹ്മാത്മനാസംസ്ഥിതി-
ൎമ്മുക്തിൎന്നോശതജന്മകോടിസുകൃതൈഃ
പുണ്യൈൎവ്വിനാലഭ്യതേ."

എന്നിങ്ങിനെ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാൽ എല്ലാവരും പൌരാണികവചനം ആദരണീയമാണെന്ന് ഓൎത്ത്, മനുഷ്യജന്മോദ്ദേശ്യമെന്താണെന്ന് അറിഞ്ഞ്, ജന്മസാഫല്യം വരുത്തുവാൻ അവശ്യം ആവശ്യമുള്ള സൽകൃത്യങ്ങളെ ചെയ്തു സാധിക്കുവാൻ ശ്രമിക്കണമെന്ന് അനവരതം സ്മരിക്കുന്നതിന് ആദരപൂൎവ്വം ഉപദേശിച്ചുകൊള്ളുന്നു.

സമാപ്തം.